# കർമാനുഷ്ഠാന പൂജകൾ

ആഗമനകാലത്തെയും തപസ്സുകാലത്തെയും പെസഹാക്കാലത്തെയും ഞായറാഴ്ചകളിലും മഹോത്സവങ്ങളിലും പെസഹാനുഷ്ഠാന ദിനങ്ങളിലും സകലമരിച്ചവിശ്വാസികളുടെ സ്മരണയിലും വിഭൂതിബുധനാഴ്ചയിലും വിശുദ്ധവാരത്തിലും കർമാനുഷ്ഠാനപൂജകൾ നിരോധിച്ചിരിക്കുന്നു. കർമ്മാനുഷ്ഠാനപുസ്തകങ്ങളിലും ദിവ്യപൂജകളിൽത്തന്നെയും കൊടുത്തിരിക്കുന്ന നിയമങ്ങൾ പാലിക്കേണ്ടതാണ്.

# I. ക്രൈസ്തവ പ്രാരംഭകൂദാശകളുടെ പരികർമം ചെയ്യൽ

പുരുഷന്മാർക്കു കൊടുത്തിരിക്കുന്ന പ്രാർഥനകളെല്ലാം ആവശ്യമായ മാറ്റങ്ങളോടുകൂടെ സ്ത്രീകൾക്കും ബഹുവചനത്തിലുള്ളവ മാറ്റങ്ങളോടെ ഏകവചനത്തിലും ഉപയോഗിക്കാവുന്നതാണ്.

## 1. തിരഞ്ഞെടുപ്പ് അഥവാ പേരുകൾ രേഖപ്പെടുത്തൽ

പെസഹാജാഗരത്തിൽ, ക്രൈസ്തവ പ്രാരംഭ കൂദാശകൾക്കായി പ്രവേശനം ലഭിച്ചവർക്കുവേണ്ടിയുള്ള തിരഞ്ഞെടുപ്പ് അഥവാ പേരുകൾ രേഖപ്പെടുത്തൽ. ഇതിന്റെ കർമം തപസ്സുകാലത്തെ ഒന്നാമത്തെ ഞായറാഴ്ചയിലെ ദിവ്യപൂജാമധ്യേ നടത്തപ്പെടുന്നു (pp). അജപാലനകാരണങ്ങളാൽ, ഈ ഞായറാഴ്ചയല്ലാതെ തിരുകർമദിവസങ്ങളുടെ പട്ടികയിൽ ഒന്നുമുതൽ നാലുവരെയുള്ള നമ്പറുകളിൽ കൊടുത്തിരിക്കുന്ന ദിവസങ്ങളൊഴികെ, മറ്റു ദിവസങ്ങളിൽ ഇതു നടത്തപ്പെടുകയാണെങ്കിൽ ധൂമ്രനിറത്തോടുകൂടെ ദിവ്യപൂജ നടത്താവുന്നതാണ്. തപസ്സുകാലം, നാലാമത്തെ വെള്ളിയാഴ്ചയിലെ ദിവ്യപൂജയിലും ഇതു നടത്താവുന്നതാണ് (pp).

### പ്രവേശകപ്രഭണിതം — Cf. സങ്കീ 104,3-4

കർത്താവിനെ അന്വേഷിക്കുന്നവരുടെ ഹൃദയം ആഹ്ലാദിക്കട്ടെ; കർത്താവിനെ അന്വേഷിക്കുകയും ശക്തിപ്പെടുകയും ചെയ്യുവിൻ, നിരന്തരം അവിടത്തെ മുഖം തേടുവിൻ.

### സമിതിപ്രാർഥന

മനുഷ്യരുടെ രക്ഷയ്ക്കായി എപ്പോഴും പ്രവർത്തിക്കുന്ന ദൈവമേ, ഇപ്പോഴും അങ്ങേ ജനത്തെ കൃപാസമൃദ്ധിയാൽ അങ്ങ് ആനന്ദിപ്പിക്കുന്നുവല്ലോ. അങ്ങേ തിരഞ്ഞെടുക്കപ്പെട്ടവരെ കാരുണ്യപൂർവം കടാക്ഷിക്കണമേ. അങ്ങനെ, അനുകമ്പയാർന്ന സംരക്ഷണത്തിന്റെ സഹായം നവജാതരാകേണ്ടവരെയും നവജാതരെയും കാത്തുരക്ഷിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

സർവശക്തനും നിത്യനുമായ ദൈവമേ, ജ്ഞാനസ്നാനകൂദാശയാൽ, അങ്ങേ നാമത്തിന്റെ പ്രഖ്യാപനത്തിൽ, ഞങ്ങളെ നിത്യജീവനിലേക്ക് അങ്ങ് നവീകരിക്കുന്നുവല്ലോ. അങ്ങേ ദാസരുടെ കാണിക്കകളും പ്രാർഥനകളും സ്വീകരിക്കണമേ. അങ്ങനെ, അങ്ങിൽ പ്രത്യാശയർപ്പിക്കുന്നവരുടെ അഭിലാഷങ്ങൾ നിറവേറ്റാനും പാപങ്ങൾ തുടച്ചുനീക്കാനും അങ്ങ് കല്പിക്കേണമേ. കർത്താവായ...

അതതുകാലത്തിന്റെ ആമുഖഗീതി ചൊല്ലുന്നു.

## ദിവ്യഭോജനപ്രഭണിതം എഫേ. 1, 7

ക്രിസ്തുവിൽ, അവിടുത്തെ കൃപയുടെ സമൃദ്ധിക്കൊത്ത്, നമുക്ക് പാപമോചനവും അവിടത്തെ രക്തംവഴി പരിത്രാണവും കൈവന്നിരിക്കുന്നു.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, ഞങ്ങൾ സ്വീകരിച്ച കൂദാശയാൽ ഞങ്ങളെ ശുദ്ധീകരിക്കാനും അങ്ങേ ദാസരെ എല്ലാ പാപങ്ങളിലുംനിന്നു മോചിതരാക്കാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, കുറ്റബോധംനിമിത്തം ഞെരുങ്ങുന്നവർ സ്വർഗീയഔഷധത്തിന്റെ സമ്പൂർണതയാൽ മഹത്ത്വീകൃതരാകുമാറാകട്ടെ. കർത്താവായ...

## 2. പരിശോധനകർമ്മം

ഉചിതമായ സമയത്ത്, അതായത് തപസ്സുകാലത്തെ മൂന്ന്, നാല്, അഞ്ച് എന്നീ നിശ്ചിത ഞായറാഴ്ചകളിൽ, പെസഹാജാഗരത്തിൽ, ക്രൈസ്തവ പ്രാരംഭകൂദാശകൾക്ക് പ്രവേശനംലഭിച്ച അർഥികളുടെ പരിശോധന, ഈ ദിവ്യപൂജകളിൽ ധൂമ്രനിറത്തോടുകൂടെ നടത്തപ്പെടുന്നു. എന്നാൽ, അജപാലനകാരണങ്ങളാൽ, ഈ ഞായറാഴ്ചകളിൽ നടത്താൻ കഴിയാതെ വന്നാൽ, തപസ്സുകാലത്തെ ഉചിതമായ മറ്റ് ഇടദിവസങ്ങളോ, പെസഹാജാഗരത്തിനു പുറമേ, ജ്ഞാനസ്നാനം നടത്തേണ്ടപ്പോൾ, മറ്റു കാലങ്ങളോ തിരഞ്ഞെടുക്കാവുന്നതാണ്. എന്നാലും, പരിശോധനകളുടെ ആദ്യ ദിവ്യപൂജയിൽ, സമരിയാക്കാരിയുടെ സുവിശേഷം എപ്പോഴും വായിക്കുന്നു; അതുപോലെ തപസ്സുകാലത്തെ മൂന്നാമത്തെയും, നാലാമത്തെയും അഞ്ചാമത്തെയും ഞായറാഴ്ചകളിൽ കൊടുത്തിരിക്കുന്നതനുസരിച്ച് രണ്ടാമത്തേതിൽ ജന്മനാ അന്ധനായവനെപ്പറ്റിയും മൂന്നാമത്തേതിൽ ലാസറിനെപ്പറ്റിയും വായിക്കുന്നു.

## A

## ഒന്നാമത്തെ പരിശോധന

**പ്രവേശകപ്രഭണിതം** **എസെ 36, 23-26**

കർത്താവ് അരുൾചെയ്യുന്നു: നിങ്ങളിൽ എന്റെ പരിശുദ്ധി വെളിപ്പെടുമ്പോൾ, ഭൂമി മുഴുവനിലുംനിന്ന് നിങ്ങളെ ഞാൻ ഒരുമിച്ചുകൂട്ടും; ഞാൻ നിങ്ങളുടെമേൽ ശുദ്ധജലം വർഷിക്കും, നിങ്ങളുടെ എല്ലാ മാലിന്യങ്ങളിലുംനിന്നു നിങ്ങൾ ശുദ്ധീകരിക്കപ്പെടും, നിങ്ങൾക്കു ഞാൻ ഒരു നവചൈതന്യം നല്കും.

അഥവാ **Cf. ഏശ 55, 1**

കർത്താവ് അരുൾ ചെയ്യുന്നു: ദാഹാർത്തരേ, ജലാശയത്തിലേക്ക് വരുവിൻ, നിർധനരേ വന്നു സന്തോഷത്തോടെ കുടിക്കുവിൻ.

**സമിതിപ്രാർഥന**

കർത്താവേ, ഞങ്ങളുടെ തിരഞ്ഞെടുക്കപ്പെട്ടവർക്ക്, യോഗ്യതയോടും ജ്ഞാനത്തോടുംകൂടെ അങ്ങേ സ്തുതികളേറ്റുചൊല്ലുവാൻ അനുഗ്രഹം നല്കണമേ. അങ്ങനെ, ഉദ്ഭവപാപത്താൽ അവർ നഷ്ടപ്പെടുത്തിയ ആദിമപദവിയിൽ, അങ്ങേ മഹത്ത്വംവഴി അവർ നവീകരിക്കപ്പെടുമാറാകട്ടെ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

ദൈവമേ, ഈ ദിവ്യരഹസ്യങ്ങൾ സ്വീകരിക്കാൻ, അങ്ങേ കാരുണ്യം അങ്ങേ ദാസരെ യഥായോഗ്യം ഒരുക്കുകയും ഭക്തിപൂർവകമായ ജീവിതശൈലിയാൽ ഈ രഹസ്യങ്ങളിലേക്ക് നയിക്കുകയും ചെയ്യട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

തപസ്സുകാലത്തെ മൂന്നാം ഞായറാഴ്ചയുടെ ആമുഖഗീതി ചൊല്ലുന്നു (p).

റോമൻ കാനൻ ഉപയോഗിക്കുമ്പോൾ, അനുസ്മരണ പ്രാർഥനയിൽ, ജ്ഞാന പിതാക്കൾക്കുവേണ്ടിയുള്ള അനുസ്മരണവും പ്രത്യേക ഉപാർപ്പണ പ്രാർഥനയും ചൊല്ലുന്നു.

കർത്താവേ, അങ്ങേ ജ്ഞാനസ്നാനത്തിന്റെ ദിവ്യകൃപ സ്വീകരിക്കാനായി അങ്ങ് തിരഞ്ഞെടുത്ത അങ്ങേ ദാസരെയും

ഇവിടെ, ജ്ഞാന മാതാപിതാക്കന്മാരുടെ പേരുകൾ പറയുന്നു

ഇവിടെ കൂടിയിരിക്കുന്ന എല്ലാവരെയും സ്മരിക്കണമേ. അവരുടെ വിശ്വാസം അങ്ങുമാത്രം അറിയുന്നുവല്ലോ.

ആകയാൽ, കർത്താവേ, ഈ ബലി കാരുണ്യപൂർവം അങ്ങ് സ്വീകരിക്കണമേ. നിത്യജീവനിലേക്കും അങ്ങേ അനുഗൃഹീത ദാനത്തിലേക്കും ചേർക്കപ്പെടുകയും തിരഞ്ഞെടുക്കപ്പെടുകയും വിളിക്കപ്പെടുകയുംചെയ്യാൻ അങ്ങ് തിരുവുള്ളമായ അങ്ങേ ദാസർക്കുവേണ്ടി ഈബലി അങ്ങേക്ക് ഞങ്ങൾ അർപ്പിക്കുന്നു. (കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളണമേ, ആമേൻ).

രണ്ടാമത്തെ സ്തോത്രയാഗപ്രാർഥന ഉപയോഗിക്കുന്നെങ്കിൽ, വൈദികഗണത്തെയും എന്ന വാക്കുകൾക്കുശേഷം, കൂട്ടിച്ചേർക്കുന്നു:

കർത്താവേ, നവജന്മത്തിന്റെ നീരുറവയിലേക്കു നയിക്കാൻ അങ്ങ് തിരഞ്ഞെടുത്ത അങ്ങേ ദാസരെയും സ്മരിക്കണമേ.

മൂന്നാമത്തെ സ്തോത്രയാഗപ്രാർഥന ഉപയോഗിക്കുന്നെങ്കിൽ, അങ്ങ് നേടിയെടുത്ത അങ്ങേ ജനം എന്ന വാക്കുകൾക്കുശേഷം കൂട്ടിച്ചേർക്കുന്നു.

കർത്താവേ, അങ്ങേ കൃപയാൽ അങ്ങേ ദാസരെ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അവർ തങ്ങളുടെ വാക്കാലും മാതൃകയാലും ഞങ്ങളുടെ കർത്താവായ ക്രിസ്തുവിലുള്ള നവജീവനിലേക്ക് ഈ തിരഞ്ഞെടുത്തവരെ നയിക്കുമാറാകട്ടെ.

**ദിവ്യഭോജനപ്രഭണിതം** **Cf. യോഹ 4, 14**

കർത്താവ് അരുൾചെയ്യുന്നു: ഞാൻ നല്കുന്ന വെള്ളം കുടിക്കുന്നവൻ നിത്യജീവനിലേക്കു നിർഗളിക്കുന്ന നീരുറവയാകും.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, പരിത്രാണത്തിന്റെ ഫലങ്ങൾവഴി, നിത്യകൂദാശകൾക്കായി സമുചിതം ഒരുങ്ങുന്നവരെ അങ്ങ് സംരക്ഷിക്കുകയും അവയിലേക്കു നയിക്കുകയും ചെയ്യാൻ അവരെ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

# B

## രണ്ടാമത്തെ പരിശോധന

**പ്രവേശകപ്രഭണിതം** **സങ്കീ 24,15-16**

എന്റെ കണ്ണുകൾ സദാ കർത്താവിങ്കലേക്ക് തിരിഞ്ഞിരിക്കുന്നു, അവിടന്ന് എന്റെ പാദങ്ങൾ കെണിയിൽനിന്ന് മോചിപ്പിക്കും. ദയതോന്നി എന്നെ കടാക്ഷിക്കണമേ. എന്തെന്നാൽ, ഞാൻ ഏകാകിയും ദരിദ്രനുമാണ്.

**സമിതിപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങേ സഭയെ ആത്മീയസന്തോഷത്താൽ അങ്ങ് അഭിവൃദ്ധിപ്പെടുത്തണമേ. അങ്ങനെ, ഭൂമിയിൽ ജന്മമെടുത്തവർ സ്വർഗത്തിൽ നവജന്മം പ്രാപിക്കാൻ ഇടയാക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, കേണപേക്ഷിച്ചുകൊണ്ട് നിത്യൗഷധത്തിന്റെ കാണിക്കകൾ സന്തോഷപൂർവം ഞങ്ങളർപ്പിക്കുന്നു. അവയെ ഞങ്ങൾ സമുചിതം വണങ്ങാനും രക്ഷിക്കപ്പെടേണ്ടവർക്കുവേണ്ടി അനുയുക്തമായി സമർപ്പിക്കാനും അങ്ങ് ഇടയാക്കണമേ. കർത്താവായ...

തപസ്സുകാലത്തെ നാലാം ഞായറാഴ്ചയുടെ ആമുഖഗീതി ചൊല്ലുന്നു (p)

സ്തോത്രയാഗപ്രാർഥനയിൽ ജ്ഞാനമാതാപിതാക്കളുടെ സ്മരണ മേല്പറഞ്ഞ വിധത്തിൽ നടത്തപ്പെടുന്നു (pp). റോമൻ കാനൻ ഉപയോഗിക്കുന്നെങ്കിൽ, ആദ്യത്തെ പരിശോധനയിലെപ്പോലെ, പ്രത്യേക ഉപാർപ്പണ പ്രാർഥന ചൊല്ലുന്നു (p).

**ദിവ്യഭോജനപ്രഭണിതം** **Cf. യോഹ 9, 11.38**

കർത്താവ് ചളിയുണ്ടാക്കി എന്റെ കണ്ണുകളിൽ പുരട്ടി; ഞാൻപോയി കഴുകി; ഞാൻ കാണുകയും ദൈവത്തിൽ വിശ്വസിക്കുകയും ചെയ്തു.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, അങ്ങേ കുടുംബത്തെ കാരുണ്യപൂർവം സദാ അങ്ങ് കാത്തുപാലിക്കുകയും നേർവഴി കാട്ടുകയും ദയാപൂർവം അങ്ങേ പരിപാലനത്തിൽ സംരക്ഷിക്കുകയും നിരന്തര നന്മയാൽ രക്ഷയുടെ മാർഗത്തിലൂടെ നയിക്കുകയും ചെയ്യണമേ. കർത്താവായ...

# C

## മൂന്നാമത്തെ പരിശോധന

**പ്രവേശകപ്രഭണിതം** **Cf. സങ്കീ17, 5.7**

മരണപാശം എന്നെ വരിഞ്ഞുമുറുക്കി, പാതാളവേദനകൾ എന്നെ വലയം ചെയ്തു; എന്റെ കഷ്ടതയിൽ ഞാൻ കർത്താവിനെ വിളിച്ചപേക്ഷിക്കുകയും അവിടന്ന് തന്റെ ആലയത്തിൽനിന്ന് എന്റെ അപേക്ഷ കേൾക്കുകയും ചെയ്തു.

**സമിതിപ്രാർഥന**

കർത്താവേ, ദിവ്യരഹസ്യങ്ങളാൽ ഉദ്ബോധിതരായി, ജ്ഞാനസ്നാന നീർത്തൊട്ടിയാൽ നവീകരിക്കപ്പെടാനും അങ്ങേ സഭയുടെ അംഗങ്ങളോടുകൂടെ എണ്ണപ്പെടാനും ഞങ്ങളുടെ തിരഞ്ഞെടുക്കപ്പെട്ടവർക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

സർവശക്തനായ ദൈവമേ, ഞങ്ങളെ ശ്രവിക്കുകയും ക്രൈസ്തവ വിശ്വാസത്തിന്റെ ആദ്യഫലങ്ങൾകൊണ്ട് അങ്ങ് പരിപൂരിതരാക്കിയ അങ്ങേ ദാസർ ഈ ബലിയുടെ പ്രവർത്തനത്താൽ ശുദ്ധീകരിക്കപ്പെടാൻ അനുഗ്രഹിക്കുകയും ചെയ്യണമേ. കർത്താവായ...

തപസ്സുകാലത്തെ അഞ്ചാം ഞായറിന്റെ ആമുഖഗീതി ചൊല്ലുന്നു (pp).

സ്തോത്രയാഗപ്രാർഥനയിൽ ജ്ഞാനമാതാപിതാക്കന്മാരുടെ സ്മരണ മേല്പറഞ്ഞപ്രകാരം നടത്തപ്പെടുന്നു (p). റോമൻ കാനൻ ഉപയോഗിക്കുമ്പോൾ, ആദ്യത്തെ പരിശോധനയിൽ കൊടുത്തിരിക്കുന്നതുപോലെ പ്രത്യേക സമ്പർക്ക പ്രാർഥന ചൊല്ലുന്നു (p).

## ദിവ്യഭോജനപ്രഭണിതം — Cf. യോഹ 11, 26

കർത്താവ് അരുൾചെയ്യുന്നു: എന്നിൽ ജീവിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവരാരും നിത്യമായി മരിക്കുകയില്ല.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, അങ്ങേ ജനം ഒന്നായിത്തീരുകയും പൂർണഹൃദയത്തോടെ അങ്ങേക്ക് കീഴ്പ്പെട്ടു ജീവിക്കുകയും ചെയ്യട്ടെ. അങ്ങനെ, എല്ലാ ക്ലേശങ്ങളിലുംനിന്നു സുരക്ഷിതരായി, അവരുടെ രക്ഷയുടെ സന്തോഷം ഔത്സുക്യത്തോടെ അനുഭവിക്കുകയും നവജന്മം പ്രാപിക്കുന്നവർക്കുവേണ്ടി അവർ ദയാപൂർവം പ്രാർഥിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## 3. ജ്ഞാനസ്നാനം നല്കൽ

ക്രൈസ്തവ പ്രാരംഭകൂദാശകൾ, സാധാരണമായി, മുതിർന്നവർക്ക് ഈസ്റ്ററിന്റെ വിശുദ്ധ രാത്രിയിലെ പെസഹാജാഗരത്തിൽ നല്കപ്പെടുന്നു. എന്നാൽ, ആവശ്യമെങ്കിൽ, പെസഹാ മഹോത്സവത്തിനുപുറമേ ഇത് പരികർമം ചെയ്യാവുന്നതാണ്; കർമാനുഷ്ഠാനപൂജകൾ അനുവദിച്ചിരിക്കുന്ന ദിവസങ്ങളിൽ, വെള്ളനിറത്തിലോ തിരുനാളിന്റെ നിറത്തിലോ ഉള്ള പൂജാവസ്ത്രങ്ങളോടെ ഈ ദിവ്യപൂജകൾ നടത്താവുന്നതാണ്.

കുട്ടികളുടെ ജ്ഞാനസ്നാനകർമത്തിനും, അതേ നിബന്ധനകളോടെ, ഈ ദിവ്യപൂജ ചൊല്ലാവുന്നതാണ്.

ഈ ദിവ്യപൂജയിൽ, അനുതാപകർമം, കർത്താവേ കനിയണമേ, വിശ്വാസപ്രമാണം എന്നിവ വിട്ടുകളയുന്നു; എന്നാൽ, അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

## A

### പ്രവേശകപ്രഭണിതം Cf. എഫേ 4,24

നീതിയിലും സത്യത്തിന്റെ വിശുദ്ധിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയമനുഷ്യനെ ധരിക്കുവിൻ (പെസഹാക്കാലത്ത്, അല്ലേലൂയാ).

### സമിതിപ്രാർഥന

ദൈവമേ, അങ്ങേ പുത്രന്റെ പീഡാസഹനത്തിന്റെയും ഉത്ഥാനത്തിന്റെയും രഹസ്യത്തിൽ പങ്കുചേരാൻ ഞങ്ങൾക്ക് അങ്ങ് ഇടവരുത്തുന്നുവല്ലോ. ദത്തുപുത്രരുടെ ആത്മാവിൽ ശക്തരായി, നവജീവനിലേക്ക് നിരന്തരം ചരിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ പുത്രനോട് അനുരൂപപ്പെട്ടവരെയും പ്രതിഷ്ഠാതൈല മുദ്രയാൽ പരിപൂർണരാക്കപ്പെട്ടവരെയും പുരോഹിതജനതയോട് കാരുണ്യപൂർവം അങ്ങ് ഒന്നിച്ചുചേർത്തുവല്ലോ. അവരെ അങ്ങേക്ക് സ്വീകാര്യമായ ബലിവസ്തുക്കളായി കണക്കാക്കാൻ അങ്ങ് തിരുവുള്ളമാകണമെന്നും അങ്ങേ സഭയുടെ കാഴ്ചദ്രവ്യങ്ങളോടൊപ്പം കാരുണ്യപൂർവം സ്വീകരിക്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

പെസഹാക്കാലത്ത്, പെസഹാക്കാലത്തിലെ രണ്ടാമത്തെ ആമുഖഗീതിയും (P) മറ്റുകാലങ്ങളിൽ, ആണ്ടുവട്ടത്തെ ഞായറാഴ്ചകളിലെ ഒന്നാമത്തെ ആമുഖഗീതിയും ഉപയോഗിക്കുന്നു (P).

റോമൻ കാനൻ ഉപയോഗിക്കുമ്പോൾ, അനുസ്മരണ പ്രാർഥനയിൽ ജ്ഞാനപിതാക്കളുടെ സ്മരണ നടത്തുന്നു.

കർത്താവേ, അങ്ങേ ജ്ഞാനസ്നാനത്തിന്റെ ദിവ്യകൃപയ്ക്കായി അങ്ങേ തിരഞ്ഞെടുക്കപ്പെട്ടവരെ സ്വീകരിച്ച അങ്ങേ ദാസരെയും

ഇവിടെ ജ്ഞാനമാതാപിതാക്കന്മാരുടെ പേരുകൾ പറയുന്നു.

ഇവിടെ ഒരുമിച്ചുകൂടിയിരിക്കുന്ന എല്ലാവരെയും സ്മരിക്കണമേ. അവരുടെ വിശ്വാസം അങ്ങേക്കുമാത്രം അറിവുള്ളതാണല്ലോ.

സ്തോത്രയാഗപ്രാർഥനകളിൽ, പുതിയതായി ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ സ്മരണ, താഴെകൊടുത്തിരിക്കുന്ന രൂപങ്ങളിൽ ഉൾപ്പെടുത്തുന്നു.

(a) ഒന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ, പ്രത്യേകഅനുസ്മരണ പ്രാർഥന (Hanc igitur) ചൊല്ലുന്നു:

സർവപാപങ്ങളിലുംനിന്നു മോചനമരുളി, ജലത്താലും പരിശുദ്ധാത്മാവാലും പുതുജന്മം നല്കി അങ്ങ് അനുഗ്രഹിച്ചവർക്കുവേണ്ടി കർത്താവേ, ഞങ്ങളുടെ സേവനത്തിന്റെയും അങ്ങേ കുടുംബം മുഴുവന്റെയും ഈ കാഴ്ചദ്രവ്യം സംപ്രീതിയോടെ സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, കർത്താവേ, ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിൽ അവരെ കടാക്ഷിക്കുകയും കാരുണ്യപൂർവം അവരെ സ്വീകരിച്ച്, ജീവന്റെ പുസ്തകത്തിൽ അവരുടെ പേരുകൾ എഴുതപ്പെടാൻ കല്പിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. (കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളണമേ, ആമേൻ).

(b) രണ്ടാമത്തെ സ്തോത്രയാഗപ്രാർഥനയുടെ മധ്യസ്ഥപ്രാർഥനകളിൽ വൈദികരെയും എന്നതിനുശേഷം കൂട്ടിച്ചേർക്കുന്നു:

കർത്താവേ, ജ്ഞാനസ്നാനത്തിലൂടെ (യും സ്ഥൈര്യലേപ നത്തിലൂടെയും) അങ്ങേ കുടുംബത്തിലേക്കു ചേർക്കപ്പെട്ട നവജാ തരെയും ഓർക്കണമേ. അങ്ങനെ, ഉദാരമായ ഹൃദയത്തോടും സന്ന ദ്ധമായ മനസ്സോടുംകൂടെ അങ്ങേ പുത്രനായ ക്രിസ്തുവിനെ ഇവർ പിഞ്ചെല്ലുമാറാകട്ടെ. സഹോദരരെയും...

(c) മൂന്നാമത്തെ സ്തോത്രയാഗപ്രാർഥനയുടെ മധ്യസ്ഥപ്രാർഥനകളിൽ, ദയാപൂർവം കേട്ടരുളണമേ എന്നതിനുശേഷം കൂട്ടിച്ചേർക്കുന്നു:

നവജന്മത്തിന്റെ സ്നാനത്താലും (പരിശുദ്ധാത്മാവിന്റെ ദാനങ്ങളാലും) ഇന്ന് അങ്ങേ ജനത്തോടു ചേർക്കപ്പെട്ട അങ്ങേ ദാസരെ ശക്തിപ്പെടുത്തുകയും നിരന്തരം അവർ നവജീവ നിലേക്ക് ചരിക്കാൻ അനുഗ്രഹിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. ലോകമെങ്ങുമുള്ള...

(d) നാലാമത്തെ സ്തോത്രയാഗപ്രാർഥനയുടെ മധ്യസ്ഥപ്രാർഥനകളിൽ നവജാതരുടെ സ്മരണ ഇപ്രകാരം ഉൾച്ചേർക്കുന്നു:

സമസ്തവൈദികരെയും ഈ ബലിയർപ്പിക്കുന്നവരെയും ഇവിടെ കൂടിയിരിക്കുന്നവരെയും ഇന്ന് ജലത്താലും പരിശുദ്ധാ ത്മാവാലും നവജന്മം പ്രാപിക്കാൻ അങ്ങ് ഇടയാക്കിയ നവജാത രെയും അങ്ങേ സമസ്തജനത്തെയും...

**ദിവ്യഭോജനപ്രഭണിതം** **Cf. 1 യോഹ 3, 1**

കണ്ടാലും, എത്ര വലിയ സ്നേഹമാണ് പിതാവ് നമ്മോട് കാണിച്ചത്; ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു, നമ്മൾ അതാ ണുതാനും (പെസഹാക്കാലത്ത്, അല്ലേലൂയാ).

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, അങ്ങേ പുത്രന്റെ ശരീരരക്തങ്ങളുടെ കൂദാശ യാൽ പരിപോഷിതരായി, അവിടത്തെ ആത്മാവിന്റെ സംസർഗ ത്തിലും സഹോദരസ്നേഹത്തിലും ഞങ്ങൾ വളരാനും അങ്ങനെ, ഉജ്ജ്വലമായ സ്നേഹത്താൽ, ക്രിസ്തുശരീരത്തിന്റെ പൂർണരൂപ ത്തിലേക്കെത്തിച്ചേരാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥി ക്കുന്നു. എന്നെന്നും...

# B

## പ്രവേശകപ്രഭണിതം തീത്തോ 3, 5.7

പുനരുജ്ജീവനത്തിന്റെ സ്നാനത്താലും പരിശുദ്ധാത്മാവിന്റെ നവീകരണത്താലും ദൈവം നമ്മെ രക്ഷിച്ചു. അങ്ങനെ, അവിടത്തെ കൃപയാല്‍ നാം നീതിമത്കരിക്കപ്പെടുകയും നിത്യജീവന്റെ പ്രത്യാശയില്‍ അവകാശികളായിത്തീരുകയും ചെയ്തു (പെസഹാക്കാലത്ത്, അല്ലേലൂയാ).

## സമിതിപ്രാര്‍ഥന

ദൈവമേ, ജീവവചനത്താല്‍ അങ്ങു ഞങ്ങള്‍ക്ക് നവജന്മം നല്കുന്നുവല്ലോ. ആത്മാര്‍ഥഹൃദയത്തോടെ വചനം സ്വീകരിച്ചുകൊണ്ട്, ഔത്സുക്യത്തോടെ സത്യത്തില്‍ ഞങ്ങള്‍ ജീവിക്കാനും സഹോദരസ്നേഹത്തിന്റെ സമൃദ്ധമായ ഫലങ്ങള്‍ പുറപ്പെടുവിക്കാനും അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാര്‍ഥന

കര്‍ത്താവേ, തയ്യാറാക്കപ്പെട്ട അപ്പത്തെയും മിശ്രണം ചെയ്ത വീഞ്ഞിനെയും സമീപിക്കുന്നവര്‍ക്ക് അങ്ങേ വിരുന്നിലേക്കുള്ള കവാടം അങ്ങ് തുറക്കണമേ. അങ്ങനെ, സ്വര്‍ഗീയ വിരുന്ന് സന്തോഷത്തോടെ ആഘോഷിച്ചുകൊണ്ട്, അങ്ങേ ഭവനത്തില്‍ വിശുദ്ധരുടെ സഹപൗരന്മാരായി ഞങ്ങള്‍ എണ്ണപ്പെടുമാറാകട്ടെ. കര്‍ത്താവായ...

പെസഹാക്കാലത്ത്, പെസഹാക്കാലം രണ്ടാമത്തെ ആമുഖഗീതിയും (p) മറ്റു കാലങ്ങളില്‍ ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളുടെ ഒന്നാമത്തെ ആമുഖഗീതിയും (p)ഉപയോഗിക്കുന്നു.

സ്തോത്രയാഗ പ്രാര്‍ഥനകളില്‍, പ്രത്യേക മധ്യസ്ഥപ്രാര്‍ഥനകള്‍ ഉപയോഗിക്കുന്നു (pp).

## ദിവ്യഭോജനപ്രഭണിതം Cf.1 യോഹ3,2

നാമിപ്പോള്‍ ദൈവത്തിന്റെ മക്കളാണ്, നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാര്‍ഥന

കര്‍ത്താവേ, അങ്ങേ പുത്രന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്‍െറയും മഹത്തായ രഹസ്യം ആഘോഷിച്ചുകൊണ്ടു പ്രഘോഷിച്ച ഈ കൂദാശയുടെ ശക്തിയാല്‍, ജീവിതത്തിലും ഞങ്ങള്‍ ഇത് ഏറ്റുപറയാന്‍ അങ്ങ് ഇടയാക്കണമേ. കര്‍ത്താവായ...

# 4. സ്ഥൈര്യലേപനകർമം

കർമാനുഷ്ഠാനപൂജകൾ അനുവദിച്ചിട്ടുള്ള ദിവസങ്ങളിൽ സ്ഥൈര്യലേപന കർമം നടക്കുന്ന അവസരത്തിൽ ചെമപ്പുനിറത്തിലോ, വെള്ളനിറത്തിലോ, തിരുനാളിന്റെയോആയ പൂജാവസ്ത്രങ്ങളോടുകൂടെ ഈ ദിവ്യപൂജകൾ നടത്തുന്നു. അത്യുന്നതങ്ങളിൽ ചൊല്ലുന്നു. വിശ്വാസപ്രമാണം വിട്ടുകളയുന്നു.

## A

**പ്രവേശകപ്രഭണിതം** **എസെ 36,25–26**

കർത്താവ് അരുൾചെയ്യുന്നു: ഞാൻ നിങ്ങളുടെമേൽ ശുദ്ധ ജലം തളിക്കും, ഒരു പുതിയ ഹൃദയം നിങ്ങൾക്ക് ഞാൻ നല്കുകയും ഒരു നവചൈതന്യം നിങ്ങളിൽ നിക്ഷേപിക്കുകയും ചെയ്യും (പെസഹാക്കാലത്ത്, അല്ലേലൂയാ).

**സമിതിപ്രാർഥന**

സർവശക്തനും കാരുണ്യവാനുമായ ദൈവമേ, പരിശുദ്ധാത്മാവ് എഴുന്നള്ളിവരുകയും ഞങ്ങളിൽ കനിവാർന്ന് വസിക്കുകയും ചെയ്തുകൊണ്ട്, ഞങ്ങളെ അവിടത്തെ മഹത്ത്വത്തിന്റെ ആലയമാക്കിത്തീർക്കാൻ അനുഗ്രഹിക്കണമെന്ന് പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

അഥവാ

കർത്താവേ, അങ്ങേ വാഗ്ദാനം ഞങ്ങളിൽ കാരുണ്യപൂർവം പൂർത്തീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, പരിശുദ്ധാത്മാവ് എഴുന്നള്ളിവന്നുകൊണ്ട്, ലോകസമക്ഷം ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന് സാക്ഷികളായിത്തീരാൻ ഞങ്ങളെ അങ്ങ് ഇടയാക്കണമേ. എന്നെന്നും...

മറ്റു പ്രാർഥനകളും ഉപയോഗിക്കാവുന്നതാണ് (p).

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ ദാസരുടെ പ്രാർഥനകൾ കാരുണ്യപൂർവം സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ പുത്രനോട് പരിപൂർണമായി അനുരൂപപ്പെട്ട്, അങ്ങേ ആത്മാവ് ഞങ്ങൾക്കുവേണ്ടി നേടിത്തന്ന അവിടത്തെ പരിത്രാണത്തിന്റെ സ്മരണയിൽ പങ്കെടുത്തുകൊണ്ട്, അവിടത്തേക്ക് സാക്ഷ്യം വഹിക്കുന്നതിൽ ഞങ്ങൾ അനവരതം വളരാൻ അനുഗ്രഹം നല്കണമേ. എന്നെന്നും...

പരിശുദ്ധാത്മാവിന്റെ ഒന്നാമത്തെ ആമുഖഗീതിയോ (p) രണ്ടാമത്തെ ആമുഖ ഗീതിയോ (p) ഉപയോഗിക്കാവുന്നതാണ്..

റോമൻ കാനൻ ഉപയോഗിക്കുമ്പോൾ, പ്രത്യേക ഉപാർപ്പണ പ്രാർഥന (Hanc igitur) ചൊല്ലുന്നു:

അതിനാൽ, കർത്താവേ, ജ്ഞാനസ്നാനത്താൽ നവജാതരായവരെ, പരിശുദ്ധാത്മാവിന്റെ ദാനങ്ങളാൽ സ്ഥൈര്യപ്പെടുത്താൻ അങ്ങ് ഇടയാക്കിവർക്കുവേണ്ടിയും ഞങ്ങളുടെ സേവനത്തിന്റെയും അങ്ങേ കുടുംബം മുഴുവന്റെയും ഈ കാഴ്ചദ്രവ്യം അങ്ങേക്ക് ഞങ്ങളർപ്പിക്കുന്നു. അത് അങ്ങ് കാരുണ്യപൂർവം സ്വീകരിക്കണമെന്നും അവരിൽ അങ്ങ് നല്കിയ കൃപ കനിവാർന്ന് കാത്തുപാലിക്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു (കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളണമേ. ആമേൻ).

രണ്ടാമത്തെ സ്തോത്രയാഗപ്രാർഥനയാണ് ഉപയോഗിക്കുന്നതെങ്കിൽ, വൈദികഗണത്തോട് എന്ന വാക്കുകൾക്ക് ശേഷം ഇപ്രകാരം കൂട്ടിച്ചേർക്കുന്നു:

കർത്താവേ, ഇന്ന് പരിശുദ്ധാത്മാവിന്റെ ദാനങ്ങളാൽ സ്ഥൈര്യപ്പെടുത്താൻ അങ്ങ് തിരുവുള്ളമായ അങ്ങേ ദാസരെ സ്മരിക്കുകയും അങ്ങേ കൃപയിൽ അവരെ സംരക്ഷിക്കുകയും ചെയ്യണമേ.

മൂന്നാമത്തെ സ്തോത്രയാഗപ്രാർഥനയാണ് ഉപയോഗിക്കുന്നതെങ്കിൽ, അങ്ങേക്കായി നേടിയെടുത്ത സമസ്ത ജനത്തെയും എന്നവാക്കുകൾക്കു ശേഷം ഇപ്രകാരം കൂട്ടിച്ചേർക്കുന്നു:

കർത്താവേ, ജ്ഞാനസ്നാനത്താൽ നവജാതരായവരും പരിശുദ്ധാത്മാവിന്റെ ദാനങ്ങളാൽ സ്ഥൈര്യപ്പെടുത്താൻ അങ്ങ് തിരുവുള്ളമായവരുമായ അങ്ങേ ദാസരെ സ്മരിക്കുകയും അവരിൽ അങ്ങേ കൃപ കാത്തുസൂക്ഷിക്കുകയും ചെയ്യണമേ.

**ദിവ്യഭോജനപ്രഭണിതം** **Cf. ഹെബ്രാ 6, 4**

പ്രകാശിതരും സ്വർഗീയദാനം ആസ്വദിച്ചറിയുകയും പരിശുദ്ധാത്മാവിൽ പങ്കുകാരാവുകയും ചെയ്ത നിങ്ങളെല്ലാവരും കർത്താവിൽ ആനന്ദിക്കുവിൻ (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാർഥന

കർത്താവേ, പരിശുദ്ധാത്മാവാൽ അഭിഷേചിതരും അങ്ങേ പുത്രന്റെ കൂദാശയാൽ പരിപോഷിതരുമായവരെ ഇനിമുതൽ അങ്ങേ അനുഗ്രഹത്താൽ അനുയാത്ര ചെയ്യണമേ. അങ്ങനെ, എല്ലാ പ്രതിസന്ധികളും തരണം ചെയ്ത്, അവരുടെ വിശുദ്ധിയാൽ അങ്ങേ സഭയെ അവർ സന്തോഷിപ്പിക്കുകയും അവരുടെ പ്രവർത്തനങ്ങളും സ്നേഹവും വഴി, ലോകത്തിൽ സഭയുടെ വളർച്ച സുഗമമാക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## ദിവ്യപൂജയിലെ സമാപനാശീർവാദം

മെത്രാൻ, പുതുതായി സ്ഥൈര്യലേപനം സ്വീകരിച്ചവരുടെമേൽ കൈകൾ ഉയർത്തിപ്പിടിച്ചുകൊണ്ട് പറയുന്നു:

ജലത്താലും പരിശുദ്ധാത്മാവാലും നിങ്ങളെ നവജാതരും അവിടത്തെ ദത്തുപുത്രരുമാക്കിയ സർവശക്തനും പിതാവുമായ ദൈവം, അനുഗ്രഹിക്കുകയും അവിടത്തെ പൈതൃക സ്നേഹത്തിന് അർഹരാക്കി കാത്തുപാലിക്കുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ.

സത്യാത്മാവ് സഭയിൽ അധിവസിക്കുമെന്ന് വാഗ്ദാനം ചെയ്ത അവിടത്തെ ഏകജാതനായ പുത്രൻ നിങ്ങളെ അനുഗ്രഹിക്കുകയും അവിടത്തെ ശക്തിയാൽ സത്യവിശ്വാസം പ്രഖ്യാപിക്കുന്നതിൽ നിങ്ങളെ ദൃഢീകരിക്കുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ

ശിഷ്യരുടെ ഹൃദയങ്ങളിൽ ദിവ്യസ്നേഹാഗ്നി ഉജ്ജ്വലിപ്പിക്കുന്ന പരിശുദ്ധാത്മാവ് നിങ്ങളെ അനുഗ്രഹിക്കുകയും ഒരൊറ്റ സമൂഹമാക്കി നിഷ്കല്മഷമായി ദൈവരാജ്യത്തിലെ സന്തോഷത്തിലേക്ക് നിങ്ങളെ നയിക്കുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ

വൈദികൻ സകല ജനത്തെയും ആശീർവദിച്ചുകൊണ്ട്, കൂട്ടിച്ചേർക്കുന്നു:

ഇവിടെ ഒരുമിച്ചുകൂടിയിരിക്കുന്ന നിങ്ങളെല്ലാവരെയും സർവശക്തനായ ദൈവം,✠ പിതാവും✠ പുത്രനും✠ പരിശുദ്ധാത്മാവും+അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ

അഥവാ

### ജനങ്ങളുടെമേലുള്ള പ്രാർഥന

മെത്രാൻ പുതുതായി സൈഥര്യലേപനം സ്വീകരിച്ചവരുടെയും ജനങ്ങളുടെയും മേൽ കൈകൾ ഉയർത്തിപ്പിടിച്ചുകൊണ്ടു പറയുന്നു:

ദൈവമേ, ഞങ്ങളിൽ പ്രാവർത്തികമാക്കിയത് ദൃഢീകരിക്കുകയും അങ്ങേ വിശ്വാസികളുടെ ഹൃദയങ്ങളിൽ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ നിലനിർത്തുകയും ചെയ്യണമെ. അങ്ങനെ, അവർ ക്രൂശിതനായ ക്രിസ്തുവിനെ ലോകസമക്ഷം വൈമനസ്യം കൂടാതെ പ്രഖ്യാപിക്കുകയും ഭക്തിസ്നേഹത്തോടെ അവിടത്തെ കല്പനകൾ നിറവേറ്റുകയും ചെയ്യുമാറാകട്ടെ. എന്നെന്നും...

R. ആമേൻ

പിതാവും ✠പുത്രനും ✠പരിശുദ്ധാത്മാവുമായ ✠സർവശക്തനായ ദൈവത്തിന്റെ അനുഗ്രഹം നിങ്ങളിൽ വന്നണയുകയും എന്നും നിലനില്ക്കുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ

## B

### പ്രവേശകപ്രഭണിതം — Cf. റോമാ 5,5;8,11

നമ്മിൽ വസിക്കുന്ന അവിടത്തെ ആത്മാവുവഴി, ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

### സമിതിപ്രാർഥന

കർത്താവേ, അങ്ങേ പരിശുദ്ധാത്മാവിനെ ഞങ്ങളുടെമേൽ കൃപാപൂർവം വർഷിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, വിശ്വാസത്തിന്റെ ഐക്യത്തിൽ ചരിച്ചുകൊണ്ട്, അങ്ങേ സ്നേഹത്തിന്റെ ശക്തിയാൽ ബലപ്പെട്ട്, ഞങ്ങളെല്ലാവരും ക്രിസ്തുവിന്റെ പൂർണരൂപത്തിന്റെ നിറവിലേക്ക് എത്തിച്ചേരുമാറാകട്ടെ. എന്നെന്നും...

മറ്റു പ്രാർഥനകളും ചൊല്ലാവുന്നതാണ് (p).

## നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ ഏകജാതനോടൊപ്പം അങ്ങേ ഈ ദാസരെയും കനിവാർന്ന് സ്വീകരിക്കണമേ. അങ്ങനെ, അവിടത്തെ കുരിശാലും ആത്മീയ അഭിഷേകത്താലും മുദ്രിതരായി, തങ്ങളെത്തന്നെ അവിടത്തോടുകൂടെ അങ്ങേക്ക് നിരന്തരം സമർപ്പിച്ചുകൊണ്ട്, അനുദിനം അങ്ങേ ആത്മാവിന്റെ സമൃദ്ധമായ അനുഗ്രഹവർഷത്തിന് അവർ അർഹരാകുമാറാകട്ടെ. കർത്താവായ...

പരിശുദ്ധാത്മാവിന്റെ ഒന്നാമത്തെ ആമുഖഗീതിയോ (p) രണ്ടാമത്തെ ആമുഖഗീതിയോ (p) ഉപയോഗിക്കുന്നു.

സ്തോത്രയാഗപ്രാർഥനകളിൽ പ്രത്യേക മധ്യസ്ഥപ്രാർഥനകൾ ഉപയോഗിക്കുന്നു (p).

## ദിവ്യഭോജനപ്രഭണിതം Cf. സങ്കീ 33,6.9

കർത്താവിനെ സമീപിച്ച് പ്രകാശിതരാകുവിൻ; അവിടന്ന് എത്ര നല്ലവനെന്ന് രുചിച്ചറിയുവിൻ (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാർഥന

കർത്താവേ, അങ്ങേ ആത്മാവിന്റെ ദാനങ്ങളാൽ അങ്ങ് പരിപൂരിതരാക്കിയവരെയും അങ്ങേ ഏകജാതന്റെ ഭോജനത്താൽ പോഷിപ്പിച്ചവരെയും നിയമത്തിന്റെ പൂർണതയിൽ ഉദ്ബോധിപ്പിക്കണമേ. അങ്ങനെ, അവർ ലോകസമക്ഷം അങ്ങേ ദത്തെടുപ്പിന്റെ സ്വാതന്ത്ര്യം സദാ പ്രകടിപ്പിക്കുകയും അവരുടെ വിശുദ്ധിയാൽ അങ്ങേ ജനത്തിന്റെ പ്രവാചകധർമം നിർവഹിക്കാൻ പ്രാപ്തരാകുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

സാഘോഷാശീർവാദമോ ജനങ്ങളുടെമേലുള്ള പ്രാർഥനയോ ചൊല്ലുന്നു (p).

# C

## സന്ദർഭോചിതമായ മറ്റു പ്രാർഥനകൾ

### സമിതിപ്രാർഥന

കർത്താവേ, അങ്ങിൽനിന്നുപുറപ്പെടുന്ന ആശ്വാസദായകനായ പരിശുദ്ധാത്മാവ് ഞങ്ങളുടെ മാനസങ്ങളെ പ്രകാശിപ്പിക്കുകയും അങ്ങേ പുത്രൻ വാഗ്ദാനം ചെയ്തതുപോലെ, എല്ലാ സത്യത്തിലേക്കും ഞങ്ങളെ നയിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. എന്നെന്നും...

### നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ കുടുംബത്തിന്റെ കാഴ്ചദ്രവ്യങ്ങൾ സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, പരിശുദ്ധാത്മാവിന്റെ ദാനം സ്വീകരിച്ചവർ അത് കാത്തുസൂക്ഷിക്കുകയും നിത്യസമ്മാനങ്ങളിലേക്ക് എത്തിച്ചേരുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

### ദിവ്യഭോജനപ്രാർഥന

കർത്താവേ, ഞങ്ങളിൽ അങ്ങേ സ്നേഹത്തിന്റെ ആത്മാവിനെ വർഷിക്കണമേ. അങ്ങനെ, ഒരേ സ്വർഗീയ അപ്പത്താൽ അങ്ങ് പരിപോഷിപ്പിച്ച ഇവരെ അങ്ങേ കാരുണ്യത്താൽ ഒരുമയുള്ളവരാക്കിത്തീർക്കുകയുംചെയ്യണമേ. കർത്താവായ...

# II. രോഗീലേപനകർമം

കർമാനുഷ്ഠാനപൂജകൾ അനുവദിച്ചിരിക്കുന്ന ദിവസങ്ങളിൽ, രോഗീലേപനകർമം ദിവ്യപൂജയോടൊപ്പം നടത്തപ്പെടുമ്പോൾ, വെള്ളനിറത്തോടുകൂടെ, രോഗികൾക്കുവേണ്ടിയുള്ള ദിവ്യപൂജ (p) ഉപയോഗിക്കാവുന്നതാണ്.

പുരുഷന്മാർക്കുവേണ്ടി കൊടുത്തിരിക്കുന്ന പ്രാർഥനകളെല്ലാംതന്നെ ആവശ്യമായ മാറ്റങ്ങളോടെ സ്ത്രീകൾക്കും ബഹുവചനത്തിലുള്ളവ അനുയുക്തമായ മാറ്റങ്ങളോടെ ഏകവചനത്തിലും ഉപയോഗിക്കാവുന്നതാണ്.

ദിവ്യപൂജയുടെ സമാപനത്തിൽ, ആശീർവാദത്തിന്റെ രൂപം താഴെകൊടുത്തിരിക്കുന്നവയിൽ നിന്ന് ഉപയോഗിക്കാവുന്നതാണ്.

പിതാവായ ദൈവം നിന്നെ അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ

ദൈവത്തിന്റെ പുത്രൻ നിന്നെ സുഖപ്പെടുത്തുമാറാകട്ടെ.

R. ആമേൻ

പരിശുദ്ധാത്മാവ് നിന്നെ പ്രകാശിപ്പിക്കുമാറാകട്ടെ.

R. ആമേൻ

അവിടന്ന് നിന്റെ ശരീരം സംരക്ഷിക്കുകയും നിന്റെ ആത്മാവിനെ രക്ഷിക്കുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ

അവിടന്ന് നിന്റെ ഹൃദയം പ്രകാശിപ്പിക്കുകയും നിത്യജീവനിലേക്ക് നയിക്കുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ

ഇവിടെകൂടിയിരിക്കുന്ന നിങ്ങൾ എല്ലാവരെയും സർവശക്തനായ ദൈവം പിതാവും പുത്രനും ✠പരിശുദ്ധാത്മാവും അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ

അഥവാ

കർത്താവായ യേശുക്രിസ്തു നിന്നെ സംരക്ഷിക്കാൻ നിന്നോടുകൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

R. ആമേൻ

നിന്നെ നയിക്കാൻ അവിടന്ന് നിന്റെ മുമ്പിലും നിന്നെ പരിപാലിക്കാൻ അവിടന്ന് നിന്റെ പിമ്പിലും ഉണ്ടായിരിക്കുമാറാകട്ടെ.

R. ആമേൻ

അവിടന്ന് നിന്നെ കടാക്ഷിക്കുകയും കാത്തുപാലിക്കുകയും നിന്നെ അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ.

ഇവിടെ കൂടിയിരിക്കുന്ന നിങ്ങൾ എല്ലാവരെയും സർവശക്തനായ ദൈവം പിതാവും പുത്രനും ✠പരിശുദ്ധാത്മാവും അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ

# III. തൃപ്പാഥേയ ശുശ്രൂഷ

കർമാനുഷ്ഠാനപൂജകൾ അനുവദിച്ചിട്ടുള്ള ദിവസങ്ങളിൽ, വെള്ളനിറത്തോടുകൂടെ, ഈ ദിവ്യപൂജ ഉപയോഗിക്കാവുന്നതാണ്.

പുരുഷന്മാർക്കുവേണ്ടി കൊടുത്തിരിക്കുന്ന പ്രാർഥനകളെല്ലാംതന്നെ ആവശ്യമായ മാറ്റങ്ങളോടെ സ്ത്രീകൾക്കും ബഹുവചനത്തിലുള്ളവ അനുയുക്തമായ മാറ്റങ്ങളോടെ ഏകവചനത്തിലും ഉപയോഗിക്കാവുന്നതാണ്.

**പ്രവേശകപ്രഭണിതം** **സങ്കീ 80, 17**

അവിടന്ന് മേൽത്തരം കോതമ്പുകൊണ്ട് അവരെ തീറ്റിപ്പോറ്റുകയും പാറയിൽ നിന്നുള്ള തേൻകൊണ്ട് അവരെ സംതൃപ്തരാക്കുകയും ചെയ്തു (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ **Cf. ഏശ 53, 42**

നമ്മുടെ വേദനകളാണ് കർത്താവ് യഥാർഥത്തിൽ വഹിച്ചത്; നമ്മുടെ ദുഃഖങ്ങളാണ് അവിടന്ന് ചുമന്നത് (പെസഹാക്കാലത്ത്, അല്ലേലൂയാ).

**സമിതിപ്രാർഥന**

ദൈവമേ, അങ്ങേ പുത്രൻ ഞങ്ങൾക്ക് വഴിയും സത്യവും ജീവനുമാണല്ലോ. അങ്ങേ ദാസൻ N. നെ കാരുണ്യപൂർവം കടാക്ഷിക്കണമേ. അങ്ങനെ, അങ്ങേ വാഗ്ദാനങ്ങളിൽ സ്വയം പ്രത്യാശയർപ്പിച്ചുകൊണ്ട്, അങ്ങേ പുത്രന്റെ ശരീരത്താൽ പരിപോഷിപ്പിക്കപ്പെട്ട ഈ സഹോദരൻ അങ്ങേ രാജ്യത്തിലേക്ക് സമാധാനത്തിൽ മുന്നേറാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

പരിശുദ്ധനായ പിതാവേ, ഞങ്ങളുടെ ബലി കരുണയോടെ കടാക്ഷിക്കണമേ. അങ്ങനെ, തന്റെ പീഡാസഹനത്താൽ പറുദീസയുടെ കവാടം തുറന്നുതന്ന പെസഹാകുഞ്ഞാടിനെ അങ്ങേക്കു സമർപ്പിക്കുകയും അങ്ങേ ദാസൻ N... നെ, അങ്ങേ കൃപവഴി, നിത്യസമ്മാനത്തിലേക്കു നയിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **യോഹ 6,54**

കർത്താവ് അരുൾ ചെയ്യുന്നു: എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്, അവസാനദിവസം ഞാനവനെ ഉയർപ്പിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ **കൊളോ 1,24**

സഭയാകുന്ന തന്റെ ശരീരത്തെ പ്രതി, ക്രിസ്തുവിന്റെ പീഡകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, അങ്ങിൽ വിശ്വസിക്കുന്നവർക്ക് നിത്യരക്ഷ അങ്ങാണല്ലോ. അങ്ങേ ദാസൻ N. സ്വർഗീയ അപ്പത്താലും പാനീയത്താലും നവീകൃതനായി, പ്രകാശത്തിന്റെയും ജീവന്റെയും രാജ്യത്തിൽ സുരക്ഷിതനായി എത്തിച്ചേരാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

# IV തിരുപട്ടദാനക്രമം

## 1. മെത്രാൻ പട്ടക്രമം

മഹോത്സവങ്ങൾ, ആഗമനകാലം, തപസ്സുകാലം, പെസഹാക്കാലം എന്നിവയിലെ ഞായറാഴ്ചകൾ, പെസഹാ അഷ്ഠദിനങ്ങൾ, അപ്പസ്തോലന്മാരുടെ തിരുനാളുകൾ എന്നിവ ഒഴികെയുള്ള ദിവസങ്ങളിൽ വെള്ളനിറത്തോടെയോ തിരുനാളിന്റെ നിറത്തോടെയോ ഈ കർമാനുഷ്ഠാനപൂജ നടത്താവുന്നതാണ്. ഈ ദിവസങ്ങളിൽ നടത്തപ്പെടുമ്പോൾ, അതാതു ദിവസത്തെ ദിവ്യപൂജ ചൊല്ലുന്നു.

# A

## ഒരുമെത്രാന്റെ പട്ടക്രമം

**പ്രവേശകപ്രഭണിതം** **Cf. ലൂക്കാ 4, 18**

കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്; ദരിദ്രരെ സുവിശേഷം അറിയിക്കാനും ഹൃദയം നുറുങ്ങിയവരെ സുഖപ്പെടുത്താനും അവിടന്ന് എന്നെ അഭിഷേചിച്ചിരിക്കുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

**സമിതിപ്രാർഥന**

ദൈവമേ, അവർണനീയമായ കൃപാസമൃദ്ധി ഒന്നുകൊണ്ടു മാത്രം പുരോഹിതനായ അങ്ങേ ദാസൻ N. നെ ഈ ദിനം അങ്ങേ സഭയായ N. ന്റെ മേൽ അവരോധിക്കാൻ അങ്ങ് തിരുവുള്ളമായല്ലോ. മെത്രാൻ ധർമം സമുചിതം നിറവേറ്റാനും എല്ലാറ്റിലും അങ്ങേ പരിപാലനം ദർശിച്ചുകൊണ്ട്, ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ജനത്തെ വാക്കാലും മാതൃകയാലും നയിക്കാനും ഇദ്ദേഹത്തിന് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

അഥവാ പ്രത്യേകിച്ച്, ഒരു രൂപതയിൽ താമസിക്കാത്ത മെത്രാന്റെ പട്ടക്രമത്തിൽ:

നിത്യനായ ദൈവമേ, അങ്ങേ അജഗണത്തെ നിരന്തര സംരക്ഷണത്താൽ ഭരിച്ചുകൊണ്ട്, വൈദികനായ അങ്ങേ ദാസൻ N. നെ, ഈ ദിനം മെത്രാന്മാരുടെ സംഘത്തിൽ ചേർക്കാൻ അങ്ങ് തിരുവുള്ളമായല്ലോ. അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയാൽ, ക്രിസ്തുവിന്റെ യഥാർഥ സാക്ഷിയായി എല്ലായിടത്തും പ്രത്യക്ഷപ്പെടാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. എന്നെന്നും...

നിർദേശങ്ങൾക്കനുസരിച്ച്, വിശ്വാസപ്രമാണം ചൊല്ലുന്നു; വിശ്വാസികളുടെ പ്രാർഥന വിട്ടുകളയുന്നു.

## നൈവേദ്യപ്രാർഥന

പുതിയതായി പട്ടം സ്വീകരിച്ച മെത്രാൻ സ്തോത്രയാഗകർമത്തിൽ മുഖ്യ കാർമികത്വം വഹിക്കുമ്പോൾ, ചൊല്ലുന്നു:

കർത്താവേ, ഞങ്ങളുടെ ശുശ്രൂഷയുടെ വർധനയ്ക്കായി, ഈ സ്തോത്രബലി അങ്ങേക്ക് ഞങ്ങളർപ്പിക്കുന്നു. അയോഗ്യരായ ഞങ്ങളിൽ അങ്ങ് ചൊരിയുന്നത് കനിവാർന്ന് അങ്ങ് പൂർണതയിലെത്തിക്കുമാറാകട്ടെ. കർത്താവായ...

മെത്രാഭിഷേകകർമത്തിന്റെ കാർമികനായ മെത്രാൻ, സ്തോത്രയാഗകർമത്തിൽ മുഖ്യകാർമികത്വം വഹിക്കുമ്പോൾ ചൊല്ലുന്നു:

കർത്താവേ, അങ്ങേ സഭയ്ക്കുവേണ്ടിയും മെത്രാനായ അങ്ങേ ദാസൻ N. നുവേണ്ടിയും അർപ്പിച്ച ഈ കാഴ്ചദ്രവ്യം അങ്ങേക്ക് സ്വീകാര്യമായ ദാനമായിത്തീരട്ടെ. അങ്ങേ ജനത്തിൽനിന്ന്, മഹാപുരോഹിതനായി അങ്ങ് ഉയർത്തിയ ഇദ്ദേഹത്തെ, അജഗണത്തിന്റെ നന്മയ്ക്കുവേണ്ടി, അപ്പസ്തോലികവരദാനങ്ങളാൽ അലങ്കരിക്കണമേ. കർത്താവായ...

ഈ ആമുഖഗീതി ഉപയോഗിക്കാവുന്നതാണ്.

### ആമുഖഗീതി: ക്രിസ്തുവിന്റെ പൗരോഹിത്യവും പുരോഹിതരുടെ ശുശ്രൂഷയും

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടും കൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ..

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**ങ്ങേ ഏകപുത്രനെ പരിശുദ്ധാത്മാവിന്റെ അഭിഷേകംവഴി, നവീനവും സനാതനവുമായ ഉടമ്പടിയുടെ പ്രധാനപുരോഹിതനായി അങ്ങ് അവരോധിക്കുകയും അങ്ങേ വിസ്മയനീയമായ പദ്ധതിയനുസരിച്ച് അങ്ങേ ഏകപൗരോഹിത്യം സഭയിൽ തുടർന്നുപോകാൻ തിരുവുള്ളമാകുകയും ചെയ്തുവല്ലോ.

**എ**ന്തെന്നാൽ, അങ്ങുതന്നെ, സ്വന്തമാക്കപ്പെട്ട ജനത്തെ രാജകീയപൗരോഹിത്യത്താൽ അലങ്കരിക്കുക മാത്രമല്ല, അങ്ങേ ദിവ്യശുശ്രൂഷയിൽ കൈവയ്പുവഴി പങ്കാളികളാകാൻ, സഹോദര നിർവിശേഷമായ സ്നേഹത്താൽ മനുഷ്യരെ തിരഞ്ഞെടുക്കുകയും ചെയ്തു.

**അ**ങ്ങേ മക്കൾക്ക് പെസഹാവിരുന്നൊരുക്കിക്കൊണ്ട് അങ്ങേ നാമത്താൽ, മനുഷ്യരക്ഷയുടെ ബലി അവർ നവീകരിക്കുകയും അങ്ങേ വിശുദ്ധജനത്തെ സ്നേഹത്തോടെ നയിക്കുകയും വചനത്താൽ പരിപോഷിപ്പിക്കുകയും കൂദാശകളാൽ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

**അ**ങ്ങയെപ്രതിയും സഹോദരരുടെ രക്ഷയ്ക്കുവേണ്ടിയും ആത്മാർപ്പണംചെയ്ത് ക്രിസ്തുവിനോട് അനുരൂപരാകാനും വിശ്വാസത്തിലും സ്നേഹത്തിലും അങ്ങേക്ക് നിരന്തരം സാക്ഷ്യം വഹിക്കാനും അവർ പരിശ്രമിക്കുന്നു.

**ആ**കയാൽ, കർത്താവേ, എല്ലാ മാലാഖമാരോടും വിശുദ്ധരോടും ചേർന്ന് അങ്ങയെ പ്രകീർത്തിച്ചുകൊണ്ട് ഞങ്ങളും ആഹ്ലാദപൂർവം പ്രഘോഷിക്കുന്നു:

പരിശുദ്ധൻ...

പുതിയതായി പട്ടംസ്വീകരിച്ച മെത്രാന്റെ പരാമർശം താഴെക്കൊടുത്തിരിക്കുന്ന രൂപങ്ങളിൽ നടത്തപ്പെടുന്നു:

(a) ഒന്നാമത്തെ സ്തോത്രയാഗ പ്രാർഥനയിൽ, നവമെത്രാന്റെ പ്രത്യേക ഉപാർപ്പണപ്രാർഥന (Hanc igitur) ചൊല്ലുന്നു:

അതിനാൽ കർത്താവേ, മെത്രാന്മാരുടെ ഗണത്തിലേക്ക് ഉയർത്താൻ അങ്ങ് തിരുവുള്ളമായ അയോഗ്യനായ അങ്ങേ ദാസൻ എനിക്കുവേണ്ടിയും അങ്ങേക്ക് ഞങ്ങളർപ്പിക്കുന്ന ഞങ്ങളുടെ സേവനത്തിന്റെയും അങ്ങേ കുടുംബം മുഴുവന്റെയും ഈ കാഴ്ചദ്രവ്യം സംപ്രീതിയോടെ സ്വീകരിക്കുകയും അങ്ങേ ദാനങ്ങൾ എന്നിൽ കാരുണ്യപൂർവം കാത്തുപാലിക്കുകയും ചെയ്യണമേ. അങ്ങനെ, ദൈവികനിയോഗത്തിലൂടെ ഞാൻ സ്വീകരിച്ചത് ദൈവികശക്തിയാൽ നിറവേറ്റപ്പെടുമാറാകട്ടെ. (ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളേണമേ, ആമേൻ).

മറ്റൊരു മെത്രാൻ പറയുന്നു:

അതിനാൽ കർത്താവേ, മെത്രാന്മാരുടെ ഗണത്തിലേക്ക് ഉയർത്താൻ അങ്ങ് തിരുവുള്ളമായ അങ്ങേ ദാസൻ N. നുവേണ്ടിയും അങ്ങേക്ക് ഞങ്ങളർപ്പിക്കുന്ന ഞങ്ങളുടെ സേവനത്തിന്റെയും അങ്ങേ കുടുംബം മുഴുവന്റെയും ഈ കാഴ്ചദ്രവ്യം സംപ്രീതിയോടെ സ്വീകരിക്കുകയും അങ്ങു നല്കിയ ദാനങ്ങൾ ഇദ്ദേഹത്തിൽ കാരുണ്യപൂർവം കാത്തുപാലിക്കുകയും ചെയ്യണമേ. അങ്ങനെ ദൈവികനിയോഗത്തിലൂടെ അദ്ദേഹം സ്വീകരിച്ചത് ദൈവികശക്തിയാൽ നിറവേറപ്പെടുമാറാകട്ടെ. (ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളണമേ, ആമേൻ).

(b) രണ്ടാമത്തെ സ്തോത്രയാഗപ്രാർഥനയിൽ ഒന്നായിച്ചേർക്കണമെന്ന് താഴ്മയോടെ അപേക്ഷിക്കുന്നു എന്നീ വാക്കുകൾക്കുശേഷം, നവമെത്രാൻ പറയുന്നു:

കർത്താവേ, ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന അങ്ങേ സഭയെ ഓർക്കണമേ. ഞങ്ങളുടെ പരിശുദ്ധ പിതാവായ N. പാപ്പായോടും (ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനോടും) N. സഭയുടെ ഇടയനായി ഇന്നു നല്കാൻ അങ്ങ് തിരുവുള്ളമായ അയോഗ്യദാസനായ എന്നോടും വൈദികഗണത്തോടുമൊത്ത് സഭയെ അങ്ങ് സ്നേഹത്തിന്റെ പൂർണതയിലെത്തിക്കണമേ.

മറ്റൊരു മെത്രാൻ ചൊല്ലുന്നു:

കർത്താവേ, ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന അങ്ങേ സഭയെ ഓർക്കണമേ. ഞങ്ങളുടെ പരിശുദ്ധ പിതാവായ N. പാപ്പായോടും (ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനോടും) അങ്ങേ അയോഗ്യ ദാസനായ എന്നോടും N. സഭയുടെ ഇടയനായി ഇന്ന് നല്കാൻ അങ്ങു തിരുവുള്ളമായ അങ്ങേ ദാസൻ N.നോടും വൈദികഗണത്തോടുമൊത്ത് സഭയെ അങ്ങ് സ്നേഹത്തിന്റെ പൂർണതയിലെത്തിക്കണമേ.

ഉയിർപ്പിന്റെ പ്രത്യാശയോടെ...

(c) മൂന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ, രക്ഷയും പരിപോഷിപ്പിക്കാൻ ഇടയാക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു എന്നീ വാക്കുകൾക്കുശേഷം, നവമെത്രാൻ പറയുന്നു:

അങ്ങേ ദാസനായ ഞങ്ങളുടെ N. പാപ്പായോടും (ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനോടും) ഇന്ന് N. സഭയുടെ ഇടയനായി അഭിഷേകം ചെയ്യപ്പെട്ട അങ്ങേ അയോഗ്യ ദാസനായ എന്നോടും മെത്രാൻ പദവിയിലുള്ളവരോടും എല്ലാ വൈദിക ഗണത്തോടും അങ്ങ് നേടിയെടുത്ത സകല ജനങ്ങളോടുമൊത്ത് ഈ ഭൂമിയിൽ തീർഥാടനംചെയ്യുന്ന അങ്ങേ സഭയെ വിശ്വാസത്തിലും സ്നേഹത്തിലും ഉറപ്പിക്കാൻ കനിയണമേ.

അങ്ങയുടെ തിരുമുമ്പിൽ...

മറ്റൊരു മെത്രാൻ ചൊല്ലുന്നു:

അങ്ങേ ദാസനായ ഞങ്ങളുടെ N. പാപ്പായോടും (ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനോടും) ഇന്ന് N. സഭയുടെ ഇടയനായി അഭിഷേകം ചെയ്യപ്പെട്ട അങ്ങേ ദാസൻ N. നോടും മെത്രാൻപദവിയിലുള്ളവരോടും എല്ലാ വൈദികഗണത്തോടും അങ്ങ് നേടിയെടുത്ത സകല ജനങ്ങളോടുമൊത്ത് ഈ ഭൂമിയിൽ തീർഥാടനംചെയ്യുന്ന അങ്ങേ സഭയെ വിശ്വാസത്തിലും സ്നേഹത്തിലും ഉറപ്പിക്കാൻ കനിയണമേ.

അങ്ങയുടെ തിരുമുമ്പിൽ...

(d) പ്രത്യേക ആമുഖഗീതി ഉപയോഗിക്കുന്നില്ലെങ്കിൽ, നാലാമത്തെ സ്തോത്രയാഗപ്രാർഥന ഉപയോഗിക്കാവുന്നതാണ്; ഇതിന്റെ മധ്യസ്ഥപ്രാർഥനകളിൽ, ക്രിസ്തുവിൽ ഒരു സജീവബലിയായി പരിണമിക്കുമാറാകട്ടെ എന്നീ വാക്കുകൾക്കുശേഷം, നവമെത്രാൻ ചൊല്ലുന്നു:

അതിനാൽ കർത്താവേ, ആർക്കെല്ലാംവേണ്ടി ഞങ്ങൾ ഈ ബലിയർപ്പിക്കുന്നുവോ, അവരെയെല്ലാം അങ്ങ് ഇപ്പോൾ ഓർക്കണമേ. വിശിഷ്യാ അങ്ങയുടെ ദാസനായ പാപ്പാ N. യെയും (ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനെയും) അങ്ങേ ജനത്തിന്റെ ശുശ്രൂഷയ്ക്കായി ഇന്ന് അങ്ങ് തിരഞ്ഞെടുക്കാൻ തിരുവുള്ളമായ അങ്ങേ അയോഗ്യദാസൻ എന്നെയും മെത്രാൻ പദവിയിലുള്ള സകലരെയും എല്ലാ വൈദികരെയും ഈ ബലിയർപ്പിക്കുന്നവരെയും ഇവിടെ സന്നിഹിതരായിരിക്കുന്നവരെയും അങ്ങേ സമസ്തജനത്തെയും ആത്മാർഥഹൃദയത്തോടെ അങ്ങയെ തേടുന്ന എല്ലാവരെയും ഓർക്കണമേ.

മാത്രമല്ല, അങ്ങേ ക്രിസ്തുവിന്റെ...

മറ്റൊരു മെത്രാൻ ചൊല്ലുന്നു:

അതിനാൽ കർത്താവേ, ആർക്കെല്ലാംവേണ്ടി ഞങ്ങൾ ഈ ബലിയർപ്പിക്കുന്നുവോ, അവരെയെല്ലാം അങ്ങ് ഇപ്പോൾ ഓർക്കണമേ. വിശിഷ്യ അങ്ങയുടെ ദാസനായ പാപ്പാ N. യെയും (ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനെയും) അങ്ങേ അയോഗ്യദാസനായ എന്നെയും അങ്ങേ ജനത്തിന്റെ ശുശ്രൂഷയ്ക്കായി ഇന്ന് അങ്ങ് തിരഞ്ഞെടുക്കാൻ തിരുവുള്ളമായ അങ്ങയുടെ ഈ ദാസൻ N. നെയും മെത്രാൻ പദവിയിലുള്ള സകലരെയും എല്ലാ വൈദികരെയും ഈ ബലിയർപ്പിക്കുന്നവരെയും ഇവിടെ സന്നിഹിതരായിരിക്കുന്നവരെയും അങ്ങേ സമസ്തജനത്തെയും ആത്മാർഥഹൃദയത്തോടെ അങ്ങയെ തേടുന്ന എല്ലാവരെയും ഓർക്കണമേ.

മാത്രമല്ല, അങ്ങേ ക്രിസ്തുവിന്റെ...

**ദിവ്യഭോജനപ്രഭണിതം** **യോഹ 17, 17-18**

കർത്താവ് അരുൾചെയ്യുന്നു: പരിശുദ്ധനായ പിതാവേ, അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ. അങ്ങ് എന്നെ ലോകത്തിലേക്കയച്ചതുപോലെ, ഞാനും അവരെ ലോകത്തിലേക്കയച്ചിരിക്കുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാർഥന

നവമെത്രാൻ സ്തോത്രയാഗകർമത്തിൽ മുഖ്യകാർമികത്വം വഹിക്കുമ്പോൾ ചൊല്ലുന്നു:

കർത്താവേ, അങ്ങേ കാരുണ്യത്തിന്റെ സമ്പൂർണഔഷധം ഞങ്ങളിൽ ഫലമണിയിക്കുകയും കാരുണ്യപൂർവം പൂർണതയിലെത്തിക്കുകയും ഞങ്ങളെ പരിപോഷിപ്പിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, എല്ലാറ്റിലും അങ്ങയെ പ്രസാദിപ്പിക്കാൻ ഞങ്ങൾ പ്രാപ്തരാകുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

മെത്രാൻപട്ടക്രമം നടത്തുന്ന മെത്രാൻ സ്തോത്രയാഗകർമത്തിന്റെ മുഖ്യകാർമികനെങ്കിൽ, ചൊല്ലുന്നു:

കർത്താവേ, ഈ രഹസ്യത്തിന്റെ ശക്തിയാൽ, മെത്രാനായ അങ്ങേ ഈ ദാസൻ N. ൽ അങ്ങേ കൃപാദാനങ്ങൾ വർധിപ്പിക്കണമേ. അങ്ങനെ, അജപാലനധർമത്താൽ അങ്ങയെ സമുചിതം ഇദ്ദേഹം ശുശ്രൂഷിക്കുകയും വിശ്വസ്തപരിപാലനത്തിന്റെ നിത്യസമ്മാനങ്ങൾ നേടുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## ദിവ്യപൂജയുടെ സമാപനാശീർവാദം

നവമെത്രാൻ സ്തോത്രയാഗകർമത്തിൽ മുഖ്യകാർമികത്വം വഹിക്കുമ്പോൾ, ജനങ്ങളുടെമേൽ കൈകൾവിരിച്ചുപിടിച്ച്, ഈ ആശീർവാദം നല്കുന്നു:

ദൈവമേ, അങ്ങേ ജനത്തെ ഔദാര്യത്തോടെ അങ്ങ് പരിപാലിക്കുകയും സ്നേഹംകൊണ്ട് ഭരിക്കുകയും ചെയ്യുന്നുവല്ലോ. അങ്ങ് ഭരണാധികാരം നല്കിയവർക്ക് ജ്ഞാനത്തിന്റെ ചൈതന്യം നല്കണമേ. അങ്ങനെ, വിശുദ്ധ അജഗണത്തിന്റെ അഭിവൃദ്ധിയിൽനിന്നുളവാകുന്നവയെല്ലാം അജപാലകരുടെ സനാതന സന്തോഷമായി ഭവിക്കുമാറാകട്ടെ.

R. ആമേൻ

അങ്ങേ മഹിമയുടെ ശക്തിയാൽ അങ്ങ് ഞങ്ങളുടെ ദിനങ്ങളുടെ എണ്ണവും കാലങ്ങളുടെ ദൈർഘ്യവും ക്രമീകരിക്കുന്നുവല്ലോ. ഞങ്ങളുടെ എളിമയുടെ ശുശ്രൂഷ കനിവോടെ കടാക്ഷിക്കുകയും ഞങ്ങളുടെ ഈ കാലയളവിൽ അങ്ങേ സമാധാനത്തിന്റെ സമ്പൂർണസമൃദ്ധി ചൊരിയുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ

അങ്ങേ കൃപവഴി, മെത്രാൻഗണത്തിലേക്ക് അങ്ങ് ഉയർത്താൻ തിരുവുള്ളമായ എന്നിലും ശുശ്രൂഷാധർമങ്ങൾ അങ്ങേക്ക് പ്രീതികരമാക്കി, ഫലപ്രാപ്തിയിലെത്തിക്കണമേ. ജനങ്ങളുടെയും അജപാലകരുടെയും ഹൃദയങ്ങൾ നയിക്കണമേ. അങ്ങനെ, അജപാലകരോടുള്ള

അജഗണങ്ങളുടെ അനുസരണം ഒരിക്കലും കുറയാതിരിക്കുകയും അജപാലനശുശ്രൂഷ അജഗണങ്ങൾക്ക് ഒരിക്കലും നഷ്ടമാകാതിരിക്കുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ.

ഇവിടെ കൂടിയിരിക്കുന്ന നിങ്ങളെ എല്ലാവരെയും സർവശക്തനായ ദൈവം പിതാവും ✠പുത്രനും ✠പരിശുദ്ധാത്മാവും ✠ അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ.

എന്നാൽ, മെത്രാൻപട്ടക്രമത്തിലെ പ്രധാനകാർമികനായ മെത്രാനാണ് സ്തോത്രയാഗകർമത്തിൽ മുഖ്യകാർമികത്വം വഹിക്കുന്നതെങ്കിൽ, നവ മെത്രാന്റെമേൽ കൈകൾ വിരിച്ചുപിടിച്ച് ഈ ആശീർവാദം നടത്തുന്നു:

കർത്താവ് താങ്കളെ തന്റെ ജനത്തിനു മഹാപുരോഹിതനായി നിയോഗിക്കാൻ തിരുവുള്ളമായതുപോലെ, അവിടന്ന് താങ്കളെ അനുഗ്രഹിക്കുകയും പരിപാലിക്കുകയും ചെയ്യട്ടെ; അങ്ങനെ, അവിടന്ന് ഇഹലോകത്ത് താങ്കളെ സന്തോഷഭരിതനാക്കുകയും പരലോകത്ത് നിത്യാനന്ദത്തിൽ പങ്കുചേരാൻ ഇടയാക്കുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ

അവിടത്തെ സഹായത്താൽ ഒരുമിച്ചുകൂട്ടാൻ കർത്താവ് തിരുവുള്ളമായ വൈദികരെയും ജനങ്ങളെയും അവിടത്തെ പരിപാലനത്താലും താങ്കളുടെ കാര്യസ്ഥതയാലും അനേകവർഷം സന്തോഷപൂർവം നയിക്കാൻ അവിടന്ന് ഇടയാക്കുമാറാകട്ടെ.

R. ആമേൻ

അവർ ദിവ്യകല്പനകൾ അനുസരിച്ചുകൊണ്ടും പ്രതിസന്ധികൾ തരണംചെയ്തുകൊണ്ടും സകലനന്മകളാലും നിറഞ്ഞുകൊണ്ടും വിശ്വാസത്തോടെ താങ്കളുടെ ശുശ്രൂഷയ്ക്ക് വിധേയപ്പെട്ടുകൊണ്ടും ഇഹലോകജീവിതത്തിൽ സമാധാനവും ശാന്തതയും അനുഭവിക്കുകയും പരലോകത്തിലെ പൗരന്മാരുടെ സമൂഹത്തിൽ താങ്കളോടു പങ്കുചേരാൻ അർഹരാകുകയും ചെയ്യുമാറാകട്ടെ

R. ആമേൻ

എല്ലാ ജനങ്ങളെയും, ഇപ്രകാരം കൂട്ടിച്ചേർത്തുകൊണ്ട്, അദ്ദേഹം ആശീർവദിക്കുന്നു:

ഇവിടെ കൂടിയിരിക്കുന്ന നിങ്ങളെയെല്ലാവരെയും സർവശക്തനായ ദൈവം പിതാവും ✠പുത്രനും ✠പരിശുദ്ധാത്മാവും ✠ അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ

# B

## ഒന്നിലധികം മെത്രാന്മാരുടെ പട്ടക്രമം

**പ്രവേശകപ്രഭണിതം** **Cf. ലൂക്കാ 4,18**

കർത്താവിന്റെ ആത്മാവ് എന്റെമേലുണ്ട്; ദരിദ്രരെ സുവിശേഷം അറിയിക്കാനും ഹൃദയം നുറുങ്ങിയവരെ സുഖപ്പെടുത്താനും അവിടന്ന് എന്നെ അഭിഷേചിച്ചിരിക്കുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

**സമിതിപ്രാർഥന**

ദൈവമേ, അവർണനീയമായ കൃപാസമൃദ്ധി ഒന്നുകൊണ്ടുമാത്രം പുരോഹിതനായ അങ്ങേ ഈ ദാസരെ ഈ ദിനം മഹാപൗരോഹിത്യത്തിന്റെ ശുശ്രൂഷയിലേക്ക് ഉയർത്താൻ അങ്ങ് തിരുവുള്ളമായല്ലോ. മെത്രാൻധർമം സമുചിതം നിറവേറ്റാനും എല്ലാറ്റിലും അങ്ങേ പരിപാലനം ദർശിച്ചുകൊണ്ട്, ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ജനത്തെ വാക്കാലും മാതൃകയാലും നയിക്കാനും ഇവർക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

അഥവാ, പ്രത്യേകിച്ച് ഒരു രൂപതയിൽ താമസിക്കാത്ത മെത്രാന്മാരുടെ പട്ടക്രമത്തിൽ:

നിത്യ ഇടയനായ ദൈവമേ, അങ്ങേ അജഗണത്തെ നിരന്തര സംരക്ഷണത്താൽ ഭരിച്ചുകൊണ്ട്, വൈദികരായ അങ്ങേ ദാസരെ, ഈ ദിനം മെത്രാന്മാരുടെ സംഘത്തിൽ ചേർക്കാൻ അങ്ങ് തിരുവുള്ളമായല്ലോ. വിശുദ്ധമായ അവരുടെ ജീവിതശൈലിയാൽ, ക്രിസ്തുവിന്റെ യഥാർഥസാക്ഷികളായി എല്ലായിടത്തും അവർ പ്രത്യക്ഷപ്പെടാൻ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു. എന്നെന്നും...

നിർദേശങ്ങൾക്കനുസരിച്ച്, വിശ്വാസപ്രമാണം ചൊല്ലുന്നു; വിശ്വാസികളുടെപ്രാർഥന വിട്ടുകളയുന്നു.

## നൈവേദ്യപ്രാർഥന

പുതിയതായി പട്ടംസ്വീകരിച്ച മെത്രാൻ, സ്തോത്രയാഗകർമത്തിൽ മുഖ്യകാർമികത്വം വഹിക്കുമ്പോൾ, ചൊല്ലുന്നു:

കർത്താവേ, ഞങ്ങളുടെ ശുശ്രൂഷയുടെ വർധനയ്ക്കായി, ഈ സ്തോത്രബലി അങ്ങേക്ക് ഞങ്ങളർപ്പിക്കുന്നു. അങ്ങനെ, അയോഗ്യരായ ഞങ്ങളിൽ അങ്ങു ചൊരിയുന്നത്, കനിവാർന്ന് പൂർണതയിലെത്തിക്കുമാറാകട്ടെ. കർത്താവായ...

മെത്രാഭിഷേകം നടത്തുന്ന കാർമികനായ മെത്രാൻ, സ്തോത്രയാഗകർമത്തിൽ മുഖ്യകാർമികത്വം വഹിക്കുമ്പോൾ, പറയുന്നു:

കർത്താവേ, അങ്ങേ സഭയ്ക്കുവേണ്ടിയും നവമായി മെത്രാന്മാരായി അഭിഷേകംചെയ്യപ്പെട്ട അങ്ങേ ദാസർക്കുവേണ്ടിയും അർപ്പിച്ച ഈ കാഴ്ചദ്രവ്യം അങ്ങേക്കു സ്വീകാര്യമായ ദാനമായിത്തീരട്ടെ. അങ്ങേ ജനത്തിൽനിന്ന് മഹാപുരോഹിതന്മാരായി അങ്ങ് ഉയർത്തിയ ഇവരെ, അജഗണത്തിന്റെ നന്മയ്ക്കുവേണ്ടി, അപ്പസ്തോലികവരദാനങ്ങളാൽ അങ്ങ് അലങ്കരിക്കണമേ. കർത്താവായ...

ആമുഖഗീതി: ക്രിസ്തുവിന്റെ പൗരോഹിത്യവും പുരോഹിതരുടെ ശുശ്രൂഷയും (p)

പുതിയതായി പട്ടം സ്വീക്കരിച്ച മെത്രാന്റെ പരാമർശനം താഴെക്കൊടുത്തിരിക്കുന്ന രൂപങ്ങളിൽ നടത്തപ്പെടുന്നു:

(a) ഒന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ, ഒരു നവമെത്രാൻ പ്രത്യേക ഉപാർപ്പണപ്രാർഥന (Hanc igitur) ചൊല്ലുന്നു.

അതിനാൽ കർത്താവേ, മെത്രാന്മാരുടെ ഗണത്തിലേക്ക് ഉയർത്താൻ അങ്ങ് തിരുവുള്ളമായ അയോഗ്യനായ അങ്ങേ ദാസൻ എനിക്കുവേണ്ടിയും അങ്ങേ ഈ ദാസർക്കുവേണ്ടിയും അങ്ങേക്ക് ഞങ്ങളർപ്പിക്കുന്ന ഞങ്ങളുടെ സേവനത്തിന്റെയും അങ്ങേ കുടുംബം മുഴുവന്റെയും ഈ കാഴ്ചദ്രവ്യം സംപ്രീതിയോടെ സ്വീകരിക്കുകയും അങ്ങ് നല്കിയ ദാനങ്ങൾ ഞങ്ങളിൽ കാരുണ്യപൂർവം കാത്തുപാലിക്കുകയും ചെയ്യണമേ. അങ്ങനെ, ദൈവികനിയോഗത്തിലൂടെ സ്വീകരിച്ചത്, ദൈവികശക്തിയാൽ നിറവേറ്റപ്പെടുമാറാകട്ടെ. (ഞങ്ങളുടെ കർത്താവായ ക്രിസ്തു വഴി സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളണമേ, ആമേൻ).

മറ്റൊരു മെത്രാൻ പറയുന്നു:

അതിനാൽ കർത്താവേ, മെത്രാന്മാരുടെ ഗണത്തിലേക്ക് ഉയർത്താൻ അങ്ങ് തിരുവുള്ളമായ അങ്ങേ ഈ ദാസർക്കുവേണ്ടി അങ്ങേക്കു ഞങ്ങളർപ്പിക്കുന്ന ഞങ്ങളുടെ സേവനത്തിന്റെയും അങ്ങേ കുടുംബം മുഴുവന്റെയും ഈ കാഴ്ചദ്രവ്യം സംപ്രീതിയോടെ സ്വീകരിക്കുകയും അങ്ങ് നല്കിയ ദാനങ്ങൾ ഇവരിൽ കാരുണ്യ പൂർവം കാത്തുപാലിക്കുകയും ചെയ്യണമേ. അങ്ങനെ, ദൈവികനി യോഗത്തിലൂടെ സ്വീകരിച്ചത്, ദൈവികശക്തിയാൽ നിറവേറ്റപ്പെടു മാറാകട്ടെ. (ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളണമേ, ആമേൻ).

(b) രണ്ടാമത്തെ സ്തോത്രയാഗപ്രാർഥനയിൽ ഒന്നായിച്ചേർക്കണമെന്ന് താഴ്മ യോടെ അപേക്ഷിക്കുന്നു എന്നീ വാക്കുകൾക്കുശേഷം ഒരു നവ മെത്രാൻ പറയുന്നു:

കർത്താവേ, ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന അങ്ങേ സഭയെ ഓർക്കണമേ. ഞങ്ങളുടെ പരിശുദ്ധ പിതാവായ N. പാപ്പാ യോടും (ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനോടും) ഇന്ന് സഭയുടെ ഇടയന്മാരായി നല്കാൻ അങ്ങ് തിരുവുള്ളമായ അയോ ഗ്യനായ അങ്ങേ ദാസൻ എന്നോടും അങ്ങേ ഈ ദാസരോടും വൈദികഗണത്തോടുമൊത്ത് സഭയെ അങ്ങ് സ്നേഹത്തിന്റെ പൂർണതയിൽ എത്തിക്കണമേ.

ഉയിർപ്പിന്റെ പ്രത്യാശയോടെ...

(c) മൂന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ രക്ഷയും പരിപോഷിപ്പിക്കാൻ ഇടയാക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു എന്നീ വാക്കുകൾക്കുശേഷം ഒരു നവമെത്രാൻ പറയുന്നു:

അങ്ങേ ദാസനായ ഞങ്ങളുടെ N. പാപ്പായോടും (ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനോടും) ഇന്ന് സഭയുടെ ഇടയന്മാ രായി അഭിഷേകംചെയ്യപ്പെട്ട അങ്ങേ അയോഗ്യദാസനായ എന്നോടും അങ്ങേ ഈ ദാസരോടും മെത്രാൻ പദവിയിലുള്ളവ രോടും എല്ലാ വൈദികഗണത്തോടും അങ്ങ് നേടിയെടുത്ത സകല ജനങ്ങളോടുമൊത്ത് ഈ ഭൂമിയിൽ തീർഥാടനംചെയ്യുന്ന അങ്ങേ സഭയെ വിശ്വാസത്തിലും സ്നേഹത്തിലും ഉറപ്പിക്കാൻ കനിയണമേ.

അങ്ങയുടെ തിരുമുമ്പിൽ...

(d) പ്രത്യേക ആമുഖഗീതി ഉപയോഗിക്കുന്നില്ലെങ്കിൽ, നാലാമത്തെ സ്തോത്രയാഗ പ്രാർഥന ഉപയോഗിക്കാവുന്നതാണ്; ഇതിന്റെ മധ്യസ്ഥപ്രാർഥനകളിൽ, ക്രിസ്തുവിന്റെ ഒരു സജീവബലിയായി പരിണമിക്കുമാറാകട്ടെ എന്നീ വാക്കുകൾക്കുശേഷം, നവമെത്രാൻ പറയുന്നു:

അതിനാൽ കർത്താവേ, ആർക്കെല്ലാംവേണ്ടി ഞങ്ങൾ ഈ ബലിയർപ്പിക്കുന്നുവോ, അവരെയെല്ലാം അങ്ങ് ഇപ്പോൾ ഓർക്കണമേ. വിശിഷ്യ അങ്ങയുടെ ദാസനായ N. പാപ്പായെയും (ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനെയും) അങ്ങേ ജനത്തിന്റെ ശുശ്രൂഷയ്ക്കായി ഇന്ന് അങ്ങ് തിരഞ്ഞെടുക്കാൻ തിരുവുള്ളമായ അങ്ങേ അയോഗ്യദാസൻ എന്നെയും അങ്ങേ ഈ ദാസരെയും മെത്രാൻപദവിയിലുള്ള സകലരെയും എല്ലാ വൈദികരെയും ഈ ബലിയർപ്പിക്കുന്നവരെയും ഇവിടെ സന്നിഹിതരായിരിക്കുന്നവരെയും അങ്ങേ സമസ്തജനത്തെയും ആത്മാർഥഹൃദയത്തോടെ അങ്ങേ തേടുന്ന എല്ലാവരെയും ഓർക്കണമേ.

മാത്രമല്ല, അങ്ങേ ക്രിസ്തുവിന്റെ...

## ദിവ്യഭോജനപ്രഭണിതം — യോഹ 17,17–18

കർത്താവ് അരുൾചെയ്യുന്നു: പരിശുദ്ധനായ പിതാവേ, അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ. അങ്ങ് എന്നെ ലോകത്തിലേക്കയച്ചതുപോലെ, ഞാനും അവരെ ലോകത്തിലേക്കയച്ചിരിക്കുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാർഥന

നവമെത്രാൻ സ്തോത്രയാഗകർമത്തിൽ മുഖ്യകാർമികത്വം വഹിക്കുമ്പോൾ ചൊല്ലുന്നു:

കർത്താവേ, അങ്ങേ കാരുണ്യത്തിന്റെ സമ്പൂർണ ഔഷധം ഞങ്ങളിൽ ഫലമണിയിക്കുകയും കാരുണ്യപൂർവം പൂർണതയിലെത്തിക്കുകയും ഞങ്ങളെ പരിപോഷിപ്പിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, എല്ലാറ്റിലും അങ്ങയെ പ്രസാദിപ്പിക്കാൻ ഞങ്ങൾ പ്രാപ്തരാകുമാറാകട്ടെ. കർത്താവായ...

മെത്രാൻപട്ടക്രമം നടത്തുന്ന മെത്രാൻ സ്തോത്രയാഗകർമത്തിന്റെ മുഖ്യ കാർമികനാണെങ്കിൽ, ചൊല്ലുന്നു:

കർത്താവേ, ഈ രഹസ്യത്തിന്റെ ശക്തിയാൽ, മെത്രാന്മാരായ അങ്ങേ ഈ ദാസരിൽ അങ്ങേ കൃപാദാനങ്ങൾ വർധിപ്പിക്കണമേ. അങ്ങനെ, അജപാലനധർമത്താൽ അങ്ങയെ യഥാ യോഗ്യം ഇവർ ശുശ്രൂഷിക്കുകയും വിശ്വസ്തപരിപാലനത്തിന്റെ നിത്യസമ്മാനങ്ങൾ നേടുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## ദിവ്യപൂജയുടെ സമാപനാശീർവാദം

നവമെത്രാൻ സ്തോത്രയാഗകർമത്തിൽ മുഖ്യകാർമികത്വം വഹിക്കുമ്പോൾ, ജനങ്ങളുടെമേൽ കൈകൾവിരിച്ചുപിടിച്ച് ഈ ആശീർവാദം നല്കുന്നു:

ദൈവമേ, അങ്ങേ ജനത്തെ ഔദാര്യത്താൽ അങ്ങ് പരിപാലിക്കുകയും സ്നേഹംകൊണ്ട് ഭരിക്കുകയും ചെയ്യുന്നുവല്ലോ. അങ്ങ് ഭരണാധികാരം നല്കിയവർക്ക് ജ്ഞാനത്തിന്റെ ചൈതന്യം നല്കണമേ. അങ്ങനെ, വിശുദ്ധഅജഗണത്തിന്റെ അഭിവൃദ്ധിയിൽനിന്നുളവാകുന്നവയെല്ലാം അജപാലകരുടെ സനാതന സന്തോഷമായി ഭവിക്കുമാറാകട്ടെ.

R. ആമേൻ.

അങ്ങേ മഹിമയുടെ ശക്തിയാൽ അങ്ങ് ഞങ്ങളുടെ ദിനങ്ങളുടെ എണ്ണവും കാലങ്ങളുടെ ദൈർഘ്യവും ക്രമീകരിക്കുന്നുവല്ലോ. ഞങ്ങളുടെ എളിമയുടെ ശുശ്രൂഷ കനിവോടെ കടാക്ഷിക്കുകയും ഞങ്ങളുടെ ഈ കാലയളവിൽ അങ്ങേ സമാധാനത്തിന്റെ സമ്പൂർണസമൃദ്ധി ചൊരിയുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ.

അങ്ങേകൃപവഴി, മെത്രാൻഗണത്തിലേക്ക് അങ്ങ് ഉയർത്താൻ തിരുവുള്ളമായ ഞങ്ങളിലും ശുശ്രൂഷാധർമങ്ങൾ അങ്ങേക്ക് പ്രീതികരമാക്കി, ഫലപ്രാപ്തിയിലെത്തിക്കണമേ. ജനങ്ങളുടെയും അജപാലകരുടെയും ഹൃദയങ്ങൾ നയിക്കണമേ. അങ്ങനെ, അജപാലകരോടുള്ള അജഗണങ്ങളുടെ അനുസരണം ഒരിക്കലും കുറയാതിരിക്കുകയും അജപാലനശുശ്രൂഷ അജഗണങ്ങൾക്ക് ഒരിക്കലും നഷ്ടമാകാതിരിക്കുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ.

ഇവിടെ കൂടിയിരിക്കുന്ന നിങ്ങളെ എല്ലാവരെയും സർവശക്തനായ ദൈവം പിതാവും ✠പുത്രനും ✠ പരിശുദ്ധാത്മാവും ✠ അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ.

എന്നാൽ, മെത്രാൻപട്ടക്രമത്തിലെ പ്രധാനകാർമികനായ മെത്രാൻ സ്തോത്രയാഗകർമത്തിൽ മുഖ്യകാർമികത്വം വഹിക്കുന്നതെങ്കിൽ, നവ മെത്രാന്മാരുടെ മേൽ കൈകൾ വിരിച്ചുപിടിച്ച് ഈ ആശീർവാദം നടത്തുന്നു:

കർത്താവ് നിങ്ങളെ തന്റെ ജനത്തിനു മഹാപുരോഹിതരായി നിയോഗിക്കാൻ തിരുവുള്ളമായതുപോലെ, അവിടന്ന് നിങ്ങളെ അനുഗ്രഹിക്കുകയും പരിപാലിക്കുകയും ചെയ്യട്ടെ; അങ്ങനെ, അവിടന്ന് ഇഹലോകത്ത് നിങ്ങളെ സന്തോഷഭരിതരാക്കുകയും പരലോകത്ത് നിത്യാനന്ദത്തിൽ പങ്കുചേരാൻ ഇടയാക്കുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ.

അവിടത്തെ സഹായത്താൽ ഒരുമിച്ചുകൂടാൻ കർത്താവ് തിരുവുള്ളമായ വൈദികരെയും ജനങ്ങളെയും അവിടത്തെ പരിപാലനത്താലും നിങ്ങളുടെ കാര്യസ്ഥതയാലും അനേകവർഷം സന്തോഷപൂർവം നയിക്കാൻ അവിടന്ന് ഇടയാക്കുമാറാകട്ടെ.

R. ആമേൻ.

അവർ ദിവ്യകല്പനകൾ അനുസരിച്ചുകൊണ്ടും പ്രതിസന്ധികൾ തരണംചെയ്തുകൊണ്ടും സകലനന്മകളാലും നിറഞ്ഞുകൊണ്ടും വിശ്വാസത്തോടെ നിങ്ങളുടെ ശുശ്രൂഷയ്ക്ക് വിധേയപ്പെട്ടുകൊണ്ടും ഇഹലോകജീവിതത്തിൽ സമാധാനവും ശാന്തതയും അനുഭവിക്കുകയും പരലോകത്തിലെ പൗരന്മാരുടെ സമൂഹത്തിൽ നിങ്ങളോടുകൂടെ പങ്കുചേരാൻ അർഹരാകുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ.

എല്ലാ ജനങ്ങളെയും ഇപ്രകാരം കൂട്ടിച്ചേർത്തുകൊണ്ട് അദ്ദേഹം ആശീർവദിക്കുന്നു:

ഇവിടെ കൂടിയിരിക്കുന്ന നിങ്ങളെയെല്ലാവരെയും സർവശക്തനായ ദൈവം പിതാവും ✠പുത്രനും ✠ പരിശുദ്ധാത്മാവും ✠ അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ.

# 2. വൈദികരുടെ പട്ടക്രമം

മഹോത്സവങ്ങൾ, ആഗമനകാലം, പെസഹാക്കാലം എന്നിവയിലെ ഞായറാഴ്ചകൾ, പെസഹാ അഷ്ഠദിനങ്ങൾ എന്നിവ ഒഴികേയുള്ള ദിവസങ്ങളിൽ വെള്ളനിറത്തോടെയോ തിരുനാളിന്റെ നിറത്തോടെയോ ഈ കർമാനുഷ്ഠാനപൂജ നടത്താവുന്നതാണ്. ഈ ദിവസങ്ങളിൽ നടത്തപ്പെടുമ്പോൾ അതതുദിവസത്തെ ദിവ്യപൂജ ചൊല്ലുന്നു.

## A

## ഒന്നിലധികം വൈദികരുടെ പട്ടക്രമം

### പ്രവേശകപ്രഭണിതം ജറെ 3,15

എനിക്കിഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്കു തരും. അവർ ജ്ഞാനത്തോടും വിവേകത്തോടുംകൂടെ നിങ്ങളെ പാലിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

### സമിതിപ്രാർഥന

ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങേ ജനത്തെ ഭരിക്കുന്നതിന്, വൈദികരുടെ ശുശ്രൂഷ അങ്ങ് പ്രയോജനപ്പെടുത്തുന്നുവല്ലോ. ഇന്ന് വൈദികശുശ്രൂഷയിലേക്ക് അങ്ങ് തിരഞ്ഞെടുക്കാൻ തിരുവുള്ളമായ അങ്ങേ സഭയുടെ ഈ ഡീക്കന്മാർക്ക്, അങ്ങേ തിരുമനസ്സിനോടുള്ള നിരന്തരവിധേയത്വം നല്കണമേ. അങ്ങനെ, അവരുടെ ശുശ്രൂഷാധർമത്താലും ജീവിതത്താലും ക്രിസ്തുവിൽ അങ്ങേ മഹത്ത്വം പ്രാപിക്കാൻ അവർ പ്രാപ്തരാകുമാറാകട്ടെ. എന്നെന്നും...

നിർദേശങ്ങളനുസരിച്ച്, വിശ്വാസപ്രമാണം ചൊല്ലുന്നു; വിശ്വാസികളുടെ പ്രാർഥന വിട്ടുകളയുന്നു.

### നൈവേദ്യപ്രാർഥന

ദൈവമേ, അങ്ങേ പുരോഹിതർ വിശുദ്ധ അൾത്താരയെയും അങ്ങേ ജനത്തെയും ശുശ്രൂഷിക്കാൻ അങ്ങ് തിരുവുള്ളമായല്ലോ. ഈ ബലിയുടെ ശക്തിയാൽ, അങ്ങേ ദാസരുടെ ശുശ്രൂഷ അങ്ങേക്ക് എന്നും പ്രീതികരമായിരിക്കാനും അങ്ങേ സഭയിൽ എന്നെന്നും നിലനില്ക്കുന്ന ഫലം പുറപ്പെടുവിക്കാനും കാരുണ്യപൂർവം അനുഗ്രഹിക്കണമേ. കർത്താവായ...

ആമുഖഗീതി: ക്രിസ്തുവിന്റെ പൗരോഹിത്യവും പുരോഹിതരുടെ ശുശ്രൂഷയും

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടും കൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**ങ്ങേ ഏകപുത്രനെ പരിശുദ്ധാത്മാവിന്റെ അഭിഷേകംവഴി, നവീനവും സനാതനവുമായ ഉടമ്പടിയുടെ പ്രധാനപുരോഹിതനായി അങ്ങ് അവരോധിക്കുകയും അങ്ങേ വിസ്മയനീയമായ പദ്ധതിയനുസരിച്ച് അവിടത്തെ ഏകപൗരോഹിത്യം സഭയിൽ തുടർന്നുപോകാൻ തിരുവുള്ളമാകുകയും ചെയ്തുവല്ലോ.

**എ**ന്തെന്നാൽ, അവിടന്നുതന്നെ, സ്വന്തമാക്കപ്പെട്ട ജനത്തെ രാജകീയപൗരോഹിത്യത്താൽ അലങ്കരിക്കുക മാത്രമല്ല, അങ്ങേ ദിവ്യശുശ്രൂഷയിൽ കൈവയ്പുവഴി പങ്കാളികളാകാൻ, സഹോദരനിർവിശേഷമായ സ്നേഹത്താൽ മനുഷ്യരെ തിരഞ്ഞെടുക്കുകയും ചെയ്തു.

**അ**ങ്ങേ മക്കൾക്ക് പെസഹാവിരുന്നൊരുക്കിക്കൊണ്ട് അവിടത്തെ നാമത്താൽ, മനുഷ്യരക്ഷയുടെ ബലി അവർ നവീകരിക്കുകയും അങ്ങേ വിശുദ്ധജനത്തെ സ്നേഹത്തോടെ നയിക്കുകയും വചനത്താൽ പരിപോഷിപ്പിക്കുകയും കൂദാശകളാൽ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

**അ**ങ്ങയെപ്രതിയും സഹോദരരുടെ രക്ഷയ്ക്കുവേണ്ടിയും ആത്മാർപ്പണംചെയ്ത് ക്രിസ്തുവിനോട് അനുരൂപരാകാനും വിശ്വാസത്തിലും സ്നേഹത്തിലും അങ്ങേക്ക് നിരന്തരം സാക്ഷ്യം വഹിക്കാനും അവർ പരിശ്രമിക്കുന്നു.

**ആ**കയാൽ, കർത്താവേ, എല്ലാ മാലാഖമാരോടും വിശുദ്ധരോടുംചേർന്ന് അങ്ങയെ പ്രകീർത്തിച്ചുകൊണ്ട് ഞങ്ങളും ആഹ്ലാദപൂർവം പ്രഘോഷിക്കുന്നു:

പരിശുദ്ധൻ...

സ്തോത്രയാഗപ്രാർഥനയിൽ പുതിയതായി പട്ടം സ്വീകരിച്ച വൈദികരുടെ പരാമർശം താഴെകൊടുത്തിരിക്കുന്ന രൂപങ്ങളിൽ നടത്തപ്പെടുന്നു:

(a). ഒന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ, പ്രത്യേക ഉപാർപ്പണ പ്രാർഥന (Hanc igitur) ചൊല്ലുന്നു.

അതിനാൽ കർത്താവേ, പൗരോഹിത്യശുശ്രൂഷയിലേക്ക് അങ്ങ് ഉയർത്താൻ തിരുവുള്ളമായ അങ്ങേ ഈ ദാസർക്കുവേണ്ടി അങ്ങേക്ക് ഞങ്ങളർപ്പിക്കുന്ന ഞങ്ങളുടെ സേവനത്തിന്റെയും അങ്ങേ കുടുംബം മുഴുവന്റെയും ഈ കാഴ്ചദ്രവ്യം സംപ്രീതിയോടെ സ്വീകരിക്കുകയും അങ്ങ് നല്കിയ ദാനങ്ങൾ ഇവരിൽ കാരുണ്യപൂർവം കാത്തുപാലിക്കുകയും ചെയ്യണമേ. അങ്ങനെ, ദൈവികനിയോഗത്തിലൂടെ സ്വീകരിച്ചത്, ദൈവികശക്തിയാൽ നിറവേറപ്പെടുമാറാകട്ടെ. (ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളണമേ, ആമേൻ).

(b). രണ്ടാമത്തെ സ്തോത്രയാഗപ്രാർഥനയിൽ ഒന്നായിച്ചേർക്കണമെന്ന് താഴ്മയോടെ അപേക്ഷിക്കുന്നു എന്നീ വാക്കുകൾക്കുശേഷം പറയുന്നു:

കർത്താവേ, ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന അങ്ങേ സഭയെ ഓർക്കണമേ. ഞങ്ങളുടെ പരിശുദ്ധ പിതാവായ N. പാപ്പായോടും ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനോടുമൊത്ത് സഭയെ അങ്ങ് സ്നേഹത്തിന്റെ പൂർണതയിൽ എത്തിക്കണമേ. ഇന്ന് സഭയുടെ വൈദികരായി നല്കാൻ അങ്ങ് തിരുവുള്ളമായ അങ്ങേ ഈ ദാസരെയും സകല വൈദികരെയും ഓർക്കണമേ.

ഉയിർപ്പിന്റെ പ്രത്യാശയോടെ...

(c) മൂന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ 'രക്ഷയും പരിപോഷിപ്പിക്കാൻ ഇടയാക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു' എന്നീ വാക്കുകൾക്കുശേഷം പറയുന്നു:

അങ്ങേ ദാസനായ ഞങ്ങളുടെ N. പാപ്പായോടും ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനോടും മെത്രാൻപദവിയിലുള്ളവരോടും ഇന്ന് സഭയുടെ പുരോഹിതരായി അഭിഷേകം ചെയ്യപ്പെട്ട അങ്ങേ ഈ ദാസരോടും വൈദികഗണത്തോടും അങ്ങ് നേടിയെടുത്ത സകല ജനങ്ങളോടുമൊത്ത് ഈ ഭൂമിയിൽ തീർഥാടനംചെയ്യുന്ന അങ്ങേ സഭയെ വിശ്വാസത്തിലും സ്നേഹത്തിലും ഉറപ്പിക്കാൻ കനിയണമേ.

അങ്ങയുടെ തിരുമുമ്പിൽ...

(d) പ്രത്യേക ആമുഖഗീതി ഉപയോഗിക്കുന്നില്ലെങ്കിൽ, നാലാമത്തെ സ്തോത്രയാഗപ്രാർഥന ഉപയോഗിക്കാവുന്നതാണ്; ഇതിന്റെ മദ്ധ്യസ്ഥപ്രാർഥനകളിൽ, ക്രിസ്തുവിന്റെ ഒരു സജീവബലിയായി പരിണമിക്കുമാറാകട്ടെ എന്നീ വാക്കുകൾക്കുശേഷം പറയുന്നു:

അതിനാൽ കർത്താവേ, ആർക്കെല്ലാംവേണ്ടി ഞങ്ങൾ ഈ ബലിയർപ്പിക്കുന്നുവോ, അവരെയെല്ലാം അങ്ങ് ഇപ്പോൾ ഓർക്കണമേ. വിശിഷ്യ അങ്ങയുടെ ദാസനായ N. പാപ്പായെയും ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനെയും മെത്രാൻ പദവിയിലുള്ള സകലരെയും അങ്ങേ ജനത്തിന്റെ പൗരോഹിത്യ ശുശ്രൂഷക്കായി ഇന്ന് അങ്ങ് തിരഞ്ഞെടുക്കാൻ തിരുവുള്ളമായ അങ്ങേ ഈ ദാസരെയും എല്ലാ വൈദികരെയും ഈ ബലിയർപ്പിക്കുന്നവരെയും ഇവിടെ സന്നിഹിതരായിരിക്കുന്നവരെയും അങ്ങേ സമസ്ത ജനത്തെയും ആത്മാർഥഹൃദയത്തോടെ അങ്ങയെ തേടുന്ന എല്ലാവരെയും ഓർക്കണമേ.

മാത്രമല്ല, അങ്ങേ ക്രിസ്തുവിന്റെ...

**ദിവ്യഭോജനപ്രഭണിതം** **മർക്കോ 16,15;മത്താ 28,20**

കർത്താവ് അരുൾചെയ്യുന്നു: നിങ്ങൾ ലോകമെങ്ങുംപോയി സുവിശേഷം പ്രസംഗിക്കുവിൻ; യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഞങ്ങളർപ്പിക്കുകയും സ്വീകരിക്കുകയും ചെയ്ത ഈ ബലി അങ്ങേ പുരോഹിതരെയും അങ്ങേ എല്ലാ ദാസരെയും ഉജ്ജീവിപ്പിക്കട്ടെ. അങ്ങനെ, നിരന്തരസ്നേഹത്താൽ അങ്ങയോട് ഒന്നായിച്ചേർന്ന്, അങ്ങേ മഹിമയ്ക്ക് അർഹമായ ശുശ്രൂഷചെയ്യാൻ അവർ യോഗ്യരാകുമാറാകട്ടെ. കർത്താവായ...

**ദിവ്യപൂജയുടെ സമാപനാശീർവാദം**

നവവൈദികരുടെയും ജനത്തിന്റെയുംമേൽ, മെത്രാൻ കൈകൾവിരിച്ചുപിടിച്ചുകൊണ്ട് പറയുന്നു:

സഭയുടെ സ്ഥാപകനും നിയന്താവുമായ ദൈവം, പൗരോഹിത്യധർമം വിശ്വസ്തമനസ്സോടെ നിർവഹിക്കാൻ, തന്റെ കൃപയാൽ നിങ്ങളെ നിരന്തരം കാത്തുപാലിക്കുമാറാകട്ടെ.

R. ആമേൻ.

അവിടന്ന് നിങ്ങളെ ലോകത്തിൽ ദിവ്യസ്നേഹത്തിന്റെയും സത്യത്തിന്റെയും ശുശ്രൂഷകരും സാക്ഷികളും അനുരഞ്ജന ത്തിന്റെ വിശ്വസ്ത കാർമികരും ആയിത്തീരാൻ ഇടയാക്കുമാറാകട്ടെ.

R. ആമേൻ.

അവിടന്ന് നിങ്ങളെ, ക്രിസ്തുശരീരത്തിന്റെ ഐക്യത്തി ലേക്ക് കൂടുതലായി വളരാൻ, ജീവനുള്ള അപ്പവും ജീവന്റെ വച നവും വിശ്വാസികൾക്കു നല്കുന്ന യഥാർഥ ഇടയന്മാരുമായിത്തീ രാൻ ഇടയാക്കുമാറാകട്ടെ.

R. ആമേൻ.

തുടർന്ന്, ഇപ്രകാരം കൂട്ടിച്ചേർത്തുകൊണ്ട്, എല്ലാ ജനങ്ങളെയും അദ്ദേഹം ആശീർവദിക്കുന്നു:

ഇവിടെ കൂടിയിരിക്കുന്ന നിങ്ങളെയെല്ലാവരെയും സർവശ ക്തനായ ദൈവം പിതാവും ✠പുത്രനും ✠പരിശുദ്ധാത്മാവും ✠ അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ.

# B

## ഒരു വൈദികന്റെ പട്ടക്രമം

**പ്രവേശകപ്രഭണിതം** **ജറെ 3,15**

എനിക്കിഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്കു തരും. അവർ ജ്ഞാനത്തോടും വിവേകത്തോടുംകൂടെ നിങ്ങളെ പാലിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

**സമിതിപ്രാർഥന**

ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങേ ജനത്തെ ഭരിക്കുന്നതിന്, വൈദികരുടെ ശുശ്രൂഷ അങ്ങ് പ്രയോജനപ്പെടുത്തുന്നുവല്ലോ. ഇന്ന് വൈദികശുശ്രൂഷയിലേക്ക് അങ്ങ് തിരഞ്ഞെടുക്കാൻ തിരുവുള്ളമായ അങ്ങേ സഭയുടെ ഈ ഡീക്കന്, അങ്ങേ തിരുമനസ്സിനോടുള്ള നിരന്തര വിധേയത്വം നല്കണമേ. അങ്ങനെ, ഇദ്ദേഹത്തിന്റെ ശുശ്രൂഷാധർമത്താലും ജീവിതത്താലും ക്രിസ്തുവിൽ അങ്ങേ മഹത്ത്വം പ്രാപിക്കാൻ ഇദ്ദേഹം പ്രാപ്തനാകുമാറാകട്ടെ. എന്നെന്നും...

നിർദേശങ്ങളനുസരിച്ച്, വിശ്വാസപ്രമാണം ചൊല്ലുന്നു; വിശ്വാസികളുടെ പ്രാർഥന വിട്ടുകളയുന്നു.

**നൈവേദ്യപ്രാർഥന**

ദൈവമേ, അങ്ങേ പുരോഹിതൻ വിശുദ്ധ അൾത്താരയെയും അങ്ങേ ജനത്തെയും ശുശ്രൂഷിക്കാൻ അങ്ങ് തിരുവുള്ളമായല്ലോ. ഈ ബലിയുടെ ശക്തിയാൽ, അങ്ങേ ദാസന്റെ ശുശ്രൂഷ അങ്ങേക്ക് എന്നും പ്രീതികരമായിരിക്കാനും അങ്ങേ സഭയിൽ എന്നെന്നും നിലനില്ക്കുന്ന ഫലം പുറപ്പെടുവിക്കാനും കാരുണ്യപൂർവം അനുഗ്രഹിക്കണമേ. കർത്താവായ...

ആമുഖഗീതി: ക്രിസ്തുവിന്റെ പൗരോഹിത്യവും പുരോഹിതരുടെ ശുശ്രൂഷയും

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടും കൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

കർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

അങ്ങേ ഏകപുത്രനെ പരിശുദ്ധാത്മാവിന്റെ അഭിഷേകംവഴി, നവീനവും സനാതനവുമായ ഉടമ്പടിയുടെ പ്രധാനപുരോഹിതനായി അങ്ങ് അവരോധിക്കുകയും അങ്ങേ വിസ്മയനീയമായ പദ്ധതിയനുസരിച്ച് അവിടത്തെ ഏകപൗരോഹിത്യം സഭയിൽ തുടർന്നുപോകാൻ തിരുവുള്ളമാകുകയും ചെയ്തുവല്ലോ.

എന്തെന്നാൽ, അങ്ങുതന്നെ, സ്വന്തമാക്കപ്പെട്ട ജനത്തെ രാജകീയപൗരോഹിത്യത്താൽ അലങ്കരിക്കുക മാത്രമല്ല, അങ്ങേ ദിവ്യശുശ്രൂഷയിൽ കൈവയ്പുവഴി പങ്കാളികളാകാൻ, സഹോദര നിർവിശേഷമായ സ്നേഹത്താൽ മനുഷ്യരെ തിരഞ്ഞെടുക്കുകയും ചെയ്തു.

അങ്ങേ മക്കൾക്ക് പെസഹാവിരുന്നൊരുക്കിക്കൊണ്ട് അങ്ങേ നാമത്താൽ, മനുഷ്യരക്ഷയുടെ ബലി അവർ നവീകരിക്കുകയും അങ്ങേ വിശുദ്ധജനത്തെ സ്നേഹത്തോടെ നയിക്കുകയും വചനത്താൽ പരിപോഷിപ്പിക്കുകയും കൂദാശകളാൽ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

അങ്ങയെപ്രതിയും സഹോദരരുടെ രക്ഷയ്ക്കുവേണ്ടിയും ആത്മാർപ്പണംചെയ്ത് ക്രിസ്തുവിനോട് അനുരൂപരാകാനും വിശ്വാസത്തിലും സ്നേഹത്തിലും അങ്ങേക്ക് നിരന്തരം സാക്ഷ്യം വഹിക്കാനും അവർ പരിശ്രമിക്കുന്നു.

**ആ**കയാൽ, കർത്താവേ, എല്ലാ മാലാഖമാരോടും വിശുദ്ധരോടുംചേർന്ന് അങ്ങയെ പ്രകീർത്തിച്ചുകൊണ്ട് ഞങ്ങളും ആഹ്ലാദപൂർവം പ്രഘോഷിക്കുന്നു:

പരിശുദ്ധൻ...

സ്തോത്രയാഗപ്രാർഥനയിൽ, പുതിയതായി പട്ടം സ്വീകരിച്ച വൈദികന്റെ പരാമർശം താഴെകൊടുത്തിരിക്കുന്ന രൂപങ്ങളിൽ നടത്തപ്പെടുന്നു:

(a). ഒന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ, പ്രത്യേക ഉപാർപ്പണ പ്രാർഥന (Hanc igitur) ചൊല്ലുന്നു:

അതിനാൽ കർത്താവേ, പൗരോഹിത്യശുശ്രൂഷയിലേക്ക് അങ്ങ് ഉയർത്താൻ തിരുവുള്ളമായ അങ്ങേ ഈ ദാസനുവേണ്ടി അങ്ങേക്ക് ഞങ്ങളർപ്പിക്കുന്ന ഞങ്ങളുടെ സേവനത്തിന്റെയും അങ്ങേ കുടുംബം മുഴുവന്റെയും ഈ കാഴ്ചദ്രവ്യം സംപ്രീതിയോടെ സ്വീകരിക്കുകയും അങ്ങ് നല്കിയ ദാനങ്ങൾ ഇയാളിൽ കാരുണ്യപൂർവം കാത്തുപാലിക്കുകയും ചെയ്യണമേ. അങ്ങനെ, ദൈവികനിയോഗത്തിലൂടെ സ്വീകരിച്ചത്, ദൈവികശക്തിയാൽ നിറവേറപ്പെടുമാറാകട്ടെ. (ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളേണമേ, ആമേൻ).

(b). രണ്ടാമത്തെ സ്തോത്രയാഗപ്രാർഥനയിൽ ഒന്നായിച്ചേർക്കണമെന്ന് താഴ്മയോടെ അപേക്ഷിക്കുന്നു എന്നീ വാക്കുകൾക്കുശേഷം; പറയുന്നു:

കർത്താവേ, ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന അങ്ങേ സഭയെ ഓർക്കണമേ. ഞങ്ങളുടെ പരിശുദ്ധ പിതാവായ N. പാപ്പായോടും ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനോടുമൊത്ത് സഭയെ അങ്ങ് സ്നേഹത്തിന്റെ പൂർണതയിൽ എത്തിക്കണമേ. ഇന്ന്, സഭയുടെ വൈദികനായി നല്കാൻ അങ്ങ് തിരുവുള്ളമായ അങ്ങേ ഈ ദാസനെയും സകല വൈദികരെയും ഓർക്കണമേ.

ഉയിർപ്പിന്റെ പ്രത്യാശയോടെ...

(c) മൂന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ രക്ഷയും പരിപോഷിപ്പിക്കാൻ ഇടയാക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു എന്നീ വാക്കുകൾക്കുശേഷം പറയുന്നു:

അങ്ങേ ദാസനായ ഞങ്ങളുടെ N. പാപ്പായോടും ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനോടും മെത്രാൻ പദവിയിലുള്ളവരോടും ഇന്ന് സഭയുടെ പുരോഹിതനായി അഭിഷേകംചെയ്യപ്പെട്ട അങ്ങേ ഈ ദാസനോടും വൈദികഗണത്തോടും അങ്ങ് നേടിയെടുത്ത സകല ജനങ്ങളോടുമൊത്ത് ഈ ഭൂമിയിൽ തീർഥാടനം ചെയ്യുന്ന അങ്ങേ സഭയെ വിശ്വാസത്തിലും സ്നേഹത്തിലും ഉറപ്പിക്കാൻ കനിയണമേ.

അങ്ങയുടെ തിരുമുമ്പിൽ...

(d) പ്രത്യേക ആമുഖഗീതി ഉപയോഗിക്കുന്നില്ലെങ്കിൽ, നാലാമത്തെ സ്തോത്രയാഗപ്രാർഥന ഉപയോഗിക്കാവുന്നതാണ്. ഇതിന്റെ മധ്യസ്ഥ പ്രാർഥനകളിൽ, ക്രിസ്തുവിന്റെ ഒരു സജീവബലിയായി പരിണമിക്കുമാറാകട്ടെ എന്നീ വാക്കുകൾക്കുശേഷം, ചൊല്ലുന്നു:

അതിനാൽ കർത്താവേ, ആർക്കെല്ലാംവേണ്ടി ഞങ്ങൾ ഈ ബലിയർപ്പിക്കുന്നുവോ, അവരെയെല്ലാം അങ്ങ് ഇപ്പോൾ ഓർക്കണമേ. വിശിഷ്യ അങ്ങയുടെ ദാസനായ N. പാപ്പായെയും ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനെയും മെത്രാൻപദവിയിലുള്ള സകലരെയും അങ്ങേ ജനത്തിന്റെ പൗരോഹിത്യശുശ്രൂഷയ്ക്കായി ഇന്ന്, അങ്ങ് തിരഞ്ഞെടുക്കാൻ തിരുവുള്ളമായ അങ്ങേ ഈ ദാസനെയും എല്ലാ വൈദികരെയും ഈ ബലിയർപ്പിക്കുന്നവരെയും ഇവിടെ സന്നിഹിതരായിരിക്കുന്നവരെയും അങ്ങേ സമസ്ത ജനത്തെയും ആത്മാർഥഹൃദയത്തോടെ അങ്ങയെ തേടുന്ന എല്ലാവരെയും ഓർക്കണമേ.

മാത്രമല്ല, അങ്ങേ ക്രിസ്തുവിന്റെ...

**ദിവ്യഭോജനപ്രഭണിതം** **മർക്കോ 16, 15; മത്താ 28, 20**

കർത്താവ് അരുൾചെയ്യുന്നു: നിങ്ങൾ ലോകമെങ്ങുംപോയി സുവിശേഷം പ്രസംഗിക്കുവിൻ; യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാർഥന

കർത്താവേ, ഞങ്ങളർപ്പിക്കുകയും സ്വീകരിക്കുകയും ചെയ്ത ദിവ്യബലി അങ്ങേ പുരോഹിതരെയും അങ്ങേ എല്ലാ ദാസരെയും ഉജ്ജീവിപ്പിക്കട്ടെ. അങ്ങനെ, നിരന്തരസ്നേഹത്താൽ അങ്ങയോട് ഒന്നായിച്ചേർന്ന്, അങ്ങേ മഹിമയ്ക്ക് അർഹമായ ശുശ്രൂഷചെയ്യാൻ അവർ യോഗ്യരാകുമാറാകട്ടെ. കർത്താവായ...

## ദിവ്യപൂജയുടെ സമാപനാശീർവാദം

മെത്രാൻ, നവവൈദികന്റെയും ജനത്തിന്റെയുംമേൽ കൈകൾവിരിച്ചുപിടിച്ചു കൊണ്ട് പറയുന്നു:

സഭയുടെ സ്ഥാപകനും നിയന്താവുമായ ദൈവം, പൗരോഹിത്യധർമം വിശ്വസ്തമനസ്സോടെ നിർവഹിക്കാൻ, തന്റെ കൃപയാൽ നിന്നെ നിരന്തരം കാത്തുപാലിക്കുമാറാകട്ടെ.

R. ആമേൻ.

അവിടന്ന് നിന്നെ, ലോകത്തിൽ ദിവ്യസ്നേഹത്തിന്റെയും സത്യത്തിന്റെയും ശുശ്രൂഷകനും സാക്ഷിയും അനുരഞ്ജനത്തിന്റെ വിശ്വസ്തകാർമികനും ആയിത്തീരാൻ ഇടയാക്കുമാറാകട്ടെ.

R. ആമേൻ.

അവിടന്ന് നിന്നെ, ക്രിസ്തുശരീരത്തിന്റെ ഐക്യത്തിലേക്ക് കൂടുതലായി വളരാൻ, ജീവനുള്ള അപ്പവും ജീവന്റെ വചനവും വിശ്വാസികൾക്കു നല്കുന്ന യഥാർഥ ഇടയനായിത്തീരാൻ ഇടയാക്കുമാറാകട്ടെ.

R. ആമേൻ.

തുടർന്ന്, എല്ലാ ജനങ്ങളെയും ഇപ്രകാരം കൂട്ടിച്ചേർത്തുകൊണ്ട്, അദ്ദേഹം ആശീർവദിക്കുന്നു:

ഇവിടെ കൂടിയിരിക്കുന്ന നിങ്ങളെയെല്ലാവരെയും സർവശക്തനായ ദൈവം പിതാവും ✠പുത്രനും ✠ പരിശുദ്ധാത്മാവും ✠ അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ.

# 3. ഡീക്കന്മാരുടെ പട്ടക്രമം

മഹോത്സവങ്ങൾ, ആഗമനകാലം, തപസ്സുകാലം, പെസഹാക്കാലം എന്നിവയിലെ ഞായറാഴ്ചകൾ, പെസഹാ അഷ്ഠദിനങ്ങൾ എന്നിവയൊഴികേയുള്ള ദിവസങ്ങളിൽ വെള്ളനിറത്തോടെയോ തിരുനാളിന്റെ നിറത്തോടെയോ ഈ കർമാനുഷ്ഠാനപൂജ നടത്താവുന്നതാണ്. ഈ ദിവസങ്ങളിൽ നടത്തപ്പെടുമ്പോൾ അതതു ദിവസത്തെ ദിവ്യപൂജ ചൊല്ലുന്നു.

## A

## ഒന്നിലധികം ഡീക്കന്മാരുടെ പട്ടക്രമം

### പ്രവേശകപ്രഭണിതം യോഹ 12,26

കർത്താവ് അരുൾചെയ്യുന്നു: എന്നെ ശുശ്രൂഷിക്കുന്നവൻ എന്നെ അനുഗമിക്കട്ടെ; അപ്പോൾ ഞാനായിരിക്കുന്നിടത്ത് എന്റെ ശുശ്രൂഷകനും ആയിരിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

### സമിതിപ്രാർഥന

ദൈവമേ, ശുശ്രൂഷിക്കപ്പെടാനല്ല സഹോദരരെ ശുശ്രൂഷിക്കാനാണ് അങ്ങേ സഭയുടെ ശുശ്രൂഷകർ ആഗ്രഹിക്കേണ്ടതെന്ന് അങ്ങ് പഠിപ്പിച്ചുവല്ലോ. ഇന്ന് ഡീക്കൻശുശ്രൂഷയിലേക്ക് അങ്ങ് തിരഞ്ഞെടുക്കാൻ തിരുവുള്ളമായ അങ്ങേ ഈ ദാസർക്ക് പ്രവർത്തനത്തിൽ പ്രാവീണ്യവും ശുശ്രൂഷയിൽ സൗമനസ്യവും പ്രാർഥനയിൽ സ്ഥിരതയും നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

നിർദേശങ്ങളനുസരിച്ച് വിശ്വാസപ്രമാണം ചൊല്ലുന്നു, വിശ്വാസികളുടെ പ്രാർഥന വിട്ടുകളയുന്നു.

### നൈവേദ്യപ്രാർഥന

പരിശുദ്ധനായ പിതാവേ, ഞങ്ങൾക്കു മാതൃക നല്കാൻ, അങ്ങേ പുത്രൻ ശിഷ്യരുടെ പാദങ്ങൾ കഴുകാൻ തിരുവുള്ളമായല്ലോ. ഞങ്ങളുടെ ശുശ്രൂഷയുടെ ഈ കാണിക്കകൾ സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഞങ്ങളെത്തന്നെ ആത്മീയബലിയായി അർപ്പിച്ചുകൊണ്ട്, ഞങ്ങൾ എളിമയുടെയും തീക്ഷ്ണതയുടെയും ചൈതന്യത്താൽ നിറയാൻ അനുഗ്രഹിക്കണമേ. കർത്താവായ...

ആമുഖഗീതി. ക്രിസ്തു, സഭയിലെ എല്ലാ ശുശ്രൂഷകളുടെയും സ്രോതസ്സ്

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടും കൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

കർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

അങ്ങേ ഏകപുത്രനെ പരിശുദ്ധാത്മാവിന്റെ അഭിഷേകംവഴി, നവീനവും സനാതനവുമായ ഉടമ്പടിയുടെ പ്രധാനപുരോഹിതനായി അങ്ങ് അവരോധിക്കുകയും അങ്ങേ വിസ്മയനീയമായ പദ്ധതിയനുസരിച്ച് അങ്ങേ ഏകപൗരോഹിത്യം സഭയിൽ തുടർന്നുപോകാൻ തിരുവുള്ളമാകുകയും ചെയ്തുവല്ലോ.

എന്തെന്നാൽ, അങ്ങുതന്നെ, സ്വന്തമാക്കപ്പെട്ട ജനത്തെ രാജകീയപൗരോഹിത്യത്താൽ അലങ്കരിക്കുക മാത്രമല്ല, അങ്ങേ ദിവ്യശുശ്രൂഷയിൽ കൈവയ്പുവഴി പങ്കാളികളാകാൻ, സഹോദരനിർവിശേഷമായ സ്നേഹത്താൽ മനുഷ്യരെ തിരഞ്ഞെടുക്കുകയും ചെയ്തു.

അങ്ങേ വിശുദ്ധജനത്തെ അവർ സ്നേഹത്തോടെ നയിക്കുകയും വചനത്താൽ പരിപോഷിപ്പിക്കുകയും കൂദാശകളാൽ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

അങ്ങയെപ്രതിയും സഹോദരരുടെ രക്ഷയ്ക്കുവേണ്ടിയും ആത്മാർപ്പണംചെയ്ത് ക്രിസ്തുവിനോട് അനുരൂപരാകാനും വിശ്വാസത്തിലും സ്നേഹത്തിലും അങ്ങേക്ക് നിരന്തരം സാക്ഷ്യം വഹിക്കാനും അവർ പരിശ്രമിക്കുന്നു.

ആകയാൽ, കർത്താവേ, എല്ലാ മാലാഖമാരോടും വിശുദ്ധരോടുംചേർന്ന് അങ്ങയെ പ്രകീർത്തിച്ചുകൊണ്ട് ഞങ്ങളും ആഹ്ലാദപൂർവം പ്രഘോഷിക്കുന്നു:

പരിശുദ്ധൻ...

സ്തോത്രയാഗപ്രാർഥനയിൽ പുതിയതായി പട്ടം സ്വീകരിച്ച ഡീക്കന്മാരുടെ പരാമർശനം താഴെകൊടുത്തിരിക്കുന്ന രൂപങ്ങളിൽ നടത്തപ്പെടുന്നു:

(a). ഒന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ, പ്രത്യേക ഉപാർപ്പണ പ്രാർഥന (Hanc igitur) ചൊല്ലുന്നു:

അതിനാൽ കർത്താവേ, ഡീക്കൻ ശുശ്രൂഷയിലേക്ക് അങ്ങ് ഉയർത്താൻ തിരുവുള്ളമായ അങ്ങേ ഈ ദാസർക്കുവേണ്ടി അങ്ങേക്ക് ഞങ്ങളർപ്പിക്കുന്ന ഞങ്ങളുടെ സേവനത്തിന്റെയും അങ്ങേ കുടുംബം മുഴുവന്റെയും ഈ കാഴ്ചദ്രവ്യം സംപ്രീതിയോടെ സ്വീകരിക്കുകയും അങ്ങ് നല്കിയ ദാനങ്ങൾ ഇവരിൽ കാരുണ്യപൂർവം കാത്തുപാലിക്കുകയും ചെയ്യണമേ. അങ്ങനെ, ദൈവികനിയോഗത്തിലൂടെ സ്വീകരിച്ചത്, ദൈവികശക്തിയാൽ നിറവേറപ്പെടുമാറാകട്ടെ. (ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളേണമേ, ആമേൻ).

(b). രണ്ടാമത്തെ സ്തോത്രയാഗപ്രാർഥനയിൽ ഒന്നായിച്ചേർക്കണമെന്ന് താഴ്മയോടെ അപേക്ഷിക്കുന്നു എന്നീ വാക്കുകൾക്കുശേഷം പറയുന്നു:

കർത്താവേ, ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന അങ്ങേ സഭയെ ഓർക്കണമേ. ഞങ്ങളുടെ പരിശുദ്ധ പിതാവായ N. പാപ്പായോടും ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനോടുമൊത്ത് സഭയെ അങ്ങ് സ്നേഹത്തിന്റെ പൂർണതയിൽ എത്തിക്കണമേ. ഇന്ന്, സഭയുടെ ശുശ്രൂഷകരായി നല്കാൻ അങ്ങ് തിരുവുള്ളമായ അങ്ങേ ഈ ദാസരെയും സകല വൈദികരെയും ഓർക്കണമേ.

ഉയിർപ്പിന്റെ പ്രത്യാശയോടെ...

(c) മൂന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ രക്ഷയും പരിപോഷിപ്പിക്കാൻ ഇടയാക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു എന്നീ വാക്കുകൾക്കുശേഷം ചൊല്ലുന്നു:

അങ്ങേ ദാസനായ ഞങ്ങളുടെ N. പാപ്പായോടും ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനോടും മെത്രാൻപദവിയിലുള്ളവരോടും ഇന്ന്, സഭയുടെ ശുശ്രൂഷകരായി ഭരമേറ്റ അങ്ങേ ഈ ദാസരോടും വൈദികഗണത്തോടും അങ്ങ് നേടിയെടുത്ത സകല ജനങ്ങളോടുമൊത്ത് ഈ ഭൂമിയിൽ തീർഥാടനംചെയ്യുന്ന അങ്ങേ സഭയെ വിശ്വാസത്തിലും സ്നേഹത്തിലും ഉറപ്പിക്കാൻ കനിയണമേ.

അങ്ങയുടെ തിരുമുമ്പിൽ...

(d) പ്രത്യേക ആമുഖഗീതി ഉപയോഗിക്കുന്നില്ലെങ്കിൽ, നാലാമത്തെ സ്തോത്ര യാഗ പ്രാർഥന ഉപയോഗിക്കാവുന്നതാണ്; ഇതിന്റെ മധ്യസ്ഥപ്രാർഥനകളിൽ, ക്രിസ്തുവിന്റെ ഒരു സജീവബലിയായി പരിണമിക്കുമാറാകട്ടെ എന്നീ വാക്കുകൾക്കുശേഷം, പറയുന്നു:

അതിനാൽ കർത്താവേ, ആർക്കെല്ലാംവേണ്ടി ഞങ്ങൾ ഈ ബലിയർപ്പിക്കുന്നുവോ, അവരെയെല്ലാം അങ്ങ് ഇപ്പോൾ ഓർക്കണമേ. വിശിഷ്യ അങ്ങയുടെ ദാസനായ N. പാപ്പായെയും ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനെയും മെത്രാൻ പദവിയിലുള്ള സകലരെയും അങ്ങേ ജനത്തിന്റെ ഡീക്കൻശുശ്രൂഷയ്ക്കായി ഇന്ന്, അങ്ങ് തിരഞ്ഞെടുക്കാൻ തിരുവുള്ളമായ അങ്ങേ ഈ ദാസരെയും എല്ലാ വൈദികരെയും ഈ ബലിയർപ്പിക്കുന്നവരെയും ഇവിടെ സന്നിഹിതരായിരിക്കുന്നവരെയും അങ്ങേ സമസ്ത ജനത്തെയും ആത്മാർഥ ഹൃദയത്തോടെ അങ്ങയെ തേടുന്ന എല്ലാവരെയും ഓർക്കണമേ.

മാത്രമല്ല, അങ്ങേ ക്രിസ്തുവിന്റെ...

## ദിവ്യഭോജനപ്രഭണിതം — മത്താ 20, 28

മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനുമാണ് (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാർഥന

കർത്താവേ, സ്വർഗീയഭോജനത്താലും പാനീയത്താലും അങ്ങ് പരിപൂരിതരാക്കിയ അങ്ങേ ദാസർ, അങ്ങേ മഹത്ത്വത്തിനും വിശ്വാസികളുടെ രക്ഷയ്ക്കുംവേണ്ടി സുവിശേഷത്തിന്റെയും കൂദാശകളുടെയും സ്നേഹത്തിന്റെയും വിശ്വസ്തരായ ശുശ്രൂഷകരായി കാണപ്പെടാൻ അനുഗ്രഹിക്കണമേ. കർത്താവായ...

## ദിവ്യപൂജയുടെ സമാപനാശീർവാദം

മെത്രാൻ, നവഡീക്കന്മാരുടെയും ജനത്തിന്റെയുംമേൽ, കൈകൾവിരിച്ചു പിടിച്ചുകൊണ്ട് ചൊല്ലുന്നു:

തന്റെ സഭയിൽ മനുഷ്യരുടെ സേവനത്തിനുവേണ്ടി നിങ്ങളെ വിളിച്ച ദൈവം, എല്ലാവർക്കുംവേണ്ടി പ്രത്യേകിച്ച്, പീഡിതർക്കും ദരിദ്രർക്കുംവേണ്ടി അതീവശ്രദ്ധ നിങ്ങൾക്കു നല്കുമാറാകട്ടെ.

R. ആമേൻ.

ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കാനുള്ള ദൗത്യം നല്കിയ അവിടന്ന് അവിടത്തെ വചനത്തിനനുസരിച്ചു ജീവിച്ചുകൊണ്ട് അതിന്റെ വിശ്വസ്തരും തീക്ഷ്ണമതികളുമായ സാക്ഷികളായിത്തീരാൻ നിങ്ങളെ സഹായിക്കുമാറാകട്ടെ.

R. ആമേൻ.

തന്റെ രഹസ്യങ്ങളുടെ സൂക്ഷിപ്പുകാരായി നിയോഗിച്ച അവിടന്ന് നിങ്ങളെ, തന്റെ പുത്രനായ യേശുക്രിസ്തുവിന്റെ അനുകർത്താക്കളും ലോകത്തിൽ ഐക്യത്തിന്റെയും സമാധാനത്തിന്റെയും ശുശ്രൂഷകരുമാക്കിത്തീർക്കുമാറാകട്ടെ.

R. ആമേൻ.

തുടർന്ന്, അദ്ദേഹം, സകല ജനത്തെയും ഇപ്രകാരം കൂട്ടിച്ചേർത്തുകൊണ്ട് ആശീർവദിക്കുന്നു:

ഇവിടെ കൂടിയിരിക്കുന്ന നിങ്ങളെയെല്ലാവരെയും സർവശക്തനായ ദൈവം പിതാവും ✠പുത്രനും ✠ പരിശുദ്ധാത്മാവും ✠ അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ.

# B

## ഒരു ഡീക്കന്റെ പട്ടക്രമം

**പ്രവേശകപ്രഭണിതം** **യോഹ12,26**

കർത്താവ് അരുൾചെയ്യുന്നു: എന്നെ ശുശ്രൂഷിക്കുന്നവൻ എന്നെ അനുഗമിക്കട്ടെ; അപ്പോൾ ഞാനായിരിക്കുന്നിടത്ത് എന്റെ ശുശ്രൂഷകനും ആയിരിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർഥന**

ദൈവമേ, ശുശ്രൂഷിക്കപ്പെടാനല്ല, സഹോദരരെ ശുശ്രൂഷിക്കാനാണ് അങ്ങേ സഭയുടെ ശുശ്രൂഷകൻ ആഗ്രഹിക്കേണ്ടതെന്ന് അങ്ങ് പഠിപ്പിച്ചുവല്ലോ. ഇന്ന് ഡീക്കൻ ശുശ്രൂഷയിലേക്ക് അങ്ങ് തിരഞ്ഞെടുക്കാൻ തിരുവുള്ളമായ അങ്ങേ ഈ ദാസന് പ്രവർത്തനത്തിൽ പ്രാവീണ്യവും ശുശ്രൂഷയിൽ സൗമനസ്യവും പ്രാർഥനയിൽ സ്ഥിരതയും നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

നിർദേശങ്ങളനുസരിച്ച്, വിശ്വാസപ്രമാണം ചൊല്ലുന്നു; വിശ്വാസികളുടെ പ്രാർഥന വിട്ടുകളയുന്നു.

**നൈവേദ്യപ്രാർഥന**

പരിശുദ്ധനായ പിതാവേ, ഞങ്ങൾക്കു മാതൃകനല്കാൻ, അങ്ങേ പുത്രൻ ശിഷ്യരുടെ പാദങ്ങൾ കഴുകാൻ അങ്ങ് തിരുവുള്ളമായല്ലോ. ഞങ്ങളുടെ ശുശ്രൂഷയുടെ ഈ കാണിക്കകൾ സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഞങ്ങളെ ത്തന്നെ ആത്മീയബലിയായി അർപ്പിച്ചുകൊണ്ട്, ഞങ്ങൾ എളിമയുടെയും തീക്ഷ്ണതയുടെയും ചൈതന്യത്താൽ നിറയാൻ അനുഗ്രഹിക്കണമേ. കർത്താവായ...

ആമുഖഗീതി. ക്രിസ്തു, സഭയിലെ എല്ലാ ശുശ്രൂഷകളുടെയും സ്രോതസ്സ്

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടും കൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**ങ്ങേ ഏകപുത്രനെ പരിശുദ്ധാത്മാവിന്റെ അഭിഷേകംവഴി, നവീനവും സനാതനവുമായ ഉടമ്പടിയുടെ പ്രധാനപുരോഹിതനായി അങ്ങ് അവരോധിക്കുകയും അങ്ങേ വിസ്മയനീയമായ പദ്ധതിയനുസരിച്ച് അങ്ങേ ഏകപൗരോഹിത്യം സഭയിൽ തുടർന്നുപോകാൻ തിരുവുള്ളമാകുകയും ചെയ്തുവല്ലോ.

**എ**ന്തെന്നാൽ, അങ്ങുതന്നെ, സ്വന്തമാക്കപ്പെട്ട ജനത്തെ രാജകീയപൗരോഹിത്യത്താൽ അലങ്കരിക്കുക മാത്രമല്ല, അങ്ങേ ദിവ്യശുശ്രൂഷയിൽ കൈവയ്പുവഴി പങ്കാളികളാകാൻ, സഹോദരനിർവിശേഷമായ സ്നേഹത്താൽ മനുഷ്യരെ തിരഞ്ഞെടുക്കുകയും ചെയ്തു.

**അ**ങ്ങേ വിശുദ്ധജനത്തെ അവർ സ്നേഹത്തോടെ നയിക്കുകയും വചനത്താൽ പരിപോഷിപ്പിക്കുകയും കൂദാശകളാൽ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

**അ**ങ്ങയെപ്രതിയും സഹോദരരുടെ രക്ഷയ്ക്കുവേണ്ടിയും ആത്മാർപ്പണംചെയ്ത് ക്രിസ്തുവിനോട് അനുരൂപരാകാനും വിശ്വാസത്തിലും സ്നേഹത്തിലും അങ്ങേക്ക് നിരന്തരം സാക്ഷ്യം വഹിക്കാനും അവർ പരിശ്രമിക്കുന്നു.

**ആ**കയാൽ, കർത്താവേ, എല്ലാ മാലാഖമാരോടും വിശുദ്ധരോടുംചേർന്ന് അങ്ങയെ പ്രകീർത്തിച്ചുകൊണ്ട് ഞങ്ങളും ആഹ്ലാദപൂർവം പ്രഘോഷിക്കുന്നു:

പരിശുദ്ധൻ...

സ്തോത്രയാഗപ്രാർഥനയിൽ, പുതിയതായി പട്ടം സ്വീകരിച്ച ഡീക്കന്റെ പരാമർശനം താഴെകൊടുത്തിരിക്കുന്ന രൂപങ്ങളിൽ നടത്തപ്പെടുന്നു:

(a). ഒന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ, പ്രത്യേക ഉപാർപ്പണ പ്രാർഥന (Hanc igitur) ചൊല്ലുന്നു:

അതിനാൽ, കർത്താവേ, ഡീക്കൻ ശുശ്രൂഷയിലേക്ക് അങ്ങ് ഉയർത്താൻ തിരുവുള്ളമായ അങ്ങേ ഈ ദാസനുവേണ്ടി അങ്ങേക്ക് ഞങ്ങളർപ്പിക്കുന്ന ഞങ്ങളുടെ സേവനത്തിന്റെയും അങ്ങേ കുടുംബം മുഴുവന്റെയും ഈ കാഴ്ചദ്രവ്യം സംപ്രീതിയോടെ സ്വീകരിക്കുകയും അങ്ങ് നല്കിയ ദാനങ്ങൾ ഇദ്ദേഹത്തിൽ കാരുണ്യപൂർവം കാത്തുപാലിക്കുകയും ചെയ്യണമേ. അങ്ങനെ, ദൈവികനിയോഗത്തിലൂടെ സ്വീകരിച്ചത്, ദൈവികശക്തിയാൽ നിറവേറപ്പെടുമാറാകട്ടെ. (ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളേണമേ, ആമേൻ).

(b). രണ്ടാമത്തെ സ്തോത്രയാഗപ്രാർഥനയിൽ ഒന്നായിച്ചേർക്കണമെന്ന് താഴ്മയോടെ അപേക്ഷിക്കുന്നു എന്നീ വാക്കുകൾക്കുശേഷം; ചൊല്ലുന്നു:

കർത്താവേ, ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന അങ്ങേ സഭയെ ഓർക്കണമേ. ഞങ്ങളുടെ പരിശുദ്ധ പിതാവായ N. പാപ്പായോടും ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനോടുമൊത്ത് സഭയെ അങ്ങ് സ്നേഹത്തിന്റെ പൂർണതയിൽ എത്തിക്കണമേ. ഇന്ന് സഭയുടെ ശുശ്രൂഷകനായി നല്കാൻ അങ്ങ് തിരുവുള്ളമായ അങ്ങേ ഈ ദാസനെയും സകല വൈദികരെയും ഓർക്കണമേ.

ഉയിർപ്പിന്റെ പ്രത്യാശയോടെ...

(c) മൂന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ രക്ഷയും പരിപോഷിപ്പിക്കാൻ ഇടയാക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു എന്നീ വാക്കുകൾക്കുശേഷം ചൊല്ലുന്നു:

അങ്ങേ ദാസനായ ഞങ്ങളുടെ N. പാപ്പായോടും ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനോടും മെത്രാൻ പദവിയിലുള്ളവരോടും ഇന്ന് സഭയുടെ ശുശ്രൂഷകനായി ഭരമേറ്റ അങ്ങേ ഈ ദാസനോടും വൈദികഗണത്തോടും അങ്ങ് നേടിയെടുത്ത സകല ജനങ്ങളോടുമൊത്ത് ഈ ഭൂമിയിൽ തീർഥാടനംചെയ്യുന്ന അങ്ങേ സഭയെ വിശ്വാസത്തിലും സ്നേഹത്തിലും ഉറപ്പിക്കാൻ കനിയണമേ.

അങ്ങയുടെ തിരുമുമ്പിൽ...

(d) പ്രത്യേക ആമുഖഗീതി ഉപയോഗിക്കുന്നില്ലെങ്കിൽ, നാലാമത്തെ സ്തോത്ര യാഗ പ്രാർഥന ഉപയോഗിക്കാവുന്നതാണ്; ഇതിന്റെ മധ്യസ്ഥപ്രാർഥനകളിൽ, ക്രിസ്തുവിന്റെ ഒരു സജീവബലിയായി പരിണമിക്കുമാറാകട്ടെ എന്നീ വാക്കുകൾക്കുശേഷം, പറയുന്നു:

അതിനാൽ കർത്താവേ, ആർക്കെല്ലാംവേണ്ടി ഞങ്ങൾ ഈ ബലിയർപ്പിക്കുന്നുവോ, അവരെയെല്ലാം അങ്ങ് ഇപ്പോൾ ഓർക്കണമേ. വിശിഷ്യ അങ്ങയുടെ ദാസനായ N. പാപ്പായെയും ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനെയും മെത്രാൻ പദവിയിലുള്ള സകലരെയും അങ്ങേ ജനത്തിന്റെ ഡീക്കൻശുശ്രൂഷയ്ക്കായി ഇന്ന് അങ്ങ്തിരഞ്ഞെടുക്കാൻ തിരുവുള്ളമായ അങ്ങേ ഈ ദാസനെയും എല്ലാ വൈദികരെയും ഈ ബലിയർപ്പിക്കുന്നവരെയും ഇവിടെ സന്നിഹിതരായിരിക്കുന്നവരെയും അങ്ങേ സമസ്ത ജനത്തെയും ആത്മാർഥഹൃദയത്തോടെ അങ്ങയെ തേടുന്ന എല്ലാവരെയും ഓർക്കണമേ.

മാത്രമല്ല, അങ്ങേ ക്രിസ്തുവിന്റെ...

### ദിവ്യഭോജനപ്രഭണിതം — മത്താ 20, 28

മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനുമാണ് (പെസഹാക്കാലത്ത്, അല്ലേലൂയാ).

### ദിവ്യഭോജനപ്രാർഥന

കർത്താവേ, സ്വർഗീയഭോജനത്താലും പാനീയത്താലും അങ്ങ് പരിപൂരിതരാക്കിയ അങ്ങേ ദാസർ, അങ്ങേമഹത്ത്വത്തിനും വിശ്വാസികളുടെ രക്ഷയ്ക്കുംവേണ്ടി സുവിശേഷത്തിന്റെയും കൂദാശകളുടെയും സ്നേഹത്തിന്റെയും വിശ്വസ്തരായ ശുശ്രൂഷകരായി കാണപ്പെടാൻ അനുഗ്രഹിക്കണമേ. കർത്താവായ...

## ദിവ്യപൂജയുടെ സമാപനാശീർവാദം

മെത്രാൻ, നവവധീക്കന്റെയും ജനത്തിന്റെയുംമേൽ കൈകൾവിരിച്ചുപിടിച്ച് ചൊല്ലുന്നു:

തന്റെ സഭയിൽ മനുഷ്യരുടെ സേവനത്തിനുവേണ്ടി നിന്നെ വിളിച്ച ദൈവം, എല്ലാവർക്കുംവേണ്ടി പ്രത്യേകിച്ച്, പീഡിതർക്കും ദരിദ്രർക്കുംവേണ്ടി അതീവശ്രദ്ധ നിനക്ക് നല്കുമാറാകട്ടെ.

R. ആമേൻ.

ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കാനുള്ള ദൗത്യം നല്കിയ അവിടന്ന് അവിടത്തെ വചനത്തിനനുസരിച്ചു ജീവിച്ചുകൊണ്ട്, അതിന്റെ വിശ്വസ്തനും തീക്ഷ്ണമതിയുമായ സാക്ഷിയായിത്തീരാൻ നിന്നെ സഹായിക്കുമാറാകട്ടെ.

R. ആമേൻ.

തന്റെ രഹസ്യങ്ങളുടെ സൂക്ഷിപ്പുകാരനായി നിയോഗിച്ച അവിടന്ന് നിന്നെ, തന്റെ പുത്രനായ യേശുക്രിസ്തുവിന്റെ അനുകർത്താവും ലോകത്തിൽ ഐക്യത്തിന്റെയും സമാധാനത്തിന്റെയും ശുശ്രൂഷകനുമാക്കിത്തീർക്കുമാറാകട്ടെ.

R. ആമേൻ.

തുടർന്ന്, സകല ജനത്തെയും ഇപ്രകാരം കൂട്ടിച്ചേർത്തുകൊണ്ട്, അദ്ദേഹം ആശീർവദിക്കുന്നു:

ഇവിടെ കൂടിയിരിക്കുന്ന നിങ്ങളെയെല്ലാവരെയും സർവശക്തനായ ദൈവം പിതാവും ✠പുത്രനും ✠പരിശുദ്ധാത്മാവും ✠ അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ.

# 4. ഡീക്കന്മാരുടെയും പുരോഹിതരുടെയും ഒന്നിച്ചുള്ള പട്ടക്രമം

മഹോത്സവങ്ങൾ, ആഗമനകാലം, തപസ്സുകാലം, പെസഹാക്കാലം എന്നിവയിലെ ഞായറാഴ്ചകൾ, പെസഹാ അഷ്ഠദിനങ്ങൾ എന്നിവയൊഴികേയുള്ള ദിവസങ്ങളിൽ വെള്ളനിറത്തോടെയോ തിരുനാളിന്റെ നിറത്തോടെയോ ഡീക്കന്മാരുടെയും പുരോഹിതരുടെയും ഒന്നിച്ചുള്ള പട്ടക്രമത്തിന്റെ ഈ കർമാനുഷ്ഠാനപൂജ നടത്താവുന്നതാണ്. ഈ ദിവസങ്ങളിൽ നടത്തപ്പെടുമ്പോൾ അതതു ദിവസത്തെ ദിവ്യപൂജ ചൊല്ലുന്നു.

**പ്രവേശകപ്രഭണിതം** **യോഹ 12, 26**

കർത്താവ് അരുൾചെയ്യുന്നു: എന്നെ ശുശ്രൂഷിക്കുന്നവൻ എന്നെ അനുഗമിക്കട്ടെ; അപ്പോൾ ഞാനായിരിക്കുന്നിടത്ത് എന്റെ ശുശ്രൂഷകനും ആയിരിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

## സമിതിപ്രാർഥന

ദൈവമേ, അങ്ങേ ജനത്തിന് ഇടയന്മാരെ നല്കാൻ അങ്ങ് തിരുവുള്ളമായല്ലോ. അങ്ങേ ഈ ദാസരെ അങ്ങേ അൾത്താരയിൽ യോഗ്യരായ ശുശ്രൂഷകരും അങ്ങേ സുവിശേഷത്തിന്റെ ഊർജ്ജസ്വലരും ശാന്തശീലരുമായ പ്രഘോഷകരുമായിത്തീരാൻ അങ്ങേ സഭയിൽ ഭക്തിയുടെയും സ്ഥൈര്യത്തിന്റെയും ചൈതന്യം വർഷിക്കണമേ. അങ്ങയോടുകൂടെ...

നിർദ്ദേശങ്ങളനുസരിച്ച് വിശ്വാസപ്രമാണം ചൊല്ലുന്നു; വിശ്വാസികളുടെ പ്രാർഥന വിട്ടുകളയുന്നു.

## നൈവേദ്യപ്രാർഥന

പരിശുദ്ധനായ പിതാവേ, ഞങ്ങൾക്കു മാതൃകനല്കാൻ, അങ്ങേ പുത്രൻ ശിഷ്യരുടെ പാദങ്ങൾ കഴുകാൻ അങ്ങ് തിരുവുള്ളമായല്ലോ. ഞങ്ങളുടെ ശുശ്രൂഷയുടെ ഈ കാണിക്കകൾ സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഞങ്ങളെത്തന്നെ ആത്മീയബലിയായി അർപ്പിച്ചുകൊണ്ട്, ഞങ്ങൾ എളിമയുടെയും തീക്ഷ്ണതയുടെയും ചൈതന്യത്താൽ നിറയാൻ അനുഗ്രഹിക്കണമേ. കർത്താവായ...

ആമുഖഗീതി. ക്രിസ്തു സഭയിലെ എല്ലാ ശുശ്രൂഷകളുടെയും സ്രോതസ്സ് എന്ന ആമുഖഗീതി ചൊല്ലുന്നു (p).

സ്തോത്രയാഗപ്രാർഥനയിൽ പുതിയതായി പട്ടം സ്വീകരിച്ചവരുടെ പരാമർശനം താഴെകൊടുത്തിരിക്കുന്ന രൂപങ്ങളിൽ നടത്തപ്പെടുന്നു:

(a) ഒന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ, പ്രത്യേക ഉപാർപ്പണ പ്രാർഥന (Hanc igitur) ചൊല്ലുന്നു:

അതിനാൽ, കർത്താവേ, ഡീക്കൻശുശ്രൂഷയിലേക്കും പൗരോഹിത്യശുശ്രൂഷയിലേക്കും അങ്ങ് ഉയർത്താൻ തിരുവുള്ളമായ അങ്ങേ ഈ ദാസർക്കുവേണ്ടിയും അങ്ങേക്ക് ഞങ്ങളർപ്പിക്കുന്ന ഞങ്ങളുടെ സേവനത്തിന്റെയും അങ്ങേ കുടുംബം മുഴുവന്റെയും ഈ കാഴ്ചദ്രവ്യം സംപ്രീതിയോടെ സ്വീകരിക്കുകയും അങ്ങ് നല്കിയ ദാനങ്ങൾ ഇവരിൽ കാരുണ്യപൂർവം കാത്തുപാലിക്കുകയും ചെയ്യണമേ. അങ്ങനെ, ദൈവികനിയോഗത്തിലൂടെ സ്വീകരിച്ചത്, ദൈവികശക്തിയാൽ നിറവേറപ്പെടുമാറാകട്ടെ. (ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളേണമേ, ആമേൻ).

(b) രണ്ടാമത്തെ സ്തോത്രയാഗപ്രാർഥനയിൽ ഒന്നായിച്ചേർക്കണമെന്ന് താഴ്മയോടെ അപേക്ഷിക്കുന്നു എന്നീ വാക്കുകൾക്കുശേഷം ചൊല്ലുന്നു:

കർത്താവേ, ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന അങ്ങേ സഭയെ ഓർക്കണമേ. ഞങ്ങളുടെ പരിശുദ്ധ പിതാവായ N. പാപ്പായോടും ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനോടുമൊത്ത് സഭയെ അങ്ങ് സ്നേഹത്തിന്റെ പൂർണതയിൽ എത്തിക്കണമേ. ഇന്ന് സഭയുടെ ഡീക്കന്മാരായും വൈദികരായും അങ്ങ് നല്കാൻ തിരുവുള്ളമായ അങ്ങേ ഈ ദാസരെയും ഓർക്കണമേ.

ഉയിർപ്പിന്റെ പ്രത്യാശയോടെ...

(c) മൂന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ രക്ഷയും പരിപോഷിപ്പിക്കാൻ ഇടയാക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു എന്നീ വാക്കുകൾക്കുശേഷം പറയുന്നു:

അങ്ങേ ദാസനായ ഞങ്ങളുടെ N. പാപ്പായോടും ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനോടും മെത്രാൻ പദവിയിലുള്ളവരോടും ഇന്ന് സഭയുടെ ഡീക്കന്മാരും പുരോഹിതരുമായി അഭിഷേകംചെയ്യപ്പെട്ട അങ്ങേ ഈ ദാസരോടും വൈദികഗണത്തോടും അങ്ങ് നേടിയെടുത്ത സകല ജനങ്ങളോടുമൊത്ത് ഈ ഭൂമിയിൽ തീർഥാടനംചെയ്യുന്ന അങ്ങേ സഭയെ വിശ്വാസത്തിലും സ്നേഹത്തിലും ഉറപ്പിക്കാൻ കനിയണമേ.

അങ്ങയുടെ തിരുമുമ്പിൽ...

(d) പ്രത്യേക ആമുഖഗീതി ഉപയോഗിക്കുന്നില്ലെങ്കിൽ, നാലാമത്തെ സ്തോത്ര യാഗപ്രാർഥന ഉപയോഗിക്കാവുന്നതാണ്; ഇതിന്റെ മധ്യസ്ഥപ്രാർഥനകളിൽ, ക്രിസ്തുവിന്റെ ഒരു സജീവബലിയായി പരിണമിക്കുമാറാകട്ടെ എന്നീ വാക്കുകൾക്കുശേഷം ചൊല്ലുന്നു:

അതിനാൽ കർത്താവേ, ആർക്കെല്ലാംവേണ്ടി ഞങ്ങൾ ഈ ബലിയർപ്പിക്കുന്നുവോ, അവരെയെല്ലാം അങ്ങ് ഇപ്പോൾ ഓർക്കണമേ. വിശിഷ്യ അങ്ങയുടെ ദാസനായ N. പാപ്പായെയും ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനെയും മെത്രാൻപദവിയിലുള്ള സകലരെയും അങ്ങേ ജനത്തിന്റെ ഡീക്കൻശുശ്രൂഷക്കും പൗരോഹിത്യ ശുശ്രൂഷയ്ക്കുമായി ഇന്ന് അങ്ങ് തിരഞ്ഞെടുക്കാൻ തിരുവുള്ളമായ ഈ ദാസരെയും എല്ലാ വൈദികരെയും ഈ ബലിയർപ്പിക്കുന്നവരെയും ഇവിടെ സന്നിഹിതരായിരിക്കുന്നവരെയും അങ്ങേ സമസ്ത ജനത്തെയും ആത്മാർഥഹൃദയത്തോടെ അങ്ങയെ തേടുന്ന എല്ലാവരെയും ഓർക്കണമേ.

മാത്രമല്ല, അങ്ങേ ക്രിസ്തുവിന്റെ...

## ദിവ്യഭോജനപ്രഭണിതം യോഹ 17,17-18

കർത്താവ് അരുൾചെയ്യുന്നു: പരിശുദ്ധനായ പിതാവേ, അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ. അങ്ങ് എന്നെ ലോകത്തിലേക്കയച്ചതുപോലെ, ഞാനും അവരെ ലോകത്തിലേക്കയച്ചിരിക്കുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാർഥന

കർത്താവേ, സ്വർഗീയഭോജനത്താലും പാനീയത്താലും അങ്ങ് പരിപൂരിതരാക്കിയ അങ്ങേ ദാസർ, അങ്ങേ മഹത്ത്വത്തിനും വിശ്വാസികളുടെ രക്ഷയ്ക്കുംവേണ്ടി സുവിശേഷത്തിന്റെയും കൂദാശകളുടെയും സ്നേഹത്തിന്റെയും വിശ്വസ്തരായ ശുശ്രൂഷകരായി കാണപ്പെടാൻ അനുഗ്രഹിക്കണമേ. കർത്താവായ...

## ദിവ്യപൂജയുടെ സമാപനാശീർവാദം

മെത്രാൻ, നവവൈദികരുടെയും നവഡീക്കന്മാരുടെയും ജനങ്ങളുടെയുംമേൽ, കൈകൾവിരിച്ചുപിടിച്ച് ചൊല്ലുന്നു:

സഭയുടെ സ്ഥാപകനും നിയന്താവുമായ ദൈവം നിങ്ങളുടെ ധർമങ്ങൾ വിശ്വസ്തമനസ്സോടെ നിർവഹിക്കാൻ, തന്റെ കൃപയാൽ, നിങ്ങളെ നിരന്തരം കാത്തുപാലിക്കുമാറാകട്ടെ.

R. ആമേൻ.

സുവിശേഷം പ്രസംഗിക്കാനുള്ള ദൗത്യം ഡീക്കന്മാർക്ക് നല്കിയ അവിടന്ന്, അൾത്താരയെയും മനുഷ്യരെയും ശുശ്രൂഷിച്ചുകൊണ്ട്, നിങ്ങളെ, ലോകത്തിൽ തീക്ഷ്ണമതികളായ സാക്ഷികളും സ്നേഹത്തിന്റെ ശുശ്രൂഷകരുമാക്കിത്തീർക്കുമാറാകട്ടെ.

R. ആമേൻ.

അവിടന്ന് നിങ്ങളെ ക്രിസ്തുശരീരത്തിന്റെ ഐക്യത്തിലേക്ക് കൂടുതൽ വളരാൻ, ജീവനുള്ള അപ്പവും ജീവന്റെ വചനവും വിശ്വാസികൾക്കു നല്കുന്ന യഥാർഥ ഇടയന്മാരായിത്തീരാൻ ഇടയാക്കുമാറാകട്ടെ.

R. ആമേൻ.

തുടർന്ന്, അദ്ദേഹം, സകല ജനങ്ങളെയും ഇപ്രകാരം കൂട്ടിച്ചേർത്തുകൊണ്ട് ആശീർവദിക്കുന്നു:

ഇവിടെ കൂടിയിരിക്കുന്ന നിങ്ങളെ എല്ലാവരെയും സർവശക്തനായ ദൈവം പിതാവും ✠പുത്രനും ✠ പരിശുദ്ധാത്മാവും ✠ അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ.

# V. വിവാഹാശീർവാദകർമം

വിവാഹാശീർവാദകർമം ദിവ്യപൂജയോടുകൂടെ നടത്തുന്നുവെങ്കിൽ, വെള്ളനിറത്തോടെയോ തിരുനാളിന്റെ നിറത്തോടെയോ ഈ കർമാനുഷ്ഠാനപൂജ ഉപയോഗിക്കുന്നു. എന്നാൽ ആരാധനക്രമദിവസങ്ങളുടെ പട്ടികയിൽ ഒന്നു മുതൽ നാലുവരെ നമ്പറുകളിൽ കൊടുത്തിരിക്കുന്ന ലിസ്റ്റിലുള്ള ദിവസങ്ങളിൽ, അതതു ദിവസത്തെ ദിവ്യപൂജതന്നെ ചൊല്ലുന്നു; ദമ്പതിമാർക്കുള്ള ആശീർവാദവും, അനുയുക്തമെങ്കിൽ, സമാപനാശീർവാദവും നിലനിർത്തുന്നു.

എങ്കിലും തിരുപ്പിറവിക്കാലത്തിലും ആണ്ടുവട്ടത്തിലും ഇടവക സമൂഹം പങ്കെടുക്കുന്ന ഞായറാഴ്ചപൂജയിൽ വിവാഹാശീർവാദകർമം നടത്തുന്നുവെങ്കിൽ, ആ ഞായറാഴ്ചയിലെ ദിവ്യപൂജ ഉപയോഗിക്കുന്നു.

സൗകര്യമനുസരിച്ച്, ദിവ്യപൂജാപ്രാർഥനകൾ മുഴുവനും ഇവിടെ കൊടുത്തിരിക്കുന്നെങ്കിലും, എല്ലാ പ്രാർഥനാരൂപങ്ങളിലും പ്രത്യേകിച്ച്, പ്രാർഥനകൾക്കും ദമ്പതിമാർക്കുള്ള ആശീർവാദത്തിനും പകരം, അനുയുക്തമെങ്കിൽ, മറ്റു പ്രാർഥനകളും ചൊല്ലാവുന്നതാണ്.

## A

### പ്രവേശകപ്രഭണിതം — Cf. സങ്കീ 19, 3.5

കർത്താവ് വിശുദ്ധമന്ദിരത്തിൽനിന്ന് നിങ്ങൾക്ക് സഹായമയയ്ക്കട്ടെ, സിയോനിൽനിന്ന് നിങ്ങളെ സംരക്ഷിക്കട്ടെ; അവിടന്നു നിങ്ങളുടെ ഹൃദയാഭിലാഷങ്ങൾ സാധിച്ചുതരുകയും നിങ്ങളുടെ എല്ലാ ഉദ്യമങ്ങളും സഫലമാക്കുകയും ചെയ്യട്ടെ (പെസഹാക്കാലത്ത്, അല്ലേലൂയാ).

അനുതാപകർമം വിട്ടുകളയുന്നു; അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

### സമിതിപ്രാർഥന

കർത്താവേ, ഞങ്ങളുടെ അപേക്ഷകളോടുകൂടെയായിരിക്കുകയും മാനവവംശത്തിന്റെ വർധനയ്ക്കായി അങ്ങ് സ്ഥാപിച്ചതിനെ കാരുണ്യപൂർവം കാത്തുപാലിക്കുകയും ചെയ്യണമേ. അങ്ങനെ, അങ്ങേ പരമാധികാരത്താൽ സംയോജിക്കപ്പെടുന്നത് അങ്ങേ സഹായത്താൽ കാത്തുരക്ഷിക്കപ്പെടുകയും ചെയ്യുമാറാകട്ടെ. അങ്ങയോടുകൂടെ...

### അഥവാ

ദൈവമേ, മനുഷ്യവംശത്തെ സൃഷ്ടിച്ചുകൊണ്ട്, പുരുഷനും സ്ത്രീയും ഒന്നായിത്തീരാൻ അങ്ങ് തിരുവുള്ളമായല്ലോ. വൈവാഹിക ഉടമ്പടിയാൽ ഐക്യപ്പെടേണ്ട അങ്ങേ ഈ ദാസരെ അങ്ങ് സ്നേഹബന്ധത്താൽ ഒന്നാക്കിത്തീർക്കണമേ. അങ്ങനെ, സ്നേഹത്തിൽ ഫലമണിയാനുള്ള അനുഗ്രഹം അങ്ങുചൊരിഞ്ഞ്, സ്നേഹത്തിന്റെതന്നെ സാക്ഷികളായിത്തീരാൻ അവർക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, വിവാഹത്തിന്റെ പാവന ഉടമ്പടിയുടെ മുദ്രണത്തിനായി അർപ്പിച്ച ഈ കാണിക്കകൾ സ്വീകരിക്കുകയും അതിന്റെ നന്മയുടെ ഉറവിടമായ അങ്ങ് അതിന്റെതന്നെ ഔദാര്യമതിയായ നിയന്താവുമായിരിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

ആമുഖഗീതി: വൈവാഹിക ഉടമ്പടിയുടെ മഹത്വം

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടും കൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**വി**ശുദ്ധ വിവാഹത്തിന്റെ ഫലപുഷ്ടമായ ചാരിത്രശുദ്ധി ദത്തുപുത്രരുടെ വർധനയ്ക്ക് ഉപകരിക്കുന്നതിന് മനപ്പൊരുത്തത്തിന്റെ മധുനുകരത്താലും സമാധാനത്തിന്റെ അവിഭാജ്യമായ ബന്ധത്താലും വൈവാഹിക ഉടമ്പടി അങ്ങ് ഉറപ്പിച്ചുവല്ലോ.

**എ**ന്തെന്നാൽ, കർത്താവേ, ശിശുക്കളുടെ ജനനം ലോകത്തിന് ഭൂഷണമായിത്തീരുകയും ജ്ഞാനസ്നാനത്താലുള്ള നവജന്മം സഭയുടെ വർധനയിലേയ്ക്ക് നയിക്കുകയും ചെയ്യുന്നുവല്ലോ. അങ്ങനെ, അങ്ങേ പരിപാലനത്താലും കൃപയാലും അദ്ഭുതകരമായ രീതിയിൽ ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, ഈ ദ്വിവിധ പ്രവർത്തനങ്ങൾ അങ്ങ് നിർവഹിക്കുന്നു.

**അ**ങ്ങുവഴി, മാലാഖമാരോടും സകല വിശുദ്ധരോടുമൊത്ത്, അങ്ങയെ അവിരാമം പ്രകീർത്തിച്ചുകൊണ്ട്, അങ്ങേക്ക് സ്തുതിഗീതം ഞങ്ങൾ ആലപിക്കുന്നു.

പരിശുദ്ധൻ...

സ്തോത്രയാഗപ്രാർഥനകളിൽ, നവദമ്പതികളുടെ സ്മരണ താഴെക്കൊടുത്തിരിക്കുന്ന രൂപങ്ങളിൽ നടത്തപ്പെടുന്നു.

(a) ഒന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ, പ്രത്യേക ഉപാർപ്പണ പ്രാർഥന (Hanc igitur) ചൊല്ലുന്നു:സന്ദർഭോചിതമായി ബ്രാക്കറ്റിലുള്ളത് വിട്ടുകളയുന്നു.

അതിനാൽ, കർത്താവേ, ഞങ്ങളുടെ സേവനത്തിന്റെയും അങ്ങേ ദാസരായ N. ന്റെയും N. ന്റെയും ഇവർക്കുവേണ്ടി അങ്ങേ മഹിമയ്ക്കായി യാചിക്കുന്ന അങ്ങേ കുടുംബം മുഴുവന്റെയും ഈ കാഴ്ചദ്രവ്യം സംപ്രീതിയോടെ സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. ഇവരെ വിവാഹദിനത്തിലേക്ക് എത്തിച്ചേരാൻ അങ്ങ് അനുഗ്രഹിച്ചതുപോലെ, (അവർ ആഗ്രഹിക്കുന്ന അങ്ങേ ദാനമായ സന്താനഭാഗ്യത്താൽ അവരെ ആനന്ദിപ്പിക്കുകയും) കനിവാർന്ന് അവർക്ക് ദീർഘായുസ്സ് നല്കുകയും ചെയ്യണമേ (ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളേണമേ, ആമേൻ).

(b) രണ്ടാമത്തെ സ്തോത്രയാഗപ്രാർഥനയിൽ ഒന്നായിച്ചേർക്കണമെന്ന് താഴ്മയോടെ അപേക്ഷിക്കുന്നു എന്നീ വാക്കുകൾക്കുശേഷം ചൊല്ലുന്നു:

കർത്താവേ, വിവാഹദിനത്തിലേക്ക് എത്തിച്ചേരാൻ അങ്ങ് അനുഗ്രഹിച്ച N. നെയും N. നെയും സ്മരിക്കണമേ. അങ്ങനെ, അങ്ങേ കൃപയാൽ, അവർ പരസ്പരസ്നേഹത്തിലും സമാധാന ത്തിലും നിലനില്ക്കുമാറാകട്ടെ.

(c) മൂന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ രക്ഷയും പരിപോഷിപ്പിക്കാൻ ഇട യാക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു എന്നീ വാക്കുകൾക്കുശേഷം പറയുന്നു:

വിവാഹദിനത്തിലേക്ക് ആനന്ദത്തോടെ അങ്ങു നയിച്ച N. ന്റെയും N. ന്റെയും വിവാഹത്തിന്റെ കൃപയാൽ ഇവരെ ശക്തിപ്പെടുത്തണമേ അങ്ങനെ, അങ്ങേമുമ്പാകെ, അവർ മുദ്രണം ചെയ്തുറപ്പിച്ച ഉടമ്പടി അങ്ങേ സംരക്ഷണത്തെ, ജീവിതത്തിൽ സദാ കാത്തുപാലിക്കു മാറാകട്ടെ.

അങ്ങയുടെ തിരുമുമ്പിൽ...

## വിവാഹാശീർവാദം

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർഥന ചൊല്ലിയതിനുശേഷം, കർത്താവേ, എല്ലാ തിന്മകളിലുംനിന്ന് എന്ന പ്രാർഥന വിട്ടുകളഞ്ഞ്, പുരോഹി തൻ നവദമ്പതിമാരുടെ നേരേ തിരിഞ്ഞ്, ദൈവത്തിന്റെ ആശീർവാദംനേരുന്നു; ഇതൊരിക്കലും വിട്ടുകളയാൻ പാടില്ലാത്തതാകുന്നു.

അഭിസംബോധനത്തിൽ, നവദമ്പതികളിൽ ഒരാളോ ഇരുവരുമോ ദിവ്യകാ രുണ്യം സ്വീകരിക്കാത്തപക്ഷം, ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന വാക്കുകൾ വിട്ടുകളയുന്നു. പ്രാർഥനയിൽ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന വാക്കുകൾ സന്ദർഭമനുസരിച്ച് വിട്ടുകളയാവുന്നതാണ്. ഉദാ. ദമ്പതികൾ പ്രായംചെന്ന വരാണെങ്കിൽ,

നവദമ്പതികൾ അൾത്താരയെ സമീപിക്കുകയോ അവരുടെ സ്ഥലത്തുതന്നെ നില്ക്കുകയോ ചെയ്യുന്നു. തുടർന്ന് അവർ മുട്ടുകുത്തുന്നു.

പുരോഹിതൻ കൈകൾ കൂപ്പിനിന്ന്, പ്രാർഥനയ്ക്കു ക്ഷണിച്ചുകൊണ്ട്, പറയുന്നു:

പ്രിയ സഹോദരരേ, ക്രിസ്തുവിൽ വിവാഹിതരായ അവി ടത്തെ ഈ ദാസരുടെമേൽ അവിടത്തെ കൃപയുടെ ആശീർവാദം കാരുണ്യപൂർവം ചൊരിയണമെന്നും (ക്രിസ്തുവിന്റെ ശരീരരക്ത ങ്ങളുടെ കൂദാശയാൽ) വിശുദ്ധ ഉടമ്പടിയാൽ അവിടന്ന് സംയോ ജിപ്പിച്ച ഇവരെ ഒരേ സ്നേഹത്തിൽ ഒന്നാക്കിത്തീർക്കണമെന്നും കർത്താവിനോട് നമുക്ക് കേണപേക്ഷിക്കാം.

എല്ലാവരും അല്പനേരം മൗനമായി പ്രാർഥിക്കുന്നു.

തുടർന്ന് പുരോഹിതൻ നവദമ്പതികളുടെമേൽ കൈകൾ വിരിച്ചുപിടിച്ചുകൊണ്ട് തുടരുന്നു:

ദൈവമേ, അങ്ങേ മഹാശക്തിയാൽ ഇല്ലായ്മയിൽനിന്ന് സമസ്തവും സൃഷ്ടിച്ച അങ്ങ്, പ്രപഞ്ചോത്പത്തി ക്രമീകരിച്ചപ്പോൾ, മനുഷ്യനെ അങ്ങേ സാദൃശ്യത്തിൽ സൃഷ്ടിക്കുകയും പുരുഷന് സ്ത്രീയെ വേർപെടുത്താനാവാത്ത തുണയാക്കിത്തീർക്കുകയും ചെയ്തുവല്ലോ. അങ്ങനെ, മേലിൽ അവർ രണ്ടല്ല, ഒരു ശരീരമാണെന്നും സംപ്രീതിയോടെ അങ്ങ് ഒന്നാക്കിത്തീർത്തവരെ ഒരിക്കലും വേർപെടുത്താൻപാടുള്ളതല്ലെന്നും അങ്ങ് പഠിപ്പിച്ചു.

ദൈവമേ, വിവാഹഉടമ്പടിയിൽ ക്രിസ്തുവിന്റെയും സഭയുടെയും കൂദാശ പ്രതിബിംബിക്കത്തക്കവിധം വിവാഹബന്ധം അങ്ങ് മഹത്തായ രഹസ്യമാക്കി പവിത്രീകരിച്ചുവല്ലോ.

ദൈവമേ, അങ്ങുവഴി, സ്ത്രീ പുരുഷനോട് ഒന്നായിച്ചേർക്കപ്പെടുകയും ആദിമുതലേ ക്രമീകരിച്ചിട്ടുള്ള ഈ സഹവാസം അങ്ങ് അനുഗ്രഹിക്കുകയും ചെയ്തുവല്ലോ. ഈ അനുഗ്രഹം മാത്രമേ ഉദ്ഭവപാപത്തിന്റെ ശിക്ഷയാലോ ജലപ്രളയത്താലുളവായ വിനാശത്താലോ നഷ്ടപ്പെടാതുള്ളൂ.

വിവാഹബന്ധത്താൽ ഒന്നായിത്തീർന്ന അങ്ങേ ഈ ദാസരുടെമേൽ കാരുണ്യപൂർവം കടാക്ഷിക്കണമേ. അവർ പ്രത്യാശിക്കുന്ന അങ്ങേ ആശീർവാദത്താൽ ശക്തിപ്പെടാൻ പരിശുദ്ധാത്മാവിന്റെ കൃപാവർഷം അവരുടെമേൽ ചൊരിയണമേ. അങ്ങനെ, വിവാഹ ഉടമ്പടിയിൽ വിശ്വസ്തതയോടെ അവർ നിലനില്ക്കാൻ, അവരുടെ ഹൃദയങ്ങളിലേക്ക് അങ്ങേ സ്നേഹം ചൊരിയണമേ.

അങ്ങേ ദാസിയായ N. ൽ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും കൃപ ഉണ്ടായിരിക്കട്ടെ. വിശുദ്ധഗ്രന്ഥം പ്രകീർത്തിക്കുന്ന പുണ്യവതികളുടെ അനുകർത്രിയായി അവൾ നിലനില്ക്കട്ടെ.

ഇവളുടെ ഭർത്താവിന്റെ ഹൃദയം ഇവളിൽ വിശ്വാസമർപ്പിക്കട്ടെ. ഇവളെ തുല്യപങ്കാളിയും കൃപാവരജീവിതത്തിന്റെ കൂട്ടവകാശിയുമായി അംഗീകരിച്ചുകൊണ്ട്, ഇവൾക്ക് അർഹമായ ആദരം നല്കുകയും ക്രിസ്തു തന്റെ സഭയെ സ്നേഹിച്ചതുപോലെ സദാ ഇവളെ സ്നേഹിക്കുകയും ചെയ്യട്ടെ.

കർത്താവേ, അങ്ങയോട് ഞങ്ങളിപ്പോൾ അപേക്ഷിക്കുന്നു; അങ്ങേ ഈ ദാസർ വിശ്വാസത്തിൽ ഉറച്ചുനിന്ന് അങ്ങേ കല്പനകൾ പാലിക്കുകയും ഏകശരീരമായിത്തീർന്ന്, ജീവിതനൈർമല്യം വെളിപ്പെടുത്തുകയും ചെയ്യട്ടെ. സുവിശേഷ ചൈതന്യത്താൽ ശക്തിയാർജിച്ച് സർവജനസമക്ഷം ക്രിസ്തുവിന്റെ യഥാർഥസാക്ഷികളായിത്തീരുകയും (സന്താനഭാഗ്യത്താൽ അനുഗൃഹീതരാകുകയും സുകൃതസമ്പന്നരായ മാതാപിതാക്കന്മാരായിത്തീരുകയും അവരുടെ സന്താനപരമ്പര കാണുകയും) ഇവർ ദീർഘായുസ്സുകളായി ജീവിച്ച്, ഭാഗ്യപ്പെട്ടവരുടെ ജീവിതത്തിലേക്കും സ്വർഗരാജ്യത്തിലേക്കും എത്തിച്ചേരുകയും ചെയ്യുമാറാകട്ടെ. ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളണമേ.

R. ആമേൻ.

കർത്താവായ യേശുക്രിസ്തുവേ എന്ന പ്രാർഥന വിട്ടുകളഞ്ഞ്, ഉടനേ കർത്താവിന്റെ സമാധാനം പറയുന്നു. തുടർന്ന്, നവദമ്പതികളും എല്ലാവരും, സ്ഥലത്തെ രീതിയനുസരിച്ച്, സമാധാനവും കൂട്ടായ്മയും സ്നേഹവും സൂചിപ്പിക്കുന്ന അടയാളം പരസ്പരം കൈമാറുന്നു.

### ദിവ്യഭോജനപ്രഭണിതം — Cf. എഫേ 5, 25.27

ക്രിസ്തു, തന്റെ മണവാട്ടിയെ വിശുദ്ധയും കളങ്കരഹിതയുമാക്കി സമർപ്പിക്കാൻ, സഭയെ സ്നേഹിക്കുകയും അവൾക്കുവേണ്ടി തന്നത്തന്നെ അർപ്പിക്കുകയും ചെയ്തു (പെസഹാക്കാലത്ത്, അല്ലേലൂയാ).

### ദിവ്യഭോജനപ്രാർഥന

കർത്താവേ, ഈ ബലിയുടെ ശക്തിയാൽ, അങ്ങേ പരിപാലനത്തിൽ സ്ഥാപിച്ചതിനെ കാരുണ്യവായ്പോടെ അനുയാത്ര ചെയ്യണമേ. അങ്ങനെ, പാവനബന്ധത്താൽ സംയോജിപ്പിച്ച ഇവരെ (ഒരേ അപ്പത്താലും ഒരേ പാനപാത്രത്താലും പരിപോഷിപ്പിക്കുകയും ചെയ്ത ഇവരെ) ഒരേ സ്നേഹത്തിൽ ഏകമാനസരാക്കിത്തീർക്കാനും അങ്ങ് ഇടയാക്കണമേ. കർത്താവായ...

## ദിവ്യപൂജാസമാപനത്തിലെ സാഘോഷ ആശീർവാദം

പുരോഹിതൻ, നവദമ്പതികളുടെമേൽ കൈകൾവിരിച്ച്, ചൊല്ലുന്നു:

നിത്യപിതാവായ ദൈവം, പരസ്പര സ്നേഹത്തിൽ നിങ്ങളെ ഏകമാനസരാക്കിത്തീർക്കട്ടെ. അങ്ങനെ, ക്രിസ്തുവിന്റെ സമാധാനം നിങ്ങളിൽ വസിക്കുകയും നിങ്ങളുടെ ഭവനത്തിൽ സദാ നിലനില്ക്കുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ.

സന്താനങ്ങളാൽ നിങ്ങൾ അനുഗൃഹീതരാകുകയും സുഹൃത്തുക്കളിൽനിന്ന് ആശ്വാസവും എല്ലാവരോടുമുള്ള യഥാർഥ സമാധാനവും നിങ്ങൾക്കുണ്ടാകുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ.

ലോകത്തിൽ നിങ്ങൾ ദൈവസ്നേഹത്തിന്റെ സാക്ഷികളായിത്തീരുകയും, അവശരും ആർത്തരും നിങ്ങളിൽ കാരുണ്യം കണ്ടെത്തി, അവർ നിങ്ങളെ ദൈവത്തിന്റെ നിത്യഭവനത്തിൽ കൃതജ്ഞതാപൂർവം സ്വാഗതംചെയ്യുകയും ചെയ്യുമാറാകട്ടെ.

കാർമികൻ സകല ജനത്തെയും ഇപ്രകാരം കൂട്ടിച്ചേർത്തുകൊണ്ട് ആശീർവദിക്കുന്നു:

ഇവിടെ കൂടിയിരിക്കുന്ന നിങ്ങളെ എല്ലാവരെയും സർവശക്തനായ ദൈവം പിതാവും പുത്രനും ✠ പരിശുദ്ധാത്മാവും ആശീർവദിക്കുമാറാകട്ടെ.

R. ആമേൻ.

# B

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 89, 14.17**

കർത്താവേ, പ്രഭാതത്തിൽ അങ്ങേ കാരുണ്യത്താൽ ഞങ്ങൾ പരിപൂരിതരാകുകയും ഞങ്ങളുടെ എല്ലാ ദിനങ്ങളിലും ആഹ്ലാദിക്കുകയും സന്തോഷിക്കുകയും ചെയ്തു; കർത്താവിന്റെ മഹത്ത്വം ഞങ്ങളുടെമേലും ഞങ്ങളുടെ കരവേലകളുടെമേലും ഉണ്ടായിരിക്കട്ടെ (പെസഹാക്കാലത്ത്, അല്ലേലൂയാ).

അനുതാപകർമം വിട്ടുകളയുന്നു; അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർഥന**

കർത്താവേ, ഞങ്ങളുടെ അപേക്ഷകൾ അങ്ങ് ശ്രവിക്കുകയും അങ്ങേ ദാസരായ N. യുടെയും N. യുടെയുംമേൽ അങ്ങേ കൃപ കാരുണ്യപൂർവം വർഷിക്കുകയും ചെയ്യണമേ. അങ്ങനെ, അങ്ങേ അൾത്താരയുടെ മുമ്പാകെ ഒന്നാക്കപ്പെടുന്ന ഇവർ പരസ്പരസ്നേഹത്തിൽ സ്ഥിരീകരിക്കപ്പെടുമാറാകട്ടെ. അങ്ങയോടുകൂടെ...

അഥവാ

ദൈവമേ, വിവാഹഉടമ്പടിയിൽ ക്രിസ്തുവിന്റെയും സഭയുടെയും കൂദാശ പ്രതിബിംബിക്കത്തക്കവിധം അങ്ങ് വിവാഹബന്ധം അങ്ങ് മഹത്തായ രഹസ്യമാക്കി പവിത്രീകരിച്ചുവല്ലോ. വിശ്വാസത്താൽ അങ്ങേ ഈ ദാസർ സ്വീകരിച്ചത് പ്രവൃത്തിയിൽ പ്രകടമാക്കാൻ ഇവർക്ക് അനുഗ്രഹം നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേക്ക് ഞങ്ങൾ സന്തോഷത്തോടെ അർപ്പിക്കുന്ന ഈ കാണിക്കകൾ കാരുണ്യപൂർവം സ്വീകരിക്കുകയും വിവാഹകൂദാശയുടെ ഉടമ്പടിയാൽ അങ്ങ് സംയോജിപ്പിച്ച ഇവരെ പിതൃവാത്സല്യത്താൽ കാത്തുപാലിക്കുകയും ചെയ്യണമേ. കർത്താവായ...

ആമുഖഗീതി: വിവാഹത്തിന്റെ മഹത്തായ കൂദാശ

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടും കൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**എ**ന്തെന്നാൽ അങ്ങേ ജനവുമായി അങ്ങ് ഒരു പുതിയ ഉടമ്പടിചെയ്തു. അങ്ങനെ, അങ്ങേ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും രഹസ്യംവഴി അങ്ങ് അവരെ വീണ്ടെടുക്കുകയും ദൈവപ്രകൃതിയിൽ പങ്കുകാരാക്കുകയും അങ്ങേ സ്വർഗീയമഹത്ത്വത്തിൽ കൂട്ടവകാശികളാക്കിത്തീർക്കുകയും ചെയ്തുവല്ലോ.

**പു**രുഷനും സ്ത്രീയും തമ്മിലുള്ള വിവാഹത്തിലൂടെ അങ്ങേ കൃപാവരസമൃദ്ധി അങ്ങ് സൂചിപ്പിക്കുന്നു. അങ്ങനെ, ഞങ്ങളനുഷ്ഠിക്കുന്ന ഈ കൂദാശ അങ്ങേ സ്നേഹത്തിന്റെ അവർണനീയമായ പദ്ധതിയിലേക്ക് ഞങ്ങളെ ആനയിക്കുകയുംചെയ്യുന്നു.

**ആ**കയാൽ, മാലാഖമാരോടും സകല വിശുദ്ധരോടുമൊത്ത് അവിരാമം സ്തുതിച്ചുകൊണ്ട്, അങ്ങയെ ഞങ്ങൾ പ്രകീർത്തിക്കുന്നു:

പരിശുദ്ധൻ...

സ്തോത്രയാഗപ്രാർഥനകളിൽ, പ്രത്യേക മധ്യസ്ഥപ്രാർഥനകളും ഉപയോഗിക്കുന്നു (pp. )

## വിവാഹാശീർവാദം

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർഥന ചൊല്ലിയതിനു ശേഷം, കർത്താവേ, എല്ലാ തിന്മകളിൽനിന്ന് എന്ന പ്രാർഥന വിട്ടുകളഞ്ഞ്, പുരോഹിതൻ നവദമ്പതിമാരുടെനേരെ തിരിഞ്ഞ്, ദൈവത്തിന്റെ ആശീർവാദം അവരുടെമേൽ നേരുന്നു; ഇതൊരിക്കലും വിട്ടുകളയാൻ പാടില്ലാത്തതാകുന്നു.

അഭിസംബോധനത്തിൽ, നവദമ്പതികളിൽ ഒരാളോ ഇരുവരുമോ ദിവ്യകാരുണ്യം സ്വീകരിക്കാത്തപക്ഷം, ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന വാക്കുകൾ വിട്ടുകളയുന്നു. പ്രാർഥനയിൽ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന വാക്കുകൾ സന്ദർഭമനുസരിച്ച് വിട്ടുകളയാവുന്നതാണ്. ഉദാ. ദമ്പതികൾ പ്രായംചെന്നവരാണെങ്കിൽ,

നവദമ്പതികൾ അൾത്താരയെ സമീപിക്കുകയോ ഉചിതമെങ്കിൽ അവരുടെ സ്ഥലത്തുതന്നെ നില്ക്കുകയോ ചെയ്യുന്നു. തുടർന്ന് അവർ മുട്ടുകുത്തുന്നു.

പുരോഹിതൻ കൈകൾകൂപ്പിനിന്ന്, പ്രാർഥനയ്ക്കുക്ഷണിച്ചുകൊണ്ട് പറയുന്നു:

ഈ അൾത്താരയെ സമീപിച്ച് വിവാഹജീവിതം ആരംഭിച്ച ഈ ദമ്പതികൾ (ക്രിസ്തുവിന്റെ ശരീരരക്തങ്ങളിൽ പങ്കാളികളായി), പരസ്പര സ്നേഹത്താൽ സദാ ഒന്നിക്കപ്പെടാൻവേണ്ടി കർത്താവിനോട് നമുക്ക് പ്രാർഥിക്കാം.

എല്ലാവരും അല്പനിമിഷം നിശ്ശബ്ദമായി പ്രാർഥിക്കുന്നു; തുടർന്ന്, പുരോഹിതൻ, നവദമ്പതികളുടെമേൽ കൈകൾ വിരിച്ച്, തുടരുന്നു:

പരിശുദ്ധനായ പിതാവേ, അങ്ങേ സാദൃശ്യത്തിൽ അങ്ങ് മനുഷ്യനെ രൂപപ്പെടുത്തി, പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചുവല്ലോ. അങ്ങനെ, പുരുഷനും സ്ത്രീയും ശരീരത്തിലും ഹൃദയത്തിലും ഒന്നായിത്തീർന്ന്, ഭൂമിയിൽ അവരുടെ ധർമം പൂർത്തീകരിക്കുന്നു.

ദൈവമേ, അങ്ങേ സ്നേഹത്തിന്റെ പദ്ധതി വെളിപ്പെടുത്തേണ്ടതിന്, അങ്ങേ ജനവുമായി അങ്ങു ചെയ്ത ഉടമ്പടി, ദമ്പതികളുടെ പരസ്പരസ്നേഹത്തിൽ പ്രതിബിംബിപ്പിക്കാൻ അങ്ങ് തിരുവുള്ളമായി. അങ്ങനെ, പൂർത്തീകരിക്കപ്പെട്ട കൗദാശിക അടയാളത്തിലൂടെ, അങ്ങേ വിശ്വാസികളുടെ വൈവാഹികബന്ധത്തിൽ, ക്രിസ്തുവിന്റെയും സഭയുടെയും വൈവാഹികരഹസ്യം അങ്ങ് വെളിപ്പെടുത്തിയല്ലോ.

അങ്ങേ ദാസരായ N. ന്റെയും N. ന്റെയുംമേൽ അങ്ങേ വലത്തുകരം കനിവാർന്ന് നീട്ടുകയും അവരുടെ ഹൃദയങ്ങളിൽ പരിശുദ്ധാത്മാവിന്റെ ശക്തി ചൊരിയുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

കർത്താവേ, ഈ കൗദാശിക ഐക്യത്തിൽ പ്രവേശിക്കുന്ന ഇവർ, അങ്ങേ സ്നേഹത്തിന്റെ ദാനങ്ങൾ പങ്കുവയ്ക്കാനും അങ്ങേ സാന്നിധ്യത്തിന്റെ അടയാളം പരസ്പരം പ്രകടിപ്പിച്ചുകൊണ്ട്, ഒരു ഹൃദയവും ഒരാത്മാവുമായിത്തീരാനും അനുഗ്രഹിക്കണമേ.

കർത്താവേ, ഇവർ പണിതുയർത്തുന്ന ഭവനം ഇവരുടെ പ്രവൃത്തികളാൽ നിലനിർത്താനും (സുവിശേഷ മാർഗത്തിലൂടെ അവരുടെ സന്താനങ്ങളെ രൂപപ്പെടുത്തി അങ്ങേ സ്വർഗീയ കുടുംബത്തിലെ അംഗങ്ങളാക്കി സജ്ജരാക്കാനും) ഇവരെ അനുഗ്രഹിക്കണമേ.

അങ്ങേ ദാസിയായ N. യെ അങ്ങേ അനുഗ്രഹങ്ങളാൽ കാരുണ്യപൂർവം നിറയ്ക്കണമേ. അങ്ങനെ, ഭാര്യയുടെയും (അമ്മയുടെയും) ധർമങ്ങൾ നിറവേറ്റിക്കൊണ്ട്, തന്റെ ഭവനത്തിന് നിർമലസ്നേഹത്താൽ ഊഷ്മളത നല്കുകയും ഹൃദ്യമായ ഔദാര്യത്താൽ അലങ്കരിക്കുകയും ചെയ്യട്ടെ.

കർത്താവേ, അങ്ങേ ദാസനായ N. നെയും സ്വർഗീയാനുഗ്രഹത്താൽ നിറയ്ക്കണമേ. അങ്ങനെ, വിശ്വസ്തഭർത്താവിന്റെയും (കരുതലുള്ള പിതാവിന്റെയും) ധർമങ്ങൾ ഇയാൾ യഥായോഗ്യം നിർവഹിക്കട്ടെ.

പരിശുദ്ധനായ പിതാവേ, അങ്ങേ മുമ്പാകെ വിവാഹത്തിൽ ഒന്നായിത്തീർന്ന്, അങ്ങേ മേശയെ സമീപിക്കാൻ അഭിലഷിക്കുന്ന ഇവർ ഒരുദിവസം സ്വർഗീയവിരുന്നിൽ സന്തോഷത്തോടെ പങ്കുചേരാൻ അനുഗ്രഹിക്കണമേ. ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളണമേ.

R. ആമേൻ.

കർത്താവായ യേശുക്രിസ്തുവേ എന്ന പ്രാർഥന വിട്ടുകളഞ്ഞ്, ഉടനേ കർത്താവിന്റെ സമാധാനം പറയുന്നു. തുടർന്ന്, നവദമ്പതികളും എല്ലാവരും, സ്ഥലത്തെ രീതിയനുസരിച്ച്, സമാധാനവും കൂട്ടായ്മയും സ്നേഹവും സൂചിപ്പിക്കുന്ന അടയാളം പരസ്പരം കൈമാറുന്നു.

### ദിവ്യഭോജനപ്രഭണിതം — യോഹ 13,34

കർത്താവ് അരുൾചെയ്യുന്നു: ഞാൻ പുതിയ കല്പന നിങ്ങൾക്ക് നല്കുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ (പെസഹാക്കാലത്ത്, അല്ലേലൂയാ).

### ദിവ്യഭോജനപ്രാർഥന

കർത്താവേ, അങ്ങേ വിരുന്നിൽ പങ്കാളികളായിത്തീർന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, വിവാഹകൂദാശയാൽ ഒന്നായിത്തീർന്ന ഇവർ അങ്ങയോട് സദാ ചേർന്നുനില്ക്കുകയും അങ്ങേ നാമം മാനവസമക്ഷം പ്രഖ്യാപിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

### ദിവ്യപൂജയുടെ സമാപനത്തിലെ സാഘോഷആശീർവാദം

വൈദികൻ, നവദമ്പതികളുടെമേൽ കൈകൾ വിരിച്ചുപിടിച്ച് പറയുന്നു:

സർവശക്തനായ പിതാവായ ദൈവം തന്റെ സന്തോഷം നിങ്ങൾക്കു നല്കുകയും സന്താനങ്ങളാൽ നിങ്ങളെ അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ.

ദൈവത്തിന്റെ ഏകജാതനായ പുത്രൻ ഉയർച്ചയിലും താഴ്ചയിലും നിങ്ങളെ കാരുണ്യപൂർവം സഹായിക്കുമാറാകട്ടെ.

R. ആമേൻ.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് തന്റെ സ്നേഹം നിങ്ങളുടെ ഹൃദയങ്ങളിൽ സദാ ചൊരിയുമാറാകട്ടെ.

R. ആമേൻ.

കാർമികൻ സകല ജനത്തെയും, ഇപ്രകാരം കൂട്ടിച്ചേർത്തുകൊണ്ട് ആശീർവദിക്കുന്നു:

ഇവിടെ കൂടിയിരിക്കുന്ന നിങ്ങളെ എല്ലാവരെയും, സർവശക്തനായ ദൈവം പിതാവും പുത്രനും ✠പരിശുദ്ധാത്മാവും അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ.

## C

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 144, 2.9**

കർത്താവേ, അനുദിനം ഞാനങ്ങയെ പുകഴ്ത്തും; അങ്ങേ നാമം ഞാൻ എന്നേക്കും വാഴ്ത്തും. എന്തെന്നാൽ, അങ്ങ് എല്ലാവർക്കും മാധുര്യവാനാണ്, തന്റെ സകല സൃഷ്ടികളുടെയുംമേൽ അങ്ങേ കരുണ ചൊരിയുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

അനുതാപകർമം വിട്ടുകളയുന്നു; അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർഥന**

സർവശക്തനായ ദൈവമേ, വിവാഹമെന്ന കൂദാശയാൽ സംയോജിപ്പിക്കപ്പെടുന്ന അങ്ങേ ഈ ദാസർ, അവർ പ്രഖ്യാപിക്കുന്ന വിശ്വാസത്തിൽ വളരാനും അങ്ങേ സഭയെ വിശ്വസ്തസന്താനങ്ങളാൽ അഭിവൃദ്ധിപ്പെടുത്താനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

അഥവാ

ദൈവമേ, ലോകാരംഭംമുതൽ, സന്താനവർധന അങ്ങ് അനുഗ്രഹിക്കുന്നുവല്ലോ. ഞങ്ങളുടെ അപേക്ഷകൾ ശ്രവിക്കുകയും അങ്ങേ ദാസർ N. ന്റെയും N. ന്റെയുംമേൽ അങ്ങേ അനുഗ്രഹത്തിന്റെ സഹായം ചൊരിയുകയും ചെയ്യണമേ. അങ്ങനെ, വൈവാഹിക ബന്ധത്തിൽ, പരസ്പരസ്നേഹത്താലും മനപ്പൊരുത്തത്താലും പരസ്പര വിശുദ്ധിയാലും ഇവർ ഒന്നിപ്പിക്കപ്പെടുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഞങ്ങളുടെ അപേക്ഷകൾ തൃക്കൺപാർക്കുകയും വിവാഹത്തിന്റെ വിശുദ്ധ ഉടമ്പടിയാൽ ഒന്നിപ്പിക്കപ്പെട്ട അങ്ങേ ഈ ദാസർക്കുവേണ്ടി ഞങ്ങളർപ്പിക്കുന്ന ഈ ബലിവസ്തുക്കൾ കാരുണ്യവായ്പോടെ സ്വീകരിക്കുകയും ചെയ്യണമേ. ഈ രഹസ്യങ്ങൾവഴി, പരസ്പരസ്നേഹത്തിലും അങ്ങേ സ്നേഹത്തിലും ഇവർ സ്ഥിരീകരിക്കപ്പെടുമാറാകട്ടെ. കർത്താവായ...

ആമുഖഗീതി: വിവാഹം, ദൈവികസ്നേഹത്തിന്റെ അടയാളം.

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടും കൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**ങ്ങേ കാരുണ്യാതിരേകത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ ഉന്നതപദവിയിലേക്ക് ഉയർത്താൻ അങ്ങ് തിരുവുള്ളമായല്ലോ. അങ്ങനെ, പുരുഷനും സ്ത്രീയും തമ്മിലുള്ള ഐക്യത്തിൽ അങ്ങേ സ്നേഹത്തിന്റെ യഥാർഥരൂപംതന്നെയാണ് അങ്ങ് പ്രതിഫലിപ്പിക്കുന്നത്; സ്നേഹത്താൽ അങ്ങ് സൃഷ്ടിച്ച ഇവരെ സ്നേഹത്തിന്റെ നിയമത്തിലേക്ക് അങ്ങ് അവിരാമം വിളിക്കുന്നുവല്ലോ. അങ്ങനെ, അങ്ങേ അനന്തസ്നേഹത്തിൽ പങ്കാളികളാകാൻ ഇവരെ അനുഗ്രഹിക്കുകയും ചെയ്യുന്നു.

**അ**ങ്ങേ സ്നേഹത്തിന്റെ അടയാളമായി, വിശുദ്ധവിവാഹത്തിന്റെ രഹസ്യം ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, മനുഷ്യസ്നേഹം പവിത്രമാക്കുന്നുവല്ലോ.

**അ**വിടന്നുവഴി, മാലാഖമാരോടും സകല വിശുദ്ധരോടുമൊത്ത് അങ്ങയെ അവിരാമം പ്രകീർത്തിച്ചുകൊണ്ട്, അങ്ങേക്ക് സ്തുതിഗീതം ഞങ്ങൾ ആലപിക്കുന്നു.

പരിശുദ്ധൻ...

സ്തോത്രയാഗപ്രാർഥനയിൽ, പ്രത്യേകമധ്യസ്ഥപ്രാർഥനകൾ ചൊല്ലുന്നു (p)

## വിവാഹാശീർവാദം

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർഥന ...ചൊല്ലിയതിനു ശേഷം, കർത്താവേ, എല്ലാ തിന്മകളിൽനിന്ന് എന്ന പ്രാർഥന വിട്ടുകളഞ്ഞ്, പുരോഹിതൻ നവദമ്പതിമാരുടെനേരേ തിരിഞ്ഞ്, ദൈവത്തിന്റെ ആശീർവാദം നേരുന്നു; ഇതൊരിക്കലും വിട്ടുകളയാൻ പാടില്ലാത്തതാകുന്നു.

അഭിസംബോധനത്തിൽ, നവദമ്പതികളിൽ ഒരാളോ ഇരുവരുമോ ദിവ്യകാരുണ്യം സ്വീകരിക്കാത്തപക്ഷം, ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന വാക്കുകൾ വിട്ടുകളയുന്നു. പ്രാർഥനയിൽ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന വാക്കുകൾ സന്ദർഭമനുസരിച്ച് വിട്ടുകളയാവുന്നതാണ്. ഉദാ. ദമ്പതികൾ പ്രായംചെന്നവരാണെങ്കിൽ,

നവദമ്പതികൾ അൾത്താരയെ സമീപിക്കുകയോ അവരുടെ സ്ഥലത്തുതന്നെ നില്ക്കുകയോ ചെയ്യുന്നു. തുടർന്ന് അവർ മുട്ടുകുത്തുന്നു.

പുരോഹിതൻ കൈകൾ കൂപ്പിനിന്ന്, ഇപ്രകാരം പറഞ്ഞുകൊണ്ട് പ്രാർഥനയ്ക്കായി ക്ഷണിക്കുന്നു:

പ്രിയ സഹോദരരേ, ഈ ദമ്പതികളുടെമേൽ ദൈവാനുഗ്രഹം ഉണ്ടാകാൻ നമ്മുടെ പ്രാർഥനകൾവഴി നമുക്ക് താഴ്മയോടെ അപേക്ഷിക്കാം. അങ്ങനെ, വിവാഹമെന്ന കൂദാശയാൽ ഇവരെ സമ്പുഷ്ടരാക്കിയ അവിടന്ന് തന്റെ സഹായത്താൽ കാരുണ്യപൂർവം കാത്തുപാലിക്കുകയും ചെയ്യട്ടെ.

അല്പനേരം എല്ലാവരും മൗനമായി പ്രാർഥിക്കുന്നു; തുടർന്ന്, പുരോഹിതൻ, നവദമ്പതികളുടെമേൽ കൈകൾ വിരിച്ചുപിടിച്ച്, തുടരുന്നു:

പരിശുദ്ധനായ പിതാവേ, സകല പ്രപഞ്ചത്തിന്റെയും സ്രഷ്ടാവേ, പുരുഷനെയും സ്ത്രീയെയും അങ്ങേ സാദൃശ്യത്തിൽ സൃഷ്ടിക്കുകയും അവരുടെ സഹവാസം അങ്ങേ അനുഗ്രഹത്താൽ ധന്യമാക്കാൻ അങ്ങ് തിരുവുള്ളമാവുകയും ചെയ്തുവല്ലോ. ഇന്ന് വിവാഹ കൂദാശയാൽ സംയോജിപ്പിക്കപ്പെട്ട അങ്ങേ ഈ ദാസർക്കുവേണ്ടി അങ്ങയോട് എളിമയോടെ ഞങ്ങൾ അപേക്ഷിക്കുന്നു.

കർത്താവേ, വധുവായ N. യുടെമേലും അവളുടെ ജീവിത പങ്കാളിയായ N. ന്റെമേലും അങ്ങേ സമൃദ്ധമായഅനുഗ്രഹവർഷം ഇറങ്ങിവരുകയും പരിശുദ്ധാത്മാവിന്റെ ശക്തി ഉന്നതങ്ങളിൽനിന്ന് ഇവരുടെ ഹൃദയങ്ങളെ ഉജ്ജ്വലിപ്പിക്കുകയും ചെയ്യട്ടെ. അങ്ങനെ, വിവാഹത്തിന്റെ ദാനം പരസ്പരം അനുഭവിച്ചുകൊണ്ട് ഇവർ (കുടുംബത്തെ സന്തതികളാൽ അലങ്കരിക്കുകയും) സഭയെ സമ്പുഷ്ടമാക്കുകയും ചെയ്യട്ടെ.

കർത്താവേ, സന്തോഷത്തിൽ ഇവർ അങ്ങയെ സ്തുതിക്കുകയും, സന്താപത്തിൽ അങ്ങയെ അന്വേഷിക്കുകയും ചെയ്യട്ടെ. അവരുടെ അധ്വാനങ്ങളിൽ അങ്ങേ സാന്നിധ്യത്താൽ അവർ ആനന്ദിക്കുകയും അവരുടെ ആവശ്യങ്ങളിൽ ആശ്വാസമായി അങ്ങേ സാമീപ്യം അവർ അനുഭവിക്കുകയും ചെയ്യട്ടെ; വിശുദ്ധ സമൂഹത്തിൽ അവർ അങ്ങയോട് പ്രാർഥിക്കുകയും ലോകത്തിൽ അങ്ങേ സാക്ഷികളായി വർത്തിക്കുകയും സുഹൃദ്വലയത്തോടെയുള്ള സന്തോഷകരമായ വാർധക്യകാലശേഷം, സ്വർഗരാജ്യത്തിലേക്ക് അവർ എത്തിച്ചേരുകയും ചെയ്യുമാറാകട്ടെ. ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളണമേ.

R. ആമേൻ.

കർത്താവായ യേശുക്രിസ്തുവേ. എന്ന പ്രാർഥന വിട്ടുകളഞ്ഞ്, ഉടനെ കർത്താവിന്റെ സമാധാനം പറയുന്നു. തുടർന്ന്, നവദമ്പതികളും എല്ലാവരും, സ്ഥലത്തെ രീതിയനുസരിച്ച്, സമാധാനവും കൂട്ടായ്മയും സ്നേഹവും സൂചിപ്പിക്കുന്ന അടയാളം പരസ്പരം കൈമാറുന്നു.

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 33, 2.9**

കർത്താവിനെ ഞാനെന്നും പുകഴ്ത്തും; അവിടത്തെ സ്തുതികൾ എപ്പോഴും എന്റെ അധരങ്ങളിൽ ഉണ്ടായിരിക്കും. കർത്താവ് എത്ര നല്ലവനെന്ന് രുചിച്ചറിയുവിൻ; അവിടത്തെ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ (പെസഹാക്കാലത്ത്, അല്ലേലൂയാ).

**ദിവ്യഭോജനപ്രാർഥന**

സർവശക്തനായ ദൈവമേ, ഞങ്ങൾ സ്വീകരിച്ച ഈ കൂദാശയുടെ ചൈതന്യം അങ്ങേ ഈ ദാസരിൽ വർധമാനമാക്കാനും ഞങ്ങളർപ്പിച്ച ഈ ബലിയുടെ ഫലങ്ങൾ ഞങ്ങളെല്ലാവരും അനുഭവിക്കാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

**ദിവ്യപൂജയുടെ സമാപനത്തിലെ ആശീർവാദം**

പുരോഹിതൻ നവദമ്പതികളുടെമേൽ കൈകൾ വിരിച്ചുപിടിച്ച് ചൊല്ലുന്നു:

കാനായിലെ വിവാഹത്തിൽ സന്നിഹിതനാകാൻ തിരുവുള്ളമായ കർത്താവായ യേശു നിങ്ങളെയും നിങ്ങളുടെ ബന്ധുമിത്രാദികളെയും സമൃദ്ധമായി അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ.

സഭയെ അവസാനംവരെ സ്നേഹിച്ച അവിടന്ന്, നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ സ്നേഹം അനവരതം വർഷിക്കുമാറാകട്ടെ.

R. ആമേൻ

അവിടത്തെ ഉത്ഥാനത്തിലുള്ള വിശ്വാസത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട്, നിങ്ങൾ സന്തോഷത്തോടെ പ്രതീക്ഷിക്കുന്ന അനുഗൃഹീതമായ പ്രത്യാശ കർത്താവ് നിങ്ങൾക്ക് നല്കുമാറാകട്ടെ.

R. ആമേൻ

കാർമികൻ സകല ജനങ്ങളെയും ഇപ്രകാരം കൂട്ടിച്ചേർത്തുകൊണ്ട് ആശീർവദിക്കുന്നു:

ഇവിടെ കൂടിയിരിക്കുന്ന എല്ലാവരെയും സർവശക്തനായ ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവും ✠ അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ

വിവാഹ വാർഷികത്തിനുള്ള ദിവ്യപൂജ വിവിധ ആവശ്യങ്ങൾക്കുവേണ്ടിയുള്ള ദിവ്യപൂജകളിൽ കൊടുത്തിരിക്കുന്നു (pp).

# VI. ആശ്രമശ്രേഷ്ഠന്റെയോ ആശ്രമ ശ്രേഷ്ഠയുടെയോ ആശീർവാദകർമം

കർമാനുഷ്ഠാനപൂജകൾ അനുവദിച്ചിട്ടുള്ള ദിവസങ്ങളിൽ വെളുത്ത നിറത്തോടെയോ തിരുനാളിന്റെ നിറത്തോടെയോ ഈ ദിവ്യപൂജ ഉപയോഗിക്കാവുന്നതാണ്.

**1**

## ആശ്രമശ്രേഷ്ഠന്റെ ആശീർവാദം

**പ്രവേശകപ്രഭണിതം** **Cf. യോഹ 15, 16**

കർത്താവ് അരുൾചെയ്യുന്നു: നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണു ചെയ്തത്; നിങ്ങൾപോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനില്ക്കുന്നതിനുംവേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ **Cf. കൊളോ 3, 14-15**

എല്ലാറ്റിനെയും കൂട്ടിയിണക്കി പരിപൂർണമായ ഐക്യത്തിൽ ബന്ധിക്കുന്ന സ്നേഹം നിങ്ങൾക്ക് ഉണ്ടായിരിക്കട്ടെ. ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ആഹ്ലാദിപ്പിക്കട്ടെ (പെസഹാക്കാലത്ത്, അല്ലേലൂയാ).

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

**സമിതിപ്രാർഥന**

കർത്താവേ, അങ്ങേ ദാസനായ N. നെ ഈ സമൂഹമായ N. ന്റെ ആശ്രമശ്രേഷ്ഠനായി അങ്ങ് തിരഞ്ഞെടുത്തുവല്ലോ. പ്രവൃത്തികളാലും ഉദ്ബോധനത്താലും ഇദ്ദേഹം തന്റെ സഹോദരരുടെ മാനസങ്ങളെ നേരായവഴിയിലേക്ക് പരിശീലിപ്പിക്കാനും അവരോടൊപ്പം നിത്യസമ്മാനത്തിന്റെ പ്രതിഫലം ഏറ്റവും വാത്സല്യമുള്ള ഇടയനായ അങ്ങിൽനിന്ന് സന്തോഷപൂർവം സ്വീകരിക്കാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

നിർദേശങ്ങൾക്കനുസരിച്ച് വിശ്വാസപ്രമാണം ചൊല്ലുന്നു; വിശ്വാസികളുടെ പ്രാർഥന വിട്ടുകളയുന്നു.

## നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ ദാസരുടെ കാണിക്കകൾ അങ്ങു സ്വീകരിക്കുകയും തങ്ങളെത്തന്നെ ഒരു ആത്മീയ ബലിവസ്തുവായി അർപ്പിച്ചുകൊണ്ട്, അവർ യഥാർഥ എളിമയാലും അനുസരണത്താലും സമാധാനത്താലും സദാ നിറയാൻ അനുഗ്രഹിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

സന്ന്യാസി ജീവിതത്തിന്റെ ആമുഖഗീതി (pp) ഉപയോഗിക്കാവുന്നതാണ്.

സ്തോത്രയാഗപ്രാർഥനകളിൽ നവമായി ആശീർവദിക്കപ്പെട്ട ആശ്രമശ്രേഷ്ഠനുവേണ്ടിയുള്ള പരാമർശനം താഴെക്കൊടുത്തിരിക്കുന്ന രൂപങ്ങളിൽ നടത്തപ്പെടുന്നു:

(a). ഒന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ, പ്രത്യേക ഉപാർപ്പണ പ്രാർഥന (Hanc igitur) ചൊല്ലുന്നു:

അതിനാൽ കർത്താവേ, ഈ സന്ന്യാസിസമൂഹത്തിന്റെ ഭരണനിർവഹണത്തിനായി അങ്ങ് തിരഞ്ഞെടുക്കാൻ തിരുവുള്ളമായ അങ്ങേ ഈ ദാസൻ N. നുവേണ്ടി അങ്ങേക്കു ഞങ്ങളർപ്പിക്കുന്ന ഞങ്ങളുടെ സേവനത്തിന്റെയും അങ്ങേ കുടുംബം മുഴുവന്റെയും ഈ കാഴ്ചദ്രവ്യം സംപ്രീതിയോടെ സ്വീകരിക്കുകയും അങ്ങ് നല്കിയ ദാനങ്ങൾ കാരുണ്യപൂർവം ഇയാളിൽ കാത്തുപാലിക്കുകയും ചെയ്യണമേ. അങ്ങനെ, അങ്ങേ കൃപയാൽ സ്വീകരിച്ചത്, സഹോദരങ്ങളുടെ ഹൃദയങ്ങളെ ശക്തിപ്പെടുത്തുമാറാകട്ടെ (ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളണമേ, ആമേൻ).

(b). രണ്ടാമത്തെ സ്തോത്രയാഗപ്രാർഥനയിൽ ഒന്നായിച്ചേർക്കണമെന്ന് താഴ്മയോടെ അപേക്ഷിക്കുന്നു എന്നീ വാക്കുകൾക്കുശേഷം ചൊല്ലുന്നു:

കർത്താവേ, ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന അങ്ങേ സഭയെ ഓർക്കണമേ. ഞങ്ങളുടെ പരിശുദ്ധ പിതാവായ N. പാപ്പായോടും ഞങ്ങളുടെ രൂപതാദ്ധ്യക്ഷനായ N. മെത്രാനോടുമൊത്ത് സഭയെ അങ്ങ് സ്നേഹത്തിന്റെ പൂർണതയിൽ എത്തിക്കണമേ. ഇന്ന് ഈ സന്ന്യാസിസമൂഹത്തിന്റെ ആശ്രമശ്രേഷ്ഠനായി നല്കാൻ തിരുവുള്ളമായ അങ്ങേ ഈ ദാസനെയും വൈദികഗണത്തെയും ഓർക്കണമേ.

ഉയിർപ്പിന്റെ പ്രത്യാശയോടെ...

(c) മൂന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ രക്ഷയും പരിപോഷിപ്പിക്കാൻ ഇടയാക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു എന്നീ വാക്കുകൾക്കുശേഷം പറയുന്നു:

അങ്ങേ ദാസനായ ഞങ്ങളുടെ N. പാപ്പയോടും ഞങ്ങളുടെ രൂപതാദ്ധ്യക്ഷനായ N. മെത്രാനോടും മെത്രാൻ പദവിയിലുള്ളവരോടും ഇന്ന് ഈ സന്ന്യാസസമൂഹത്തിന്റെ ആശ്രമശ്രേഷ്ഠനായി തിരഞ്ഞെടുക്കപ്പെട്ട അങ്ങേ ഈ ദാസൻ N. നോടും വൈദികഗണത്തോടും അങ്ങ് നേടിയെടുത്ത സകല ജനങ്ങളോടുമൊത്ത് ഈ ഭൂമിയിൽ തീർഥാടനംചെയ്യുന്ന അങ്ങേ സഭയെ വിശ്വാസത്തിലും സ്നേഹത്തിലും ഉറപ്പിക്കാൻ കനിയണമേ.

അങ്ങയുടെ തിരുമുമ്പിൽ...

(d) പ്രത്യേക ആമുഖഗീതി ഉപയോഗിക്കുന്നില്ലെങ്കിൽ, നാലാമത്തെ സ്തോത്രയാഗ പ്രാർഥന ഉപയോഗിക്കാവുന്നതാണ്; ഇതിന്റെ മദ്ധ്യസ്ഥപ്രാർഥനകളിൽ, ക്രിസ്തുവിന്റെ ഒരു സജീവബലിയായി പരിണമിക്കുമാറാകട്ടെ എന്നീ വാക്കുകൾക്കുശേഷം, പറയുന്നു:

അതിനാൽ കർത്താവേ, ആർക്കെല്ലാംവേണ്ടി ഞങ്ങൾ ഈ ബലിയർപ്പിക്കുന്നുവോ, അവരെയെല്ലാം അങ്ങ് ഇപ്പോൾ ഓർക്കണമേ. വിശിഷ്യാ അങ്ങയുടെ ദാസനായ N. പാപ്പായെയും ഞങ്ങളുടെ രൂപതാദ്ധ്യക്ഷനായ N. മെത്രാനെയും മെത്രാൻ പദവിയിലുള്ള സകലരെയും ഇന്ന് ഈ സന്ന്യാസസഭയുടെ ശുശ്രൂഷകനായി അങ്ങ് തിരഞ്ഞെടുക്കാൻ തിരുവുള്ളമായ അങ്ങേ ഈ ദാസൻ N. നെയും എല്ലാ വൈദികരെയും ഈ ബലിയർപ്പിക്കുന്നവരെയും ഇവിടെ സന്നിഹിതരായിരിക്കുന്നവരെയും അങ്ങേ സമസ്ത ജനത്തെയും ആത്മാർഥഹൃദയത്തോടെ അങ്ങയെ തേടുന്ന എല്ലാവരെയും ഓർക്കണമേ.

മാത്രമല്ല, അങ്ങേ ക്രിസ്തുവിന്റെ...

**ദിവ്യഭോജനപ്രഭണിതം** **മത്താ 20, 28**

മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനുമാണ് (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ

യഥാർഥ സ്നേഹം എവിടെയുണ്ടോ, അവിടെ ദൈവമുണ്ട്. ക്രിസ്തുവിന്റെ സ്നേഹം നമ്മെ ഒന്നാക്കിത്തീർത്തിരിക്കുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാർഥന

കർത്താവേ, അങ്ങേ കുടുംബത്തെ കാരുണ്യപൂർവം കടാക്ഷിക്കുകയും വിശ്വാസരഹസ്യം ആഘോഷിച്ച ഞങ്ങൾ, എല്ലാറ്റിലും അങ്ങയെ മഹത്ത്വപ്പെടുത്തിക്കൊണ്ട്, സുവിശേഷപാതയിലൂടെ അനവരതം ചരിക്കാൻ ഇടയാക്കുകയും ചെയ്യണമേ. കർത്താവായ...

## ദിവ്യപൂജയുടെ സമാപനാശീർവാദം

മെത്രാൻ, നവമായി ആശീർവദിക്കപ്പെട്ട ആശ്രമശ്രേഷ്ഠന്റെമേൽ കൈകൾ വിരിച്ചുപിടിച്ച് ചൊല്ലുന്നു:

സമസ്ത പിതൃത്വത്തിന്റെയും ഉറവിടമായ ദൈവം, തന്റെ മഹത്ത്വത്തിന്റെ സമ്പദ്സമൃദ്ധിക്കൊത്ത്, ആന്തരികമനുഷ്യന്റെ ചൈതന്യത്താൽ, പ്രബലപ്പെടാൻ താങ്കൾക്ക് അനുഗ്രഹം നല്കുമാറാകട്ടെ.

R. ആമേൻ

താങ്കളുടെ സഹോദരങ്ങളോടുകൂടെ, വിശാലമായ ഹൃദയത്തോടെ, തന്റെ കല്പനകളുടെ വഴിയിലൂടെ, ക്രിസ്തുവിന്റെ സന്തോഷത്തിൽ മുന്നേറാൻ അവിടന്ന് താങ്കളെ അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ

ദൈവികകൃപയാൽ, കർത്താവിന്റെ നാമത്തിൽ ഒരുമിച്ചുകൂടിയ ഈ സന്ന്യാസി കുടുംബം, താങ്കളുടെ പരിപാലനത്താൽ, സ്വർഗീയജീവിതത്തിലേക്ക് എത്തിച്ചേരുമാറാകട്ടെ.

R. ആമേൻ

നവമായി ആശീർവദിക്കപ്പെട്ട ആശ്രമശ്രേഷ്ഠൻ സ്തോത്രയാഗകർമത്തിൽ മുഖ്യ കാർമികത്വം വഹിക്കുന്നുവെങ്കിൽ, അദ്ദേഹം കൈകൾ സമൂഹത്തിനുമേൽ വിരിച്ചുപിടിച്ച്, താഴെക്കൊടുത്തിരിക്കുന്ന രൂപമുപയോഗിച്ച്, പൊന്തിഫിക്കൻ ആശീർവാദം നല്കുന്നു.

കാരുണ്യവാനായ പിതാവായ ദൈവം തന്റെ വാത്സല്യാതിരേകത്താൽ നിങ്ങളെ കാത്തുപാലിക്കുകയും നിങ്ങളുടെമേൽ ആശ്രമശ്രേഷ്ഠനായി എന്നെ നിയോഗിക്കാൻ തിരുവുള്ളമായതുപോലെ അവിടന്ന്, നമ്മെ എല്ലാവരെയും നിത്യാനന്ദത്തിൽ പങ്കാളികളാകാൻ ഇടവരുത്തുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ

കർത്താവായ യേശുക്രിസ്തു, തന്റെ കല്പനകളുടെ വഴിയിലൂടെ, വിശാലഹൃദയത്തോടെ, സഹോദരനിർവിശേഷമായ സന്തോഷത്തിൽ മുന്നേറാൻ നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ

ഹൃദയൈക്യത്തോടെ നമ്മുടെ പിതാക്കന്മാരുടെ അനുകർത്താക്കളായിത്തീരുന്നതിന്, പരിശുദ്ധാത്മാവ്, ഒരേമനസ്സോടെ കാരുണ്യത്തിന്റെയും ജീവിതവിശുദ്ധിയുടെയും പ്രവൃത്തികൾ നിറവേറ്റാൻ നമുക്കെല്ലാവർക്കും അനുഗ്രഹം നല്കുമാറാകട്ടെ.

R. ആമേൻ

മെത്രാൻ, സകല ജനത്തെയും ഇപ്രകാരം കൂട്ടിച്ചേർത്തുകൊണ്ട് ആശീർവദിക്കുന്നു:

ഇവിടെ കൂടിയിരിക്കുന്ന നിങ്ങളെ എല്ലാവരെയും സർവശക്തനായ ദൈവം പിതാവും ✠പുത്രനും ✠പരിശുദ്ധാത്മാവും ✠ അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ

2

# ആശ്രമശ്രേഷ്ഠയുടെ ആശീർവാദം

**പ്രവേശകപ്രഭണിതം** **Cf.യോഹ15, 16**

കർത്താവ് അരുൾചെയ്യുന്നു: നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്; നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനില്ക്കുന്നതിനുംവേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ **Cf.കൊളോ 3,14-15**

എല്ലാറ്റിനെയും കൂട്ടിയിണക്കി പരിപൂർണമായ ഐക്യത്തിൽ ബന്ധിക്കുന്ന സ്നേഹം നിങ്ങൾക്ക് ഉണ്ടായിരിക്കട്ടെ. ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ആഹ്ലാദിപ്പിക്കട്ടെ (പെസഹാക്കാലത്ത്, അല്ലേലൂയാ).

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

**സമിതിപ്രാർഥന**

കർത്താവേ, അങ്ങേ ദാസിയായ N. യെ ഈ സമൂഹമായ N. ന്റെ ആശ്രമശ്രേഷ്ഠയായി അങ്ങ് തിരഞ്ഞെടുത്തുവല്ലോ. പ്രവൃത്തികളാലും ഉദ്ബോധനത്താലും ഇവൾ തന്റെ സഹോദരിമാരുടെ മാനസങ്ങൾ നേരായവയിലേക്ക് പരിശീലിപ്പിക്കാനും അവരോടൊപ്പം നിത്യസമ്മാനത്തിന്റെ പ്രതിഫലം ഏറ്റവും വാത്സല്യമുള്ള ഇടയനായ അങ്ങിൽനിന്ന് സന്തോഷപൂർവം സ്വീകരിക്കാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

നിർദേശങ്ങൾക്കനുസരിച്ച് വിശ്വാസപ്രമാണം ചൊല്ലുന്നു; വിശ്വാസികളുടെ പ്രാർഥന വിട്ടുകളയുന്നു.

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ ദാസരുടെ കാണിക്കകൾ അങ്ങ് സ്വീകരിക്കുകയും തങ്ങളെത്തന്നെ ഒരു ആത്മീയബലിവസ്തുവായി അർപ്പിച്ചുകൊണ്ട്, അവർ യഥാർഥഎളിമയാലും അനുസരണത്താലും സമാധാനത്താലും സദാ നിറയാൻ അനുഗ്രഹിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

സന്ന്യാസിജീവിതത്തിന്റെ ആമുഖഗീതി (pp) ഉപയോഗിക്കാവുന്നതാണ്.

സ്തോത്രയാഗപ്രാർഥനകളിൽ, നവമായി ആശീർവദിക്കപ്പെട്ട ആശ്രമശ്രേഷ്ഠക്കുവേണ്ടിയുള്ള പരാമർശനം താഴെക്കൊടുത്തിരിക്കുന്ന രൂപങ്ങളിൽ നടത്തപ്പെടുന്നു:

(a) ഒന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ, പ്രത്യേക ഉപാർപ്പണപ്രാർഥന (Hanc igitur) ചൊല്ലുന്നു:

അതിനാൽ കർത്താവേ, ഈ സന്ന്യാസിനീസമൂഹത്തിന്റെ ഭരണനിർവഹണത്തിനായി അങ്ങ് തിരഞ്ഞെടുക്കാൻ തിരുവുള്ളമായ അങ്ങേ ഈ ദാസി N. നുവേണ്ടി അങ്ങേക്ക് ഞങ്ങളർപ്പിക്കുന്ന ഞങ്ങളുടെ സേവനത്തിന്റെയും അങ്ങേ കുടുംബം മുഴുവന്റെയും ഈ കാഴ്ചദ്രവ്യം സംപ്രീതിയോടെ സ്വീകരിക്കുകയും അങ്ങ് നല്കിയ ദാനങ്ങൾ കാരുണ്യപൂർവം ഇവളിൽ കാത്തുപാലിക്കുകയും ചെയ്യണമേ. അങ്ങനെ, അങ്ങേ കൃപയാൽ സ്വീകരിച്ചത്, സഹോദരിമാരുടെ ഹൃദയങ്ങൾ ശക്തിപ്പെടത്തുമാറാകട്ടെ. (ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളേണമേ. ആമേൻ).

(b) രണ്ടാമത്തെ സ്തോത്രയാഗപ്രാർഥനയിൽ ഒന്നായിച്ചേർക്കണമെന്ന് താഴ്മയോടെ അപേക്ഷിക്കുന്നു എന്നീ വാക്കുകൾക്കുശേഷം ചൊല്ലുന്നു:

കർത്താവേ, ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന അങ്ങേ സഭയെ ഓർക്കണമേ. ഞങ്ങളുടെ പരിശുദ്ധ പിതാവായ N. പാപ്പായോടും ഞങ്ങളുടെ രൂപതാധ്യക്ഷനായ N. മെത്രാനോടും വൈദികഗണത്തോടുമൊത്ത് സഭയെ അങ്ങ് സ്നേഹത്തിന്റെ പൂർണതയിൽ എത്തിക്കണമേ. ഈ സന്ന്യാസിനീസമൂഹത്തിന്റെ ആശ്രമശ്രേഷ്ഠയായി നല്കാൻ അങ്ങ് തിരുവുള്ളമായ അങ്ങേ ഈ ദാസിയെയും ഓർക്കണമേ.

ഉയിർപ്പിന്റെ പ്രത്യാശയോടെ...

(c) മൂന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ, സ്നേഹത്തിലും ഉറപ്പിക്കാൻ കനിയണമേ എന്നീ വാക്കുകൾക്കുശേഷം ചൊല്ലുന്നു:

കർത്താവേ, ഇവളുടെ സഹോദരിമാരുടെ സേവനത്തിൽ, ഈ സന്ന്യാസിനീസഭയുടെ ആശ്രമശ്രേഷ്ഠയായി ഇന്ന് അങ്ങ് നല്കാൻ തിരുവുള്ളമായ അങ്ങേ ഈ ദാസിയെ ശക്തിപ്പെടുത്തണമേ.

അങ്ങയുടെ തിരുമുമ്പിൽ...

(d) പ്രത്യേക ആമുഖഗീതി ഉപയോഗിക്കുന്നില്ലെങ്കിൽ, നാലാമത്തെ സ്തോത്ര യാഗ പ്രാർഥന ഉപയോഗിക്കാവുന്നതാണ്; ഇതിന്റെ മധ്യസ്ഥപ്രാർഥനക ളിൽ, എല്ലാ വൈദികരെയും എന്നീ വാക്കുകൾക്കുശേഷം, പറയുന്നു:

ഈ സന്ന്യാസിനീസഭയുടെ സേവനത്തിനായി ഇന്ന് അങ്ങ് തിരഞ്ഞെടുക്കാൻ തിരുവുള്ളമായ അങ്ങേ ഈ ദാസി N. യെയും ഈ ബലിയർപ്പിക്കുന്നവരെയും ഇവിടെ സന്നിഹിതരായിരിക്കുന്നവ രെയും അങ്ങേ സമസ്തസഭയെയും ആത്മാർഥഹൃദയത്തോടെ അങ്ങയെ തേടുന്ന എല്ലാവരെയും ഓർക്കണമേ.

മാത്രമല്ല, അങ്ങേ ക്രിസ്തുവിന്റെ...

### ദിവ്യഭോജനപ്രഭണിതം മത്താ 20,28

മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനുമാണ് (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ

യഥാർഥസ്നേഹം എവിടെയുണ്ടോ, അവിടെ ദൈവമുണ്ട്. ക്രിസ്തുവിന്റെ സ്നേഹം നമ്മെ ഒന്നാക്കിത്തീർത്തിരിക്കുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

### ദിവ്യഭോജനപ്രാർഥന

കർത്താവേ, അങ്ങേ കുടുംബത്തെ കാരുണ്യപൂർവം കടാ ക്ഷിക്കുകയും വിശ്വാസരഹസ്യം ആഘോഷിച്ച ഞങ്ങൾ, എല്ലാറ്റിലും അങ്ങയെ മഹത്വപ്പെടുത്തിക്കൊണ്ട്, സുവിശേഷപാതയിലൂടെ അന വരതം ചരിക്കാൻ ഇടയാക്കുകയും ചെയ്യണമേ. കർത്താവായ...

### ദിവ്യപൂജയുടെ സമാപനാശീർവാദം

മെത്രാൻ, പുതിയതായി ആശീർവദിക്കപ്പെട്ട ആശ്രമശ്രേഷ്ഠയുടെമേൽ കൈകൾ വിരിച്ചുപിടിച്ച് പറയുന്നു:

സഭയുടെ നന്മയ്ക്കായി, ഈ സഹോദരിമാരെ തന്റെ പുത്രന്റെ സ്നേഹത്തിൽ സംയോജിപ്പിച്ച ദൈവം താങ്കളെ ഭരമേ ല്പിച്ചിരിക്കുന്ന കുടുംബത്തെ അവർ തേടുന്ന പരിപൂർണ തയിലേക്ക് നയിക്കാൻ ഭക്തിയുടെ ചൈതന്യം താങ്കൾക്ക് നല്കു മാറാകട്ടെ.

R. ആമേൻ

താങ്കളുടെ സഹോദരിമാരോടുകൂടെ, വിശാലമായ ഹൃദയത്തോടെ, തന്റെ കല്പനകളുടെ വഴിയിലൂടെ, ക്രിസ്തുവിന്റെ സന്തോഷത്തിൽ മുന്നേറാൻ അവിടന്ന് താങ്കളെ അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ

ദൈവികകൃപയാൽ, കർത്താവിന്റെ നാമത്തിൽ ഒരുമിച്ചുകൂടിയ ഈ സന്ന്യാസിനീസകുടുംബം, താങ്കളുടെ പരിപാലനത്താൽ, സ്വർഗീയജീവിതത്തിലേക്ക് എത്തിച്ചേരുമാറാകട്ടെ.

R. ആമേൻ

കാർമികൻ, സകല ജനത്തെയും ഇപ്രകാരം കൂട്ടിച്ചേർത്തുകൊണ്ട് ആശീർവദിക്കുന്നു:

ഇവിടെ കൂടിയിരിക്കുന്ന നിങ്ങളെ എല്ലാവരെയും സർവശക്തനായ ദൈവം പിതാവും ✠പുത്രനും ✠ പരിശുദ്ധാത്മാവും ✠ ആശീർവദിക്കുമാറാകട്ടെ.

R. ആമേൻ

# VII. കന്യകമാരുടെ പ്രതിഷ്ഠാകർമം

കർമാനുഷ്ഠാനപൂജ അനുവദിച്ചിട്ടുള്ള ദിവസങ്ങളിൽ, വെളുത്ത നിറത്തോടെയോ തിരുനാൾ നിറത്തോടെയോ ഈ കർമാനുഷ്ഠാനപൂജ ഉപയോഗിക്കാവുന്നതാണ്.

ഒരു കന്യകയുടെ പ്രതിഷ്ഠാകർമത്തിന്, പ്രാർഥനകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

## പ്രവേശകപ്രഭണിതം — Cf. സങ്കീ 104,4-5

കർത്താവിനെ അന്വേഷിക്കുകയും നിങ്ങൾ ശക്തിപ്രാപിക്കുകയും ചെയ്യുവിൻ; അവിടത്തെ മുഖം സദാ അന്വേഷിക്കുവിൻ. അവിടന്നു ചെയ്ത അത്ഭുതപ്രവൃത്തികൾ അനുസ്മരിക്കുകയും ചെയ്യുവിൻ (പെസഹാക്കാലത്ത്, അല്ലേലൂയാ).

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

## സമിതിപ്രാർഥന

കർത്താവേ, കന്യകയായി ജീവിക്കാനുള്ള തീരുമാനം അങ്ങ് അങ്കുരിപ്പിച്ച ഈ ദാസിമാരിൽ അങ്ങ് സമാരംഭിച്ച പ്രവൃത്തി ഫലപ്രാപ്തിയിലെത്തിക്കണമേ. സമ്പൂർണസമർപ്പണം അങ്ങേക്ക് അവർ നടത്തുന്നതിന്, ഇവർ സമാരംഭിക്കുന്ന പ്രതിഷ്ഠാജീവിതം പരിസമാപ്തിയിലേക്ക് എത്തിച്ചേരാൻ അർഹരാക്കാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

നിർദേശങ്ങൾക്കനുസരിച്ച് വിശ്വാസപ്രമാണം ചൊല്ലുന്നു; വിശ്വാസികളുടെ പ്രാർഥന വിട്ടുകളയുന്നു.

## നൈവേദ്യപ്രാർഥന

കർത്താവേ, ബലിവസ്തുക്കൾ അർപ്പിച്ചുകൊണ്ട്, അങ്ങേ ദാസിമാർചെയ്ത പ്രതിജ്ഞയിൽ ഉറച്ചുനില്ക്കാൻ കാരുണ്യപൂർവം അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അത്യുന്നതനായ രാജാവിന്റെ ആഗമനവേളയിൽ, വാതിലുകൾ തുറക്കപ്പെടുമ്പോൾ, ആനന്ദത്തോടെ സ്വർഗരാജ്യത്തിൽ പ്രവേശിക്കാൻ ഇവർ അർഹരാകുമാറാകട്ടെ. കർത്താവായ...

സന്ന്യാസിനീജീവിതത്തിന്റെ ആമുഖഗീതി ചൊല്ലാവുന്നതാണ് (pp ).

പ്രതിഷ്ഠ നടത്തിയ കന്യകമാരുടെ സ്മരണ സ്തോത്രയാഗപ്രാർഥനകളിൽ, താഴെ കൊടുത്തിരിക്കുന്ന രൂപങ്ങളിൽ നടത്തപ്പെടുന്നു:

(a) ഒന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ, പ്രത്യേക ഉപാർപ്പണ പ്രാർഥന (Hanc igitur) ചൊല്ലുന്നു:

അതിനാൽ, കർത്താവേ, അങ്ങേ ഈ ദാസിമാരുടെ പ്രതിഷ്ഠാദിനത്തിൽ ഞങ്ങൾ അങ്ങേക്കു അർപ്പിക്കുന്ന ഞങ്ങളുടെ സേവനത്തിന്റെ ഈ കാഴ്ചദ്രവ്യം സംപ്രീതിയോടെ സ്വീകരിക്കുകയും കനിവാർന്ന് പവിത്രീകരിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ ദാനത്താൽ ഇന്ന് അങ്ങേ പുത്രനോട് അവഗാഢം ഐക്യപ്പെട്ട്, ലോകാവസാനത്തിൽ, അവിടന്ന് മഹത്ത്വത്തോടെ ആഗതനാകുമ്പോൾ, ആഹ്ലാദത്തോടെ ഇവർ എതിരേല്ക്കുമാറാകട്ടെ. (ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളേണമേ, ആമേൻ).

(b) രണ്ടാമത്തെ സ്തോത്രയാഗപ്രാർഥനയിൽ വൈദികഗണത്തോടൊത്ത് എന്നീ വാക്കുകൾക്കുശേഷം കൂട്ടിച്ചേർക്കുന്നു:

കർത്താവേ, ആത്മീയാഭിഷേകത്താൽ അങ്ങു പ്രതിഷ്ഠിച്ച ഈ സഹോദരിമാരെയും ഓർക്കണമേ; അങ്ങനെ, ക്രിസ്തുവാകുന്ന മണവാളന്റെ ആഗമനം പ്രതീക്ഷിച്ചുകൊണ്ട്, സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും കത്തിച്ച വിളക്കുകളുമായി, അങ്ങേക്കും അങ്ങേ ജനത്തിനും ഇവർ നിരന്തരം ശുശ്രൂഷ ചെയ്യുമാറാകട്ടെ.

ഉയിർപ്പിന്റെ പ്രത്യാശയോടെ...

(c) മൂന്നാമത്തെ സ്തോത്രയാഗപ്രാർഥനയുടെ മധ്യസ്ഥപ്രാർഥനകളിൽ, സ്നേഹത്തിലും ഉറപ്പിക്കാൻ കനിയണമേ എന്നീ വാക്കുകൾക്കുശേഷം കൂട്ടിച്ചേർക്കുന്നു:

കർത്താവേ, സുവിശേഷാത്മകജീവിതത്തിന്റെയും സഹോദര സ്നേഹത്തിന്റെയും സാക്ഷ്യം നല്കിക്കൊണ്ട് ഭക്ത്യാദരപൂർവം അങ്ങേ ക്രിസ്തുവിനെ ശുഷ്കാന്തിയോടെ അനുഗമിക്കാൻ ആഗ്രഹിക്കുന്ന അങ്ങേ ഈ ദാസിമാരെ, അവരുടെ പാവനപ്രതിജ്ഞയിൽ അങ്ങ് ശക്തിപ്പെടുത്താൻ തിരുവുള്ളമാകണമേ.

അങ്ങയുടെ തിരുമുമ്പിൽ...

(d) പ്രത്യേക ആമുഖഗീതി ഉപയോഗിക്കുന്നില്ലെങ്കിൽ, നാലാമത്തെ സ്തോത്ര യാഗ പ്രാർഥന ഉപയോഗിക്കാവുന്നതാണ്; ഇതിന്റെ മധ്യസ്ഥപ്രാർഥനക ളിൽ, എല്ലാ വൈദികരെയും എന്നീ വാക്കുകൾക്കുശേഷം, പ്രതിഷ്ഠിതരായ കന്യകമാരുടെ സ്മരണ ഇപ്രകാരം ഉൾച്ചേർക്കുന്നു:

ഇന്ന് ദൈവികആരാധനയ്ക്കും മനുഷ്യസേവനത്തിനും വേണ്ടി അങ്ങ് എന്നേക്കുമായി പ്രതിഷ്ഠിച്ച ഈ സഹോദരിമാ രെയും ഈ ബലിയർപ്പിക്കുന്നവരെയും ഇവിടെ സന്നിഹിതരായി രിക്കുന്നവരെയും അങ്ങേ സമസ്തസഭയെയും ആത്മാർഥഹൃദ യത്തോടെ അങ്ങയെ തേടുന്ന എല്ലാവരെയും ഓർക്കണമേ.

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 41,2**

നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ, ദൈവമേ, എന്റെ ആത്മാവ് അങ്ങയെ തേടുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ദിവ്യദാനങ്ങളാൽ സംപൂരിതരായി, ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങേ ദാസിമാരായ N. ന്റെയും N. ന്റെയും ജീവിതശൈലി മാനവസമൂഹത്തിന്റെ പുരോഗതി നിരന്തരം പരി പോഷിപ്പിക്കുകയും സഭയുടെ വളർച്ചക്ക് അവിരാമം ഉപകരിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

**ദിവ്യപൂജയുടെ സമാപനത്തിലെ ആശീർവാദം**

മെത്രാൻ, ദൈവത്തിന് നവമായി പ്രതിഷ്ഠിതരായ കന്യകമാരുടെമേൽ കൈകൾ വിരിച്ചുപിടിച്ച് ചൊല്ലുന്നു:

സർവശക്തനായ പിതാവ്, നിങ്ങളുടെ ഹൃദയങ്ങളിൽ അങ്കു രിപ്പിച്ച ഭാഗ്യപ്പെട്ട കന്യാത്വത്തിന്റെ ദൃഢപ്രതിജ്ഞ തന്റെ സംര ക്ഷണത്താൽ അഭംഗുരം കാത്തുപാലിക്കുമാറാകട്ടെ.

R. ആമേൻ

പ്രതിഷ്ഠിതരായ കന്യകമാരുടെ ഹൃദയങ്ങൾ വൈവാഹിക ഉടമ്പടിയാൽ തന്നോടു സംയോജിപ്പിച്ച കർത്താവായ യേശു, നിങ്ങ ളുടെ മാനസങ്ങളെ വിത്താകുന്ന ദൈവവചനത്താൽ ഫലമണിയി ക്കുമാറാകട്ടെ.

R. ആമേൻ

കന്യകമറിയത്തിന്റെമേൽ എഴുന്നള്ളിവരുകയും ഇന്ന് നിങ്ങളുടെ ഹൃദയങ്ങളിലേക്ക് ഇറങ്ങിവന്ന് പ്രതിഷ്ഠിക്കുകയും ചെയ്ത പരിശുദ്ധാത്മാവ് നിങ്ങളെ ദൈവത്തിന്റെയും സഭയുടെയും ശുശ്രൂഷയ്ക്കായി നിരന്തരം ഉജ്ജ്വലിപ്പിക്കുമാറാകട്ടെ.

R. ആമേൻ

കാർമികൻ സകല ജനങ്ങളെയും ഇപ്രകാരം കൂട്ടിച്ചേർത്തുകൊണ്ട് ആശീർവദിക്കുന്നു:

ഈ തിരുകർമത്തിന് ഇവിടെ കൂടിയിരിക്കുന്ന നിങ്ങളെ എല്ലാവരെയും സർവശക്തനായ ദൈവം പിതാവും ✠പുത്രനും ✠പരിശുദ്ധാത്മാവും ✠അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ

അഥവാ

ദിവ്യപ്രതിജ്ഞരുടെ പ്രചോദകനും നിർവാഹകനുമായ ദൈവം, നിങ്ങളുടെ ദൈവവിളിയുടെ ധർമങ്ങൾ വിശ്വസ്തമനസ്സോടെ നിറവേറ്റാൻ, തന്റെ കൃപയാൽ നിങ്ങളെ നിരന്തരം പരിപാലിക്കുമാറാകട്ടെ.

R. ആമേൻ

അവിടന്ന് നിങ്ങളെ ദിവ്യസ്നേഹത്തിന്റെ പങ്കാളികളും എല്ലാ ജനതകളുടെയും മുമ്പാകെ അതിന്റെ സാക്ഷികളും അടയാളങ്ങളുമാകാൻ ഇടവരുത്തുമാറാകട്ടെ.

R. ആമേൻ

ഭൂമിയിൽ നിങ്ങളെ ക്രിസ്തുവുമായി ഒന്നാക്കിത്തീർത്ത ഉടമ്പടി സ്വർഗത്തിൽ കനിവാർന്ന് അവിടന്ന് നിലനിർത്തുമാറാകട്ടെ.

R. ആമേൻ

കാർമികൻ സകല ജനങ്ങളെയും ഇപ്രകാരം കൂട്ടിച്ചേർത്തുകൊണ്ട് ആശീർവദിക്കുന്നു:

ഈ തിരുക്കർമങ്ങളിൽ പങ്കുകൊണ്ട നിങ്ങളെ എല്ലാവരെയും സർവശക്തനായ ദൈവം, പിതാവും ✠പുത്രനും ✠ പരിശുദ്ധാത്മാവും ✠അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ

# VIII. സന്ന്യാസവ്രതവാഗ്ദാനം

കർമാനുഷ്ഠാനപൂജകൾ അനുവദിച്ചിട്ടുള്ള ദിവസങ്ങളിൽ പ്രഥമസന്ന്യാസ വ്രതവാഗ്ദാനത്തിന്റെയും നിത്യവ്രതവാഗ്ദാനത്തിന്റെയും വ്രതനവീകരണത്തിന്റെയും ദിവ്യപൂജകൾ വെളുത്ത നിറത്തോടെയോ തിരുനാളിന്റെ നിറത്തോടെയോ ചൊല്ലാവുന്നതാണ്.

പുരുഷനുവേണ്ടി കൊടുത്തിരിക്കുന്ന പ്രാർഥനകളെല്ലാംതന്നെ, അനുയുക്തമായ മാറ്റങ്ങളോടെ, സ്ത്രീക്കുവേണ്ടിയും ഉപയോഗിക്കാവുന്നതാണ്; കൂടാതെ, ബഹുവചനത്തിലുള്ളവയും, ആവശ്യമായ മാറ്റങ്ങളോടെ, ഏകവചനത്തിലും ഉപയോഗിക്കാവുന്നതാണ്.

## 1. പ്രഥമ സന്ന്യാസവ്രതവാഗ്ദാനം

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 39,8-9**

കർത്താവേ, അങ്ങയുടെ ഹിതം നിറവേറ്റാൻ, ഇതാ, ഞാൻ വരുന്നു; എന്റെ ദൈവമേ, ഞാനതു തീരുമാനിച്ചിരിക്കുന്നു, അങ്ങയുടെ നിയമം എന്റെ ഹൃദയത്തിനുള്ളിലുണ്ട് (പെസഹാക്കാലത്ത്, അല്ലേലൂയാ).

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

### സമിതിപ്രാർഥന

കർത്താവേ, ക്രിസ്തുവിനെ കൂടുതൽ അടുത്ത് പിഞ്ചെല്ലാനുള്ള തീരുമാനത്തിന് അങ്ങ് പ്രേരണനല്കിയ ഞങ്ങളുടെ ഈ സഹോദരർക്ക്, അവർ ആരംഭിച്ചിരിക്കുന്ന പ്രയാണത്തിൽ ആനന്ദകരമായ പര്യവസാനം നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേക്ക് സമ്പൂർണശുശ്രൂഷയുടെ ദാനമർപ്പിക്കാൻ അവർ അർഹരാകുമാറാകട്ടെ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, സന്ന്യാസവ്രതവാഗ്ദാനത്തിന്റെ ആരംഭം ആഘോഷിച്ചുകൊണ്ട് ഞങ്ങൾ അങ്ങേക്ക് അർപ്പിക്കുന്ന കാഴ്ചദ്രവ്യങ്ങളും പ്രാർഥനകളും അങ്ങ് സ്വീകരിക്കുകയും അങ്ങേ ദാസരുടെ പ്രഥമ ആത്മബലി, അങ്ങേ കൃപയാൽ പരിപോഷിപ്പിക്കപ്പെട്ട്, സമൃദ്ധമായ ഫലങ്ങളായി പരിണമിക്കാൻ അനുഗ്രഹിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

പ്രത്യേക ആമുഖഗീതി (pp).

**ദിവ്യഭോജനപ്രഭണിതം** **മർക്കോ 3, 35**

കർത്താവ് അരുൾചെയ്യുന്നു: ദൈവഹിതം നിർവഹിക്കുന്നവനാരോ, അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും (പെസഹാക്കാലത്ത്, അല്ലേലൂയാ).

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഞങ്ങൾ സ്വീകരിച്ച രഹസ്യങ്ങൾ ഞങ്ങളെ ആനന്ദഭരിതരാക്കട്ടെ. അങ്ങനെ, അവയുടെ ശക്തിവഴി, അങ്ങേ ഈ ദാസർ ആരംഭിച്ചിരിക്കുന്ന സന്ന്യാസജീവിതത്തിന്റെ ധർമങ്ങൾ വിശ്വസ്തതയോടെ നിർവഹിക്കാനും അങ്ങേക്ക് സ്വതന്ത്രമനസ്സോടെ സേവനം കാഴ്ചവയ്ക്കാനും അനുഗ്രഹിക്കണമേ. കർത്താവായ...

## 2. നിത്യവ്രതവാഗ്ദാനം

### A

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 121, 1–2**

കർത്താവിന്റെ ആലയത്തിലേക്ക് നമുക്കുപോകാമെന്ന് അവർ പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു; ജറുസലേമേ, ഞങ്ങളുടെ പാദങ്ങൾ നിന്റെ കവാടത്തിനുള്ളിൽ എത്തിയിരിക്കുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർഥന**

ദൈവമേ, അങ്ങേ പുത്രന്റെ കാലടികൾ കൂടുതൽ അടുത്തു പിഞ്ചെല്ലുന്നതിന് പരിശ്രമിക്കാൻതക്കവണ്ണം, അങ്ങേ ഈ ദാസരിൽ, ജ്ഞാനസ്നാനവരപ്രസാദം അത്രയേറെ പുഷ്ടിപ്പെടണമെന്ന് അങ്ങ് തിരുവുള്ളമായല്ലോ. സുവിശേഷപരിപൂർണത നിരന്തരം പിന്തുടർന്നുകൊണ്ട്, അവർ സഭയുടെ വിശുദ്ധി വർധമാനമാക്കാനും അപ്പസ്തോലികതീക്ഷ്ണത ശക്തിപ്പെടുത്താനും അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

നിർദേശങ്ങൾക്കനുസരിച്ച്, വിശ്വാസപ്രമാണം ചൊല്ലുന്നു; വിശ്വാസികളുടെ പ്രാർഥന വിട്ടുകളയുന്നു.

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ ദാസരുടെ കാണിക്കകളും പ്രാർഥനകളും ദയാപൂർവം സ്വീകരിക്കുകയും സുവിശേഷവ്രതങ്ങൾ ഏറ്റുപറയുന്ന ഇവരെ അങ്ങേ സ്നേഹത്തിൽ സ്ഥിരീകരിക്കുകയും ചെയ്യണമേ. കർത്താവായ...

ആമുഖഗീതി: സന്യസ്തജീവിതം, ക്രിസ്ത്വാനുകരണത്തിലൂടെയുള്ള ദൈവശുശ്രൂഷ

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടും കൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**ക**ന്യകയിൽനിന്ന് നിർമല കുസുമംപോലെ ഉത്ഭവിച്ച അവിടന്ന് നിഷ്കളങ്കഹൃദയർ അനുഗൃഹീതരാണെന്ന് അരുൾചെയ്യുകയും തന്റെ ജീവിതരീതിയിലൂടെ കന്യാത്വത്തിന്റെ മഹനീയത പഠിപ്പിക്കുകയും ചെയ്തു. അങ്ങേ തിരുവുള്ളം നിറവേറ്റുന്നതിൽ സദാ ദത്തശ്രദ്ധനായ അവിടന്ന്, ഞങ്ങൾക്കുവേണ്ടി മരണത്തോളം അനുസരണയുള്ളവനായിത്തീർന്നുകൊണ്ട്, തന്നെത്തന്നെ പരിപൂർണവും പ്രീതികരവുമായ ബലി അങ്ങേക്ക് അർപ്പിക്കാൻ തിരുവുള്ളമായല്ലോ.

**ഭൂ**മിയിൽ അങ്ങേപ്രതി സർവവും പരിത്യജിക്കുന്നവരെ, അങ്ങേ മഹിമയുടെ നിസ്തുലസേവനത്തിനായി അവിടന്ന് പ്രതിഷ്ഠിക്കുകയും സ്വർഗത്തിൽ അക്ഷയനിധി അവർ കണ്ടെത്തുമെന്ന് ഉറപ്പ് നല്കുകയും ചെയ്തു.

**ആ**കയാൽ, എല്ലാ മാലാഖമാരുടെയും വിശുദ്ധരുടെയും ഗണത്തോടുചേർന്ന്, അങ്ങയെ അനവരതം പ്രകീർത്തിച്ചുകൊണ്ട്, അങ്ങേക്ക് സ്തുതിഗീതം ഞങ്ങൾ ആലപിക്കുന്നു.

പരിശുദ്ധൻ...

സ്തോത്രയാഗ പ്രാർഥനകളിൽ, വ്രതപ്രതിജ്ഞരുടെ സമർപ്പണം താഴെക്കൊടുത്തിരിക്കുന്ന രൂപങ്ങളിൽ സന്ദർഭോചിതം അനുസ്മരിക്കപ്പെടുന്നു.

## സന്ന്യാസിമാർക്കുവേണ്ടി

(a) ഒന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ, പ്രത്യേക ഉപാർപ്പണപ്രാർഥന (Hanc igitur) ചൊല്ലുന്നു:

അതിനാൽ, കർത്താവേ, അങ്ങേ ദാസരുടെ വ്രതവാഗ്ദാന ദിനത്തിൽ അങ്ങേക്ക് ഞങ്ങൾ അർപ്പിക്കുന്ന ഞങ്ങളുടെ സേവനത്തിന്റെ ഈ കാഴ്ചദ്രവ്യം സംപ്രീതിയോടെ സ്വീകരിക്കുകയും കനിവാർന്ന് പവിത്രീകരിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങ് നല്കിയ ദാനത്താൽ ഇന്ന് തങ്ങളുടെ ജീവിതം അങ്ങേക്കു സമർപ്പിച്ചവർ, അങ്ങേ പുത്രന്റെ മഹത്ത്വമേറിയ ആഗമനത്തിൽ, നിത്യപെസഹായുടെ ആനന്ദം അനുഭവിക്കാൻ അർഹരായിത്തീരുമാറാകട്ടെ. (ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളേണമേ, ആമേൻ).

(b). രണ്ടാമത്തെ സ്തോത്രയാഗപ്രാർഥനയുടെ മധ്യസ്ഥപ്രാർഥനകളിൽ വൈദികഗണത്തോടൊത്ത് എന്നീ വാക്കുകൾക്കുശേഷം കൂട്ടിച്ചേർക്കുന്നു:

കർത്താവേ, നിരന്തരമായ സേവനത്തിനായി അങ്ങേക്ക് ഇന്ന് തങ്ങളെത്തന്നെ സമർപ്പിച്ച ഈ സഹോദരരെയും ഓർക്കണമേ. അങ്ങനെ, അവർ തങ്ങളുടെ മനസ്സും ഹൃദയവും അങ്ങിലേക്ക് നിരന്തരം ഉയർത്താനും അങ്ങേനാമം മഹത്ത്വപ്പെടുത്താനും അനുഗ്രഹിക്കണമേ.

ഉയിർപ്പിന്റെ പ്രത്യാശയോടെ...

(c) മൂന്നാമത്തെ സ്തോത്രയാഗപ്രാർഥനയുടെ മധ്യസ്ഥപ്രാർഥനകളിൽ, സ്നേഹത്തിലും ഉറപ്പിക്കാൻ കനിയണമേ എന്നീ വാക്കുകൾക്കുശേഷം കൂട്ടിച്ചേർക്കുന്നു:

ഇന്ന്, സന്ന്യാസവ്രതവാഗ്ദാനത്തിന്റെ പാവനബന്ധത്താൽ നിത്യമായി അങ്ങയോട് തങ്ങളെത്തന്നെ സംയോജിപ്പിച്ച അങ്ങേ ഈ ദാസരെ അവരുടെ പാവനപ്രതിജ്ഞയിൽ ശക്തിപ്പെടുത്താൻ അങ്ങ് തിരുവുള്ളമാവുകയും ക്രിസ്തുവിന്റെ പരിത്രാണത്തിലൂടെ നേടിത്തന്ന നവീനവും സനാതനവുമായ ജീവിതം അങ്ങേ സഭ യിൽ അവർ പ്രകടമാക്കാൻ ഇടയാക്കുകയും ചെയ്യണമേ.

അങ്ങയുടെ തിരുമുമ്പിൽ...

(d) പ്രത്യേക ആമുഖഗീതി ഉപയോഗിക്കുന്നില്ലെങ്കിൽ, നാലാമത്തെ സ്തോത്ര യാഗപ്രാർഥന ഉപയോഗിക്കാവുന്നതാണ്; ഇതിന്റെ മധ്യസ്ഥപ്രാർഥനകളിൽ, എല്ലാ വൈദികരെയും എന്നീ വാക്കുകൾക്കുശേഷം, നവപ്രതിജ്ഞരുടെ സ്മരണ ഇപ്രകാരം നടത്തുന്നു:

നിത്യവ്രതവാഗ്ദാനത്താൽ അങ്ങയോടു കൂടുതൽ ചേർന്നു നിന്ന് അങ്ങേയ്ക്ക് പ്രതിഷ്ഠിക്കുന്ന ഈ സഹോദരന്മാരെയും ഈ ബലിയർപ്പിക്കുന്നവരെയും ഇവിടെ സന്നിഹിതരായിരിക്കുന്നവ രെയും അങ്ങേ സമസ്ത സഭയെയും ആത്മാർഥഹൃദയത്തോടെ അങ്ങയെ തേടുന്ന എല്ലാവരെയും ഓർക്കണമേ.

## സന്ന്യാസിനിമാർക്കുവേണ്ടി

(a) ഒന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ, പ്രത്യേക ഉപാർപ്പണപ്രാർഥന (Hanc igitur) ചൊല്ലുന്നു:

അതിനാൽ കർത്താവേ, അങ്ങേ ദാസിമാരുടെ വ്രതവാഗ്ദാന ദിനത്തിൽ അങ്ങേക്ക് ഞങ്ങളർപ്പിക്കുന്ന ഞങ്ങളുടെ സേവനത്തിന്റെ ഈ കാഴ്ചദ്രവ്യം സംപ്രീതിയോടെ സ്വീകരിക്കുകയും കനിവാർന്ന് പവിത്രീകരിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ ദാനത്താൽ ഇന്ന് അങ്ങേ പുത്രനോട് അവഗാഢം ഐക്യപ്പെട്ട്, ലോകാവസാനത്തിൽ അവിടന്ന് മഹത്ത്വത്തോടെ ആഗ തനാകുമ്പോൾ ആഹ്ലാദത്തോടെ ഇവർ എതിരേല്ക്കുമാറാകട്ടെ (ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളണമേ, ആമേൻ).

(b) രണ്ടാമത്തെ സ്തോത്രയാഗപ്രാർഥനയുടെ മധ്യസ്ഥപ്രാർഥനയിൽ വൈദികഗണത്തോടൊത്ത് എന്നീ വാക്കുകൾക്കുശേഷം കൂട്ടിച്ചേർക്കുന്നു:

കർത്താവേ, എല്ലാറ്റിലും അങ്ങയെ കാണുന്നതിനും തങ്ങളെത്തന്നെ മറന്നുകൊണ്ട്, സകലരുടെയും ആവശ്യങ്ങൾക്കായി ഇറങ്ങിത്തിരിക്കാനുമായി, അങ്ങയെപ്രതി സകലതും ഉപേക്ഷിച്ച ഈ സഹോദരിമാരെയും ഓർക്കണമേ.

ഉയിർപ്പിന്റെ പ്രത്യാശയോടെ...

(c) മൂന്നാമത്തെ സ്തോത്രയാഗപ്രാർഥനയുടെ മധ്യസ്ഥപ്രാർഥനകളിൽ, സ്നേഹത്തിലും ഉറപ്പിക്കാൻ കനിയണമേ എന്നീ വാക്കുകൾക്കുശേഷം കൂട്ടിച്ചേർക്കുന്നു:

സുവിശേഷാത്മകജീവിതത്തിന്റെയും സഹോദരസ്നേഹത്തിന്റെയും സാക്ഷ്യംനല്കിക്കൊണ്ട്, ഭക്ത്യാദരപൂർവം, അങ്ങേ ക്രിസ്തുവിനെ പിഞ്ചെല്ലാൻ ആഗ്രഹിക്കുന്ന ഈ ദാസിമാരെ, അവരുടെ പാവനപ്രതിജ്ഞയിൽ അങ്ങ് ശക്തിപ്പെടുത്താൻ തിരുവുള്ളമുണ്ടാകണമേ.

അങ്ങയുടെ തിരുമുമ്പിൽ...

(d) പ്രത്യേക ആമുഖഗീതി ഉപയോഗിക്കുന്നില്ലെങ്കിൽ, നാലാമത്തെ സ്തോത്രയാഗപ്രാർഥന ഉപയോഗിക്കാവുന്നതാണ്; ഇതിന്റെ മധ്യസ്ഥപ്രാർഥനകളിൽ, എല്ലാ വൈദികരെയും എന്നീ വാക്കുകൾക്കുശേഷം, നവപ്രതിജ്ഞചെയ്യുന്നവരുടെ സ്മരണ ഇപ്രകാരം ഉൾച്ചേർക്കുന്നു:

പാവനബന്ധത്തിന്റെ അച്ചാരത്താൽ, ഇന്ന് എന്നേക്കുമായി അങ്ങേക്ക് തങ്ങളെത്തന്നെ പ്രതിഷ്ഠിച്ച ഈ സഹോദരിമാരെയും ഈ ബലിയർപ്പിക്കുന്നവരെയും ഇവിടെ സന്നിഹിതരായിരിക്കുന്നവരെയും അങ്ങേ സമസ്തസഭയെയും ആത്മാർഥഹൃദയത്തോടെ അങ്ങയെ തേടുന്ന എല്ലാവരെയും ഓർക്കണമേ.

**ദിവ്യഭോജനപ്രഭണിതം** **ഗലാ 2,19-20**

ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിതനായിരിക്കുന്നു. ഇനിമേൽ, ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത് (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാർഥന

കർത്താവേ, ദിവ്യരഹസ്യങ്ങൾ ഭക്തിയോടെ സ്വീകരിച്ച്, ഞങ്ങൾ അങ്ങയോട് താഴ്മയോടെ അപേക്ഷിക്കുന്നു. അങ്ങനെ, പാവനമായ സമർപ്പണത്താൽ അങ്ങയോടു ബന്ധിക്കപ്പെട്ട അങ്ങേ ദാസരെ പരിശുദ്ധാത്മാവിന്റെ അഗ്നിയാൽ ഉജ്ജ്വലിപ്പിക്കുകയും അങ്ങേ പുത്രനോട് നിത്യമായ സഹവാസത്തിൽ ഒന്നിപ്പിക്കുകയും ചെയ്യണമേ. എന്നെന്നും...

## ദിവ്യപൂജയുടെ സമാപനത്തിലെ ആശീർവാദം

പുരോഹിതൻ, വ്രതപ്രതിജ്ഞചെയ്യുന്നവരുടെമേൽ കൈകൾ വിരിച്ചുപിടിച്ച് ചൊല്ലുന്നു:

സത്പ്രതിജ്ഞകളുടെ പ്രചോദകനായ ദൈവം, നിങ്ങൾ ചെയ്ത വ്രതപ്രതിജ്ഞകൾ നിലനില്ക്കുന്ന വിശ്വാസത്തോടെ കാത്തുപാലിക്കാൻ, നിങ്ങളുടെ വ്രതങ്ങൾ ദൃഢീകരിക്കുകയും ഹൃദയങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ

നിങ്ങൾ തിരഞ്ഞെടുത്തിരിക്കുന്ന ഇടുങ്ങിയ വഴിയിലൂടെ, സഹോദരരുടെ ഭാരങ്ങൾ ആഹ്ലാദപൂർവം വഹിച്ചുകൊണ്ട്, ക്രിസ്തുവിന്റെ സന്തോഷത്തിൽ മുന്നേറാൻ അവിടന്ന് നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ

കർത്താവിന്റെ നാമത്തിൽ ഒരുമിച്ചുകൂടിയിരിക്കുന്ന നിങ്ങളെ ക്രിസ്തുസ്നേഹത്തിന്റെ പ്രതീകം പ്രതിഫലിപ്പിക്കുന്ന ഒരു കുടുംബമായിത്തീരാൻ ദൈവസ്നേഹം നിങ്ങളെ ഇടയാക്കുമാറാകട്ടെ.

R. ആമേൻ

കാർമികൻ, ഇപ്രകാരം കൂട്ടിച്ചേർത്തുകൊണ്ട്, സകല ജനങ്ങളെയും ആശീർവദിക്കുന്നു:

ഈ തിരുകർമങ്ങൾക്കായി കൂടിയിരിക്കുന്ന നിങ്ങളെ എല്ലാവരെയും സർവശക്തനായ ദൈവം പിതാവും ✠പുത്രനും ✠ പരിശുദ്ധാത്മാവും ✠അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ

## B

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 65,13-14**

ദഹനബലിയുമായി ഞാൻ അങ്ങയുടെ ആലയത്തിൽ വരും; എന്റെ അധരങ്ങൾകൊണ്ട് അങ്ങയോടു നേർന്ന എന്റെ പ്രതിജ്ഞ കൾ ഞാൻ നിറവേറ്റും (പെസഹാക്കാലത്ത്, അല്ലേലൂയാ).

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

**സമിതിപ്രാർഥന**

കർത്താവേ, പരിശുദ്ധനായ പിതാവേ, അങ്ങേ ദാസരായ N. ന്റെയും N. ന്റെയും പ്രതിജ്ഞ കാരുണ്യപൂർവം സ്ഥിരീകരിക്കു കയും നവബന്ധങ്ങളാൽ ശക്തിപ്പെടുത്താൻ അവർ ആഗ്രഹിക്കുന്ന ജ്ഞാനസ്നാനത്തിന്റെ കൃപ, അതിന്റെ സമ്പൂർണഫലം അവരിൽ ഉളവാക്കാൻ ഇടയാക്കുകയും ചെയ്യണമേ. അതുവഴി, അങ്ങേ മഹി മയ്ക്ക് അർഹമായ ആരാധന അവർ നല്കുകയും അപ്പോസ്തലിക തീക്ഷ്ണതയാൽ ക്രിസ്തുവിന്റെ രാജ്യം വ്യാപിപ്പിക്കുകയും ചെയ്യു മാറാകട്ടെ. അങ്ങയോടുകൂടെ...

നിർദേശങ്ങൾക്കനുസരിച്ച് വിശ്വാസപ്രമാണം ചൊല്ലുന്നു; വിശ്വാസികളുടെ പ്രാർഥന വിട്ടുകളയുന്നു.

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ ദാസരുടെ കാഴ്ചദ്രവ്യങ്ങൾ കാരുണ്യ പൂർവം സ്വീകരിക്കുകയും പരിത്രാണത്തിന്റെ കൂദാശയായി രൂപാന്തര പ്പെടുത്തുകയും ചെയ്യണമേ. അങ്ങേ പുത്രനെ കൂടുതൽ അടുത്ത് അനുകരിക്കുന്നതിന്, പിതൃനിർവിശേഷമായ പരിപാലനത്താൽ അങ്ങ് വിളിക്കാൻ തിരുവുള്ളമായ ഇവരെ പരിശുദ്ധാത്മാവിന്റെ ദാന ങ്ങൾകൊണ്ട് നിറയ്ക്കുകയും ചെയ്യണമേ. കർത്താവായ...

പ്രത്യേക ആമുഖഗീതിയും(p) മധ്യസ്ഥപ്രാർഥനകളും (p) ചൊല്ലുന്നു.

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 33, 9**

കർത്താവ് എത്ര നല്ലവനെന്ന് രുചിച്ചറിയുവിൻ, അവിടത്തെ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാർഥന

കർത്താവേ, വ്രതപ്രതിജ്ഞയുടെ ഇന്നത്തെ ഈ തിരുനാളും ദിവ്യകൂദാശയുടെ ഭക്ത്യപൂർവകമായ സ്വീകരണവും ഞങ്ങളെ ആനന്ദഭരിതരാക്കട്ടെ. അങ്ങനെ, ഭക്തിയുടെ ദ്വിവിധധർമങ്ങളായ സഭയെയും മനുഷ്യരെയും ശുശ്രൂഷിക്കുന്നതിൽ അങ്ങേ ദാസരുടെ ഹൃദയങ്ങൾ സ്നേഹതീക്ഷ്ണതയാൽ ഉദ്ദീപിപ്പിക്കാൻ കാരുണ്യപൂർവം അനുഗ്രഹിക്കണമേ. കർത്താവായ...

## ദിവ്യപൂജയുടെ സമാപനാശീർവാദം

പുരോഹിതൻ, നവവ്രതപ്രതിജ്ഞചെയ്തവരുടെമേൽ കൈകൾ വിരിച്ചുപിടിച്ച് പറയുന്നു:

ദിവ്യപ്രതിജ്ഞയുടെ പ്രചോദകനും നിർവാഹകനുമായ ദൈവം, നിങ്ങളുടെ ദൈവവിളിയുടെ ധർമങ്ങൾ വിശ്വസ്തമനസ്സോടെ നിറവേറ്റാൻ, തന്റെ കൃപയാൽ നിരന്തരം നിങ്ങളെ പരിപാലിക്കുമാറാകട്ടെ.

R. ആമേൻ

അവിടന്ന് നിങ്ങളെ ദിവ്യസ്നേഹത്തിന്റെ പങ്കാളികളും എല്ലാ ജനതകളുടെയും മുമ്പാകെ അതിന്റെ സാക്ഷികളും അടയാളങ്ങളുമായിത്തീരാൻ ഇടയാക്കുമാറാകട്ടെ.

R. ആമേൻ

ഭൂമിയിൽ നിങ്ങളെ ക്രിസ്തുവുമായി ഒന്നാക്കിത്തീർത്ത ഉടമ്പടി സ്വർഗത്തിൽ കനിവാർന്ന് നിലനിർത്തുമാറാകട്ടെ.

R. ആമേൻ

കാർമികൻ ഇപ്രകാരം കൂട്ടിച്ചേർത്തുകൊണ്ട് സകല ജനങ്ങളെയും ആശീർവദിക്കുന്നു:

ഈ തിരുക്കർമങ്ങളിൽ പങ്കുകൊണ്ട നിങ്ങളെയെല്ലാവരെയും സർവശക്തനായ ദൈവം പിതാവും പുത്രനും ✠പരിശുദ്ധാത്മാവും അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ

സന്ന്യാസവ്രതവാഗ്ദാനത്തിന്റെ വാർഷികത്തിലുള്ള ദിവ്യപൂജ വിവിധ ആവശ്യങ്ങൾക്കുവേണ്ടിയുള്ള ദിവ്യപൂജകളിൽ കൊടുത്തിരിക്കുന്നു (pp).

# 3. സന്ന്യാസവ്രതനവീകരണം

പ്രവേശകപ്രഭണിതവും ദിവ്യഭോജനപ്രഭണിതവും മുകളിൽ കൊടുത്തിട്ടുള്ള ദിവ്യപൂജകളിൽനിന്ന്, സന്ദർഭോചിതം, ഒരെണ്ണം തിരഞ്ഞെടുക്കാവുന്നതാണ് (pp).

## സമിതിപ്രാർഥന

സർവചരാചരങ്ങളുടെയും പരിപാലകനും മനുഷ്യരുടെ നിയന്താവുമായ ദൈവമേ, തങ്ങളുടെ സമർപ്പണം സ്ഥിരീകരിക്കാൻ ആഗ്രഹിക്കുന്ന അങ്ങേ ഈ മക്കളെ കടാക്ഷിക്കണമേ. അങ്ങനെ, അനുദിനം സഭാരഹസ്യവുമായി കൂടുതൽ ഗാഢമായി അവർ ഐക്യപ്പെടാനും മാനവകുടുംബത്തിന്റെ നന്മയ്ക്കായി കൂടുതൽ തീക്ഷ്ണതയോടെ യത്നിക്കാനും അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ ജനത്തിന്റെ കാണിക്കകളോടൊപ്പം ഞങ്ങളുടെ ഈ സഹോദരരുടെ ചാരിത്യം, ദാരിദ്ര്യം, അനുസരണം എന്നിവയുടെ നവീകരിക്കപ്പെട്ട സമർപ്പണവും കനിവോടെ അങ്ങ് കടാക്ഷിക്കണമേ. ഈ ഐഹികദാനങ്ങൾ നിത്യജീവന്റെ കൂദാശയായി രൂപാന്തരപ്പെടുത്തുകയും ഈ സമർപ്പണം നടത്തുന്നവരുടെ മാനസങ്ങൾ അങ്ങേ പുത്രന്റെ സാദൃശ്യത്തിലേക്ക് അനുരൂപപ്പെടുത്തുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. എന്നെന്നും...

പ്രത്യേക ആമുഖഗീതി (pp).

## ദിവ്യഭോജനപ്രാർഥന

കർത്താവേ, സ്വർഗീയകൂദാശകൾ സ്വീകരിച്ചുകൊണ്ട്, അങ്ങയോട് ഞങ്ങൾ കേണപേക്ഷിക്കുന്നു. ഉന്നതത്തിൽനിന്നുള്ള അങ്ങേ കൃപയിൽ പൂർണമായും ആശ്രയിച്ചുകൊണ്ട് പ്രതിജ്ഞകൾ തീക്ഷ്ണതയോടെ നവീകരിച്ച അങ്ങേ ഈ ദാസർ, ക്രിസ്തുവിന്റെ ശക്തിയാൽ ബലപ്പെടുകയും പരിശുദ്ധാത്മാവിന്റെ സംരക്ഷണത്താൽ ശക്തിപ്പെടുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

# IX. വചന ശുശ്രൂഷകരുടെയും അൾത്താര ശുശ്രൂഷകരുടെയും അവരോധനം

അവരോധനകർമം ദിവ്യപൂജയിലാണ് നടക്കുന്നതെങ്കിൽ, സഭാശുശ്രൂഷകർക്കുവേണ്ടിയുള്ള ദിവ്യപൂജ, വെള്ളനിറത്തോടെയോ തിരുനാൾ നിറത്തോടെയോ ഉപയോഗിക്കാവുന്നതാണ് (pp).

ആരാധനക്രമ ദിവസങ്ങളുടെ പട്ടികയിൽ ഒന്നുമുതൽ ഒമ്പതുവരെയുള്ള നമ്പറുകളിൽ ക്രമപ്പെടുത്തിയിരിക്കുന്ന ദിവസങ്ങളിലാണ് നടക്കുന്നതെങ്കിൽ, ആ ദിവസത്തെ ദിവ്യപൂജ ചൊല്ലുന്നു.

# X. ദൈവാലയത്തിന്റെയും അൾത്താരയുടെയും പ്രതിഷ്ഠ

## 1. ദൈവാലയപ്രതിഷ്ഠ

ദൈവാലയപ്രതിഷ്ഠ നടത്തുമ്പോൾ, വെള്ളനിറത്തോടെയോ തിരുനാൾ നിറത്തോടെയോ പ്രത്യേക കർമാനുഷ്ഠാനപൂജ എപ്പോഴും ഉപയോഗിക്കുന്നു. പെസഹാ ത്രിദിനത്തിലും കർത്താവിന്റെ പിറവിത്തിരുനാളിലും പ്രത്യക്ഷീകരണതിരുനാളിലും സ്വർഗാരോഹണതിരുനാളിലും പെന്തക്കൊസ്താഞായറിലും വിഭൂതിബുധനാഴ്ചയിലും വിശുദ്ധവാരത്തിലെ ഇടദിവസങ്ങളിലും സകല മരിച്ചവിശ്വാസികളുടെ സ്മരണയിലും ദൈവാലയപ്രതിഷ്ഠ നടത്താൻ പാടുള്ളതല്ല.

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 67, 6.7.36**

ദൈവം തന്റെ വിശുദ്ധ സ്ഥലത്തിലാണ്; ദൈവം തന്റെ ഭവനത്തിൽ വസിക്കുന്നവരെ ഒന്നാക്കിത്തീർക്കുന്നു; അവിടന്നു തന്റെ ജനത്തിനു ശക്തിയും ധൈര്യവും നല്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ, സങ്കീർത്തനം 121–നോടുകൂടെ **Cf.സങ്കീ 121,1**

കർത്താവിന്റെ ആലയത്തിലേക്ക് സന്തോഷത്തോടെ നമുക്കു പോകാം (പെസഹാക്കാലത്ത്, അല്ലേലൂയാ).

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, ഈ ആലയത്തിനുമേൽ അങ്ങേകൃപ ചൊരിയുകയും അങ്ങയെ വിളിച്ചപേക്ഷിക്കുന്നവർക്കെല്ലാം അങ്ങേ സഹായം പ്രദാനംചെയ്യുകയും ചെയ്യണമേ. അങ്ങനെ, ഇവിടെ അങ്ങേ വചനത്തിന്റെയും കൂദാശകളുടെയും ശക്തി വിശ്വാസികളുടെ ഹൃദയങ്ങൾ സ്ഥിരീകരിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു, വിശ്വാസികളുടെ പ്രാർഥന വിട്ടുകളയുന്നു.

## നൈവേദ്യപ്രാർഥന

കർത്താവേ, സന്തോഷഭരിതയായ സഭയുടെ കാണിക്കകൾ അങ്ങേക്ക് സ്വീകാര്യമായിത്തീരട്ടെ. അങ്ങനെ, ഈ വിശുദ്ധാലയത്തിൽ ഒരുമിച്ചുകൂടിയിരിക്കുന്ന അങ്ങേ ജനം ഈ ദിവ്യരഹസ്യങ്ങൾവഴി, നിത്യരക്ഷ സംപ്രാപിക്കുമാറാകട്ടെ. കർത്താവായ...

ദൈവാലയ പ്രതിഷ്ഠാകർമത്തോട് ബന്ധമുള്ള ഈ ആമുഖഗീതിയോടുകൂടെ ഒന്നാമത്തെയോ മൂന്നാമത്തെയോ സ്തോത്രയാഗപ്രാർഥന ചൊല്ലുന്നു.

ആമുഖഗീതി: ദൈവാലയ രഹസ്യം

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടും കൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**ങ്ങേ നാമം എല്ലായിടത്തും പ്രകീർത്തിക്കപ്പെടാനായി, പ്രപഞ്ചമാസകലം അങ്ങേ മഹത്ത്വത്തിന്റെ ആലയമാകാൻ അങ്ങ് ഇടയാക്കി; എങ്കിലും, ദിവ്യരഹസ്യങ്ങൾക്കായി അനുയുക്തമായ സ്ഥലങ്ങൾ അങ്ങേക്കുപ്രതിഷ്ഠിക്കാൻ അങ്ങ് തിരുവുള്ളമാകുന്നുവല്ലോ.

**ആ**കയാൽ, മനുഷ്യപ്രയത്നത്താൽ പടുത്തുയർത്തിയ ഈ പ്രാർഥനാലയം അങ്ങേ മഹിമയ്ക്കായി ഞങ്ങൾ സാമോദം പ്രതിഷ്ഠിക്കുന്നു.

**ഇ**വിടെ യഥാർഥ ആലയത്തിന്റെ രഹസ്യം പ്രതിബിംബിക്കുകയും സ്വർഗീയജറുസലേമിന്റെ സാദൃശ്യം പ്രതിഫലിക്കുകയും ചെയ്യുന്നു.

**വ**ത്സലകന്യകയിൽനിന്നു ജാതനായ അങ്ങേ പുത്രന്റെ ശരീരം, ദൈവികത്വത്തിന്റെ പൂർണത അധിവസിക്കുന്ന, അങ്ങേക്കു പ്രതി ഷ്ഠിതമായ ആലയമാകാൻ അങ്ങ് ഇടയാക്കി.

**മാ**ത്രമല്ല, സഭയെ അപ്പസ്തോലന്മാരുടെ അടിസ്ഥാനത്തിന്മേലും പ്രധാന മൂലക്കല്ലായ യേശുക്രിസ്തുവിൽത്തന്നെയും പണിയപ്പെട്ട വിശുദ്ധനഗരമായി അങ്ങ് സ്ഥാപിച്ചുവല്ലോ. ആത്മാവാൽ ഉജ്ജീ വിതവും സ്നേഹത്താൽ ഒന്നിപ്പിക്കപ്പെട്ടവയുമായ തിരഞ്ഞെടുക്ക പ്പെട്ട ശിലകളാൽ നിർമിതമായ ഈ ആലയത്തിൽ, അങ്ങ് എക്കാ ലവും എല്ലാവർക്കും എല്ലാമായിത്തീരുകയും ക്രിസ്തുവിന്റെ പ്രകാശം എന്നേക്കും ഉജ്ജ്വലിപ്പിക്കുകയും ചെയ്യുമല്ലോ.

**ക**ർത്താവേ, അവിടന്നുവഴി, സകല മാലാഖമാരോടും വിശുദ്ധ രോടുമൊത്ത്, ആഹ്ലാദഭരിതരായി അങ്ങയെ പ്രകീർത്തിച്ചുകൊണ്ട്, ഞങ്ങൾ പ്രഘോഷിക്കുന്നു.

പരിശുദ്ധൻ...

---

പതിവനുസരിച്ച് ദൈവാലയത്തിൽ തിരുകർമങ്ങൾ അനുഷ്ഠിച്ചുകൊ ണ്ടിരിക്കുകയാണെങ്കിൽ, ഈ ആമുഖഗീതിയോടുകൂടെ ഒന്നാമത്തെയോ മൂന്നാമത്തെയോ സ്തോത്രയാഗപ്രാർഥന ചൊല്ലുന്നു.

ആമുഖഗീതി: ഭൗതികാലയത്തിൽനിന്ന് ദൈവത്തിന്റെ ആലയത്തിലേക്ക്

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടുംകൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനു മായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങു മെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാ ണല്ലോ.

**എ**ന്തെന്നാൽ, പണിതുയർത്താൻ അങ്ങ് ഞങ്ങൾക്ക് കനിഞ്ഞരുളിയ ദൃശ്യമായ ഈ ഭവനത്തിൽ, അങ്ങിലേക്ക് തീർഥാടനം ചെയ്യുന്ന കുടുംബങ്ങളെ സഹായിക്കാൻ അങ്ങ് ഒരിക്കലും വിരമിക്കാത്ത ഈ സ്ഥലത്തിൽ, അങ്ങയോടൊപ്പമുള്ള ഞങ്ങളുടെ സംസർഗത്തിന്റെ രഹസ്യം അദ്ഭുതകരമാംവിധം അങ്ങ് പ്രകടമാക്കുകയും നിവർത്തിക്കുകയും ചെയ്യുന്നുവല്ലോ; ഇവിടെ, അങ്ങേക്കുവേണ്ടി ഞങ്ങളാകുന്ന ഭവനം അങ്ങ് പണിയുകയും ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന സഭയെ, സ്വർഗീയനഗരമായ ജറുസലേമിൽ, സമാധാനത്തിന്റെ ദർശനത്തിൽ പൂർത്തീകരിക്കപ്പെടുന്നതുവരെ, കർത്താവിന്റെ ശരീരത്തിലേക്ക് ഒന്നായി വളരാൻ ഇടയാക്കുകയും ചെയ്യുന്നു.

**ആ**കയാൽ, വിശുദ്ധഗണങ്ങളോടുചേർന്ന്, അങ്ങേ മഹത്ത്വത്തിന്റെ ആലയത്തിൽ, ഇപ്രകാരം പ്രകീർത്തിച്ചുകൊണ്ട് ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും വാഴ്ത്തിപ്പുകഴ്ത്തുകയും ചെയ്തുകൊണ്ട്, മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നു.

പരിശുദ്ധൻ...

---

സ്തോത്രയാഗപ്രാർഥനകളിൽ, ദൈവാലയ പ്രതിഷ്ഠ, താഴെക്കൊടുത്തിരിക്കുന്ന രൂപങ്ങൾക്കനുസരിച്ച് അനുസ്മരിക്കപ്പെടുന്നു.

(a) ഒന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ, പ്രത്യേക ഉപാർപ്പണപ്രാർഥന (Hanc igitur) ചൊല്ലുന്നു:

അതിനാൽ കർത്താവേ, വിശ്വസ്തമനസ്സോടെ ഈ ദൈവാലയം N. ന്റെ ബഹുമാനാർഥം അങ്ങേക്ക് അർപ്പിക്കുകയും അക്ഷീണപരിശ്രമത്താൽ അത് പണിതുയർത്തുകയും ചെയ്ത അങ്ങേ ദാസരുടെയും ഞങ്ങളുടെ സേവനത്തിന്റെയും ഈ കാഴ്ചദ്രവ്യം സംപ്രീതിയോടെ അങ്ങ് സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു (ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളേണമേ, ആമേൻ).

(b) മൂന്നാമത്തെ സ്തോത്രയാഗപ്രാർഥനയുടെ മധ്യസ്ഥപ്രാർഥനകളിൽ, സ്നേഹത്തിലും ഉറപ്പിക്കാൻ കനിയണമേ എന്നീ വാക്കുകൾക്കുശേഷം പറയുന്നു:

ഈ ദൈവാലയം അങ്ങേക്കു പ്രതിഷ്ഠിക്കുന്ന ഈ കുടുംബത്തിന്റെ അപേക്ഷകൾ ദയാപൂർവം കേട്ടരുളണമേ. ഇത് ഇവർക്ക് രക്ഷയുടെ ഭവനവും സ്വർഗീയകൂദാശകളുടെ വേദിയും ആയിരിക്കട്ടെ; സമാധാനത്തിന്റെ സുവിശേഷം ഇവിടെ മുഴങ്ങിക്കേൾക്കുകയും ദിവ്യരഹസ്യങ്ങൾ ആഘോഷിക്കപ്പെടുകയും ചെയ്യട്ടെ. അതുവഴി, അങ്ങേ വിശ്വാസികൾ, ജീവന്റെ വചനത്താലും ദിവ്യകൃപയാലും ഉദ്ബോധിതരായി, ഐഹികനഗരിയിലൂടെ തീർഥാടനം ചെയ്തുകൊണ്ട്, ശാശ്വതജറുസലേമിൽ എത്തിച്ചേരാൻ അർഹരാകട്ടെ. കാരുണ്യവാനായ പിതാവേ, എല്ലായിടത്തും ചിതറിക്കിടക്കുന്ന അങ്ങയുടെ എല്ലാ മക്കളെയും അങ്ങിലേക്ക് ദയാപൂർവം ഒന്നിപ്പിക്കണമേ.

മൃതിയടഞ്ഞ ഞങ്ങളുടെ സഹോദരരെയും...

**ദിവ്യഭോജനപ്രഭണിതം** **Cf.മത്താ21, 13; ലൂക്കാ 11,10**

കർത്താവ് അരുൾചെയ്യുന്നു: എന്റെ ഭവനം പ്രാർഥനാലയം എന്ന് വിളിക്കപ്പെടും. അവിടെ ചോദിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന് തുറന്നുകിട്ടുകയും ചെയ്യുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ, **Cf. സങ്കീ 127,3**

ഒലിവുതൈകൾപോലെ, സഭാമക്കൾ കർത്താവിന്റെ മേശയ്ക്കുചുറ്റും ഒരുമിച്ചുകൂടട്ടെ (പെസഹാക്കാലത്ത്, അല്ലേലൂയാ).

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഞങ്ങൾ സ്വീകരിച്ച ഈ ദിവ്യദാനങ്ങൾവഴി, അങ്ങേ സത്യം ഞങ്ങളുടെ മാനസങ്ങളിൽ സമൃദ്ധമായി നിറയ്ക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഈ വിശുദ്ധാലയത്തിൽ, അങ്ങയെ ഞങ്ങൾ നിരന്തരം ആരാധിക്കുകയും അങ്ങേ സന്നിധിയിൽ എല്ലാ വിശുദ്ധരോടുമൊത്ത് നിത്യനിർവൃതിയടയുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## ദിവ്യപൂജയുടെ സമാപനാശീർവാദം

മെത്രാൻ, ജനങ്ങളുടെമേൽ കൈകൾ വിരിച്ചുപിടിച്ച് ചൊല്ലുന്നു:

ഇന്ന് ഈ ഭവനത്തിന്റെ പ്രതിഷ്ഠാകർമത്തിൽ നിങ്ങളെ ഒരുമിച്ചുകൂട്ടിയ സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവായ ദൈവം സ്വർഗീയാനുഗ്രഹങ്ങളാൽ നിങ്ങൾ പൂരിതരാകാൻ ഇട യാക്കുമാറാകട്ടെ.

R. ആമേൻ

ചിതറിക്കപ്പെട്ട മക്കളെല്ലാവരും തന്റെ പുത്രനിൽ ഒരു മിച്ചുകൂടാൻ തിരുമനസ്സായ അവിടന്ന്, നിങ്ങളെ അവിടത്തെ ഭവ നവും പരിശുദ്ധാത്മാവിന്റെ വാസസ്ഥലവുമായി ഭവിക്കാൻ അനു ഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ

സന്തോഷപൂർവം ശുദ്ധീകരിക്കപ്പെട്ട്, നിങ്ങളിൽത്തന്നെ ദൈവം വസിക്കാനും നിത്യാനന്ദത്തിന്റെ അവകാശം എല്ലാ വിശു ദ്ധരോടൊപ്പം നിങ്ങൾ കൈവരിക്കാനും ഇടയാകുമാറാകട്ടെ.

R. ആമേൻ

പിതാവും ✠പുത്രനും ✠ പരിശുദ്ധാത്മാവുമായ ✠സർവ ശക്തനായ ദൈവത്തിന്റെ അനുഗ്രഹം നിങ്ങളിൽ വന്നണയുകയും എന്നും നിലനില്ക്കുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ

പ്രതിഷ്ഠയുടെ വാർഷികത്തിനുള്ള ദിവ്യപൂജ പൊതുപ്രാർഥനകളിൽ കാണാ വുന്നതാണ് (pp).

## 2. അൾത്താരപ്രതിഷ്ഠ

അൾത്താരപ്രതിഷ്ഠ നടത്തുമ്പോൾ വെള്ളനിറത്തോടെയോ തിരുനാൾ നിറത്തോടെയോ പ്രത്യേക കർമാനുഷ്ഠാനപൂജ എപ്പോഴും ഉപയോഗിക്കുന്നു. പെസഹാത്രിദിനത്തിലും വിഭൂതി ബുധനാഴ്ചയിലും വിശുദ്ധവാരത്തിലെ ഇട ദിവസങ്ങളിലും സകല മരിച്ചവിശ്വാസികളുടെ സ്മരണയിലും അൾത്താര പ്രതിഷ്ഠ നടത്താൻ പാടുള്ളതല്ല. കർത്താവിന്റെ പിറവിത്തിരുനാളിലും പ്രത്യക്ഷീകരണതിരുനാളിലും സ്വർഗാരോഹണതിരുനാളിലും പെന്തക്കൊസ്താ ഞായറിലും അതുപോലെതന്നെ, ആഗമനകാലത്തെയും തപസ്സുകാലത്തെയും പെസഹാക്കാലത്തെയും ഞായറാഴ്ചകളിലും ഈ കർമത്തോട് ഗാഢമായി ബന്ധപ്പെട്ടിരിക്കുന്ന നൈവേദ്യപ്രാർഥനയും ആമുഖഗീതിയുമൊഴികേ, അതതുദിവസത്തെ ദിവ്യപൂജ ഉപയോഗിക്കുന്നു.

**പ്രവേശകപ്രഭണിതം** **സങ്കീ 83,10-11**

ഞങ്ങളുടെ പരിചയായ ദൈവമേ, അങ്ങേ അഭിഷിക്തന്റെ മുഖം കടാക്ഷിക്കണമേ, അന്യസ്ഥലത്ത് ആയിരം ദിവസത്തെക്കാൾ അങ്ങയുടെ സങ്കേതത്തിൽ ഒരു ദിവസം ആയിരിക്കുന്നത് കൂടുതൽ അഭികാമ്യമാണ്. (പെസഹാക്കാലത്ത്, അല്ലേലൂയാ)

അഥവാ **സങ്കീ 42,4**

ദൈവത്തിന്റെ അൾത്താരയിങ്കലേക്ക്, എന്റെ യുവത്വത്തെ സന്തോഷിപ്പിക്കുന്ന ദൈവത്തിങ്കലേക്ക് ഞാൻ ചെല്ലും. (പെസഹാക്കാലത്ത്, അല്ലേലൂയാ).

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർഥന**

ദൈവമേ, കുരിശിന്റെ അൾത്താരയിൽ ഉയർത്തപ്പെട്ട അങ്ങേ പുത്രനിലേക്ക് സകലത്തെയും സമാകർഷിക്കാൻ അങ്ങ് തിരുവുള്ളമായല്ലോ. ഈ അൾത്താരയെ അങ്ങേക്ക് സമർപ്പിക്കുന്ന അങ്ങേ സഭയെ സ്വർഗീയകൃപാവരത്താൽ അങ്ങ് നിറയ്ക്കണമേ. ഈ അൾത്താരമേശയിലാണല്ലോ ഒന്നായി ഒരുമിച്ചുകൂട്ടപ്പെട്ട അങ്ങേ വിശ്വാസികളെ അങ്ങേ പരിപാലനത്താൽ അങ്ങ് പരിപോഷിപ്പിക്കുകയും ആത്മാവിന്റെ വർഷത്താൽ അനുദിനം അങ്ങേക്ക് പ്രതിഷ്ഠിതമായ ഒരു ജനമായി അവരോധിക്കുകയും ചെയ്യുന്നത്. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു വിശ്വാസികളുടെ പ്രാർഥന വിട്ടുകളയുന്നു.

## നൈവേദ്യപ്രാർഥന

ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങേ പരിശുദ്ധാത്മാവ് ഈ അൾത്താരയുടെമേൽ ഇറങ്ങിവന്ന് അങ്ങേ ജനത്തിന്റെ കാഴ്ചദ്രവ്യങ്ങൾ പവിത്രീകരിക്കുകയും അവ സ്വീകരിക്കുന്നവരുടെ ഹൃദയങ്ങൾ കനിവോടെ ശുദ്ധീകരിക്കുകയുംചെയ്യട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

അൾത്താരപ്രതിഷ്ഠയോട് ഗാഢമായി ബന്ധപ്പെട്ട ഈ ആമുഖഗീതിയോടുകൂടെ ഒന്നാമത്തെയോ മൂന്നാമത്തെയോ സ്തോത്രയാഗപ്രാർഥന ചൊല്ലുന്നു.

ആമുഖഗീതി: ക്രിസ്തുതന്നെയാണ് അൾത്താര

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടും കൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**യ**ഥാർഥ പുരോഹിതനും യഥാർഥ ബലിവസ്തുവുമായിത്തീർന്ന്, അവിടന്ന് തന്നത്തന്നെ കുരിശിന്റെ അൾത്താരയിൽ അങ്ങേക്കർപ്പിച്ച ബലിയുടെ സ്മരണ എന്നും ആഘോഷിക്കാൻ ഞങ്ങളോട് അങ്ങ് കല്പിച്ചുവല്ലോ.

**ആ**കയാൽ, കർത്താവേ, അങ്ങേ ജനം പണിതുയർത്തിയ ഈ അൾത്താര അങ്ങേക്ക് ഞങ്ങൾ ആഹ്ലാദപൂർവം പ്രതിഷ്ഠിക്കുന്നു.

**ദി**വ്യരഹസ്യത്താൽ ക്രിസ്തുവിന്റെ ബലി നിരന്തരം അർപ്പിക്കപ്പെടുന്നതും പരിപൂർണസ്തുതി അങ്ങേക്ക് സമർപ്പിക്കപ്പെടുന്നതും ഞങ്ങളുടെ പരിത്രാണം നിർവഹിക്കപ്പെടുന്നതുമായ ഇവിടം യഥാർഥത്തിൽ ഉന്നതസ്ഥലമാണ്.

**ഇ**വിടെയാണ് കർത്താവിന്റെ മേശ ഒരുക്കപ്പെടുകയും ക്രിസ്തുവിന്റെ ശരീരത്താൽ പരിപോഷിതരായ അങ്ങേ മക്കൾ ഏകവും വിശുദ്ധവുമായ സഭയിൽ ഒന്നാക്കപ്പെടുകയും ചെയ്യുന്നത്.

**ഇ**വിടെയാണ് വിശ്വാസികൾ, ആത്മീയശിലയായ ക്രിസ്തുവിൽനിന്നു നിർഗളിക്കുന്ന ഉറവയിൽനിന്ന് അങ്ങേ ആത്മാവിനെ പാനംചെയ്യുന്നതും അവിടന്നുവഴി അവർതന്നെയും വിശുദ്ധ ബലിവസ്തുവും സജീവ ബലിപീഠവുമായിത്തീരുന്നതും.

**ആ**കയാൽ, കർത്താവേ, സകല മാലാഖമാരോടും വിശുദ്ധരോടുമൊത്ത്, ആഹ്ലാദഭരിതരായി അങ്ങയെ പ്രകീർത്തിച്ചുകൊണ്ട് ഞങ്ങളും പ്രഘോഷിക്കുന്നു.

പരിശുദ്ധൻ...

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 83,4-5**

ബലവാനായ കർത്താവേ, എന്റെ രാജാവേ, എന്റെ ദൈവമേ, കുരുകിൽപക്ഷി ഒരു സങ്കേതവും മീവൽപക്ഷി തന്റെ കുഞ്ഞുങ്ങൾക്കുവേണ്ടി ഒരു കൂടും അങ്ങയുടെ അൾത്താരയിങ്കൽ കണ്ടെത്തുന്നുവല്ലോ. എന്നേക്കും അങ്ങയെ സ്തുതിച്ചുകൊണ്ട് അങ്ങേ ഭവനത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ, **Cf. സങ്കീ 127, 3**

ഒലിവുതൈകൾപോലെ, സഭാമക്കൾ കർത്താവിന്റെ മേശയ്ക്കുചുറ്റും ഒരുമിച്ചുകൂടട്ടെ (പെസഹാക്കാലത്ത്, അല്ലേലൂയാ).

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ബലിയുടെ കൂദാശ ആഘോഷിക്കപ്പെടുന്ന അങ്ങേ അൾത്താരയോട് സദാ ചേർന്നുനില്ക്കാൻ ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. അങ്ങനെ, വിശ്വാസത്തിലും സ്നേഹത്തിലും ഐക്യപ്പെട്ട്, ക്രിസ്തുവാൽ പരിപോഷിതരാകുന്ന ഞങ്ങൾ, ക്രിസ്തുവിലേക്ക് രൂപാന്തരപ്പെടുമാറാകട്ടെ. എന്നെന്നും...

## ദിവ്യപൂജയുടെ സമാപനാശീർവാദം

മെത്രാൻ, ജനങ്ങളുടെമേൽ കൈകൾ വിരിച്ചുപിടിച്ച് ചെല്ലുന്നു:

രാജകീയ പൗരോഹിത്യത്താൽ നിങ്ങളെ അലങ്കരിക്കുന്ന ദൈവം, നിങ്ങളുടെ ധർമങ്ങൾ വിശുദ്ധിയോടെ നിർവഹിച്ചുകൊണ്ട്, ക്രിസ്തുവിന്റെ ബലിയിൽ സമുചിതം പങ്കെടുക്കാൻ നിങ്ങളെ പ്രാപ്തരാക്കുമാറാകട്ടെ.

R. ആമേൻ

ഒരേ മേശയിലേക്ക് നിങ്ങളെ ഒരുമിച്ചുകൂട്ടുകയും ഒരേ അപ്പത്താൽ പരിപോഷിപ്പിക്കുകയും ചെയ്യുന്ന അവിടന്ന് നിങ്ങൾ ഒരേ ഹൃദയവും ഒരേ മനസ്സുമുള്ളവരാകാൻ ഇടയാക്കുമാറാകട്ടെ.

R. ആമേൻ

ക്രിസ്തുവിനെ ആരോടെല്ലാം നിങ്ങൾ പ്രഘോഷിക്കുന്നുവോ, അവരെയെല്ലാം, നിങ്ങളുടെ സ്നേഹത്തിന്റെ മാതൃകയാൽ ക്രിസ്തുവിലേക്ക് ആനയിക്കാൻ അവിടന്ന് നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ

പിതാവും ✠പുത്രനും ✠പരിശുദ്ധാത്മാവുമായ ✠സർവശക്തനായ ദൈവത്തിന്റെ അനുഗ്രഹം നിങ്ങളിൽ വന്നണയുകയും എന്നും നിലനില്ക്കുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ